# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2015 നവംബർ 30, തിങ്കൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--367]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| മുഖ്യമന്ത്രി | : 1 മുതൽ 166 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : 167 മുതൽ 219 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : 220 മുതൽ 323 വരെ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : 324 മുതൽ 367 വരെ |

### മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

1. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഓരോ ജില്ലയിലും പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

### തീരുമാനം എടുക്കാനുള്ള ഫയലുകൾ

2. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ.എം.മാണി രാജി വച്ച് ഒഴിയുമ്പോൾ, അദ്ദേഹത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്ന എത്ര ഫയലുകളിൽ തീരുമാനം എടുക്കാൻ ബാക്കി നിൽപ്പുണ്ടായിരുന്നു;

(ബി) രാജി വച്ച ദിവസവും തലേ ദിവസവും അതിന് ശേഷവും എത്ര ഫയലുകളിൽ മന്ത്രി തീരുമാനങ്ങൾ എടുക്കുകയുണ്ടായി; തീരുമാനം എടുക്കാതെ തിരിച്ചയച്ച ഫയലുകൾ എത്ര;

(സി) ധനകാര്യ വകുപ്പ് മന്ത്രി തീരുമാനം എടുത്തയച്ച എത്ര ഫയലുകൾ മുഖ്യമന്ത്രി കാണുന്നതിലേക്ക് തിരികെ വിളിച്ചിട്ടുണ്ട്?

### സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും റിലയൻസ് അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിയുമായുള്ള കരാർ

3. **ശ്രീ.സി.ദിവാകരൻ**
**ശ്രീമതി.ഇ.എസ്.ബിജിമോൾ**
**ശ്രീ.കെ.അജിത്**
**,, ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിശ്ശികയായ വായ്പകൾ പിരിച്ചെടുക്കാൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ റിലയൻസ് അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം തരത്തിലുള്ള വായ്പാ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനാണ് എസ്.ബി.ടി. പ്രസ്തുത കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; ഈ വായ്പാ പരിധി എത്രവരെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനകം വായ്പാ കുടിശ്ശികയ്ക്കുവേണ്ടി എത്ര കുടുംബങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) എസ്.ബി.ടി തുടങ്ങിവച്ച മാതൃക മറ്റ് ബാങ്കുകളും സ്വീകരിച്ചാൽ സംസ്ഥാനത്ത് പല കുടുംബങ്ങളും പ്രതിസന്ധിയിലാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപ്രകാരം പ്രതിസന്ധി ഉണ്ടാകാതിരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

<u>ഭരണ മികവിന് ദേശീയ അന്തർദേശീയ അംഗീകാരം</u>

4. ശ്രീ.വി.പി.സജീന്ദ്രൻ
,, എ.റ്റി.ജോർജ്
,, വർക്കല കഹാർ
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ മികവിന് സംസ്ഥാനത്തിന് ദേശീയ അന്തർദേശീയ തലങ്ങളിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അംഗീകാരം ഏതെല്ലാം മേഖലകളിലാണ് ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം മേഖലകളാണ് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ശമ്പള പരിഷ്ക്കരണം</u>

5. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്കും, അധ്യാപകർക്കുനടപ്പ വർഷം ശമ്പള പരിഷ്ക്കരണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏത് മാസം മുതലാണ് നടപ്പിലാക്കാനുദ്ദ്യേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>എല്ലാ സർക്കുലറുകളും പ്രധാന ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്</u>

6. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വെബ്സൈറ്റിൽ എല്ലാ സർക്കുലറുകളും പ്രധാന ഉത്തരവുകളും പ്രസിദ്ധീകരിക്കുന്നുണ്ടോ; ഇല്ലായെങ്കിൽ എല്ലാ വകുപ്പുകളിലെയും എല്ലാ പ്രധാന സർക്കുലറുകളും ഉത്തരവുകളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകുമോ;

(ബി) സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ശേഷം പല ഉത്തരവുകളും വെബ്സൈറ്റിൽ നിന്നും പിൻവലിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിനു കാരണമെന്ന് അറിയിക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളും പ്രസിദ്ധീകരിക്കുന്ന പൊതുപ്രാധാന്യമുള്ള എല്ലാ സർക്കുലറുകളും ഉത്തരവുകളും ഏതു കാലത്തും പൊതുജനത്തിന് ലഭ്യമാകുന്ന തരത്തിൽ സർക്കാർ വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കുന്നതിനും നിലനിർത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഡൽഹി കേരള ഹൗസ് വളപ്പിൽ കൊച്ചിൻ ഹൗസ് നിർമ്മാണം</u>

7. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹി കേരള ഹൗസ് വളപ്പിൽ കൊച്ചിൻ ഹൗസ് പുതുക്കി നിർമ്മിക്കുന്നതിനുള്ള ആദ്യ എസ്റ്റിമേറ്റ് തുക എത്രയായിരുന്നു; പണി പൂർത്തിയായപ്പോൾ മൊത്തം ചെലവ് എത്രയായി;

(ബി) ആകെ എത്ര ചതുരശ്ര മീറ്ററിലാണ് കെട്ടിടം നവീകരിച്ചിട്ടുള്ളത്; ഒരു ചതുരശ്ര മീറ്ററിന് നവീകരണ ചെലവ് എത്ര;

(സി) ആഡംബര മുറികൾ മുഖ്യമന്ത്രി ഉൾപ്പെടെ ആർക്കെല്ലാം സജ്ജമാക്കിയിട്ടുണ്ട്?

ഭരണഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച്

8. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ ഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സർക്കാർ വെബ്സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽ കൂടി ലഭ്യമാക്കുന്നതിനും, മലയാളത്തിൽ ഫോറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഭരണരംഗത്ത് മലയാളഭാഷ ഉപയോഗിക്കുന്നത് സംബന്ധിച്ച പഠനം നടത്തുന്നതിന് ഐ,എം.ജി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;; ഇതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

മലപ്പുറം ജില്ലയിലെ ജനസമ്പർക്ക പരിപാടിയിലെ ധനസഹായം

9. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി - കരുതൽ 2015 ന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ എത്ര അപേക്ഷകൾ ആകെ ലഭിച്ചു ; ഇതിൽ എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചു ; വിശദമാക്കുമോ ;

(ബി) ധനസഹായത്തിന് വേണ്ടി ജനസമ്പർക്ക പരിപാടിയുടെ അന്ന് സമർപ്പിച്ച അപേക്ഷകളിന്മേൽ പാസ്സാക്കിയ തുക എത്രപേർക്ക് ഇതുവരെ നൽകിയിട്ടില്ല എന്ന് വ്യക്തമാക്കുമോ;

(സി) അവർക്ക് എന്നത്തേക്ക് തുക നൽകുവാൻ കഴിയും എന്ന് വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് വിശദമായ ഒരവലോകനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലാഭരണത്തിലെ പ്രതിസന്ധി

10. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതല ഉദ്യോഗസ്ഥരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം മലപ്പുറം ജില്ലാ ഭരണത്തിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് ഏതെല്ലാം തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ചു; ; വിശദാംശം നൽകുമോ;

(ബി) പല തസ്തികകളും ഇപ്പോഴും ഒഴിഞ്ഞുകിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എന്കിൽ നിലവിലുള്ള ഒഴിവുകൾ ഏതെല്ലാം; ഇവയിലേക്ക് നിയമനം നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

വെള്ളായണി കായൽ കയ്യേറ്റം

11. ശ്രീമതി.ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളായണി കായൽ അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും കായലിനടിയിൽ തങ്ങളുടെ പട്ടയഭൂമി കിടക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുംശുദ്ധജല തടാകമായി സംരക്ഷിക്കുന്നതിനുമായി കർമ്മപദ്ധതി 2015 ജൂൺ മാസത്തിൽ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് മാനേജ്മെന്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ആയത് ചീഫ് സെക്രട്ടറി

അദ്ധ്യക്ഷനായ സംസ്ഥാനൽനതല പരിശോധനാ സമിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സേവനാവകാശ നിയമം

12. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) സേവനാവകാശ നിയമപ്രകാരമുള്ള സേവനങ്ങൾ എന്തെല്ലാമാണെന്ന് വിജ്ഞാപനം ചെയ്യണമെന്ന് വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ ആയത് ഇനിയും നടപ്പിലാക്കാത്ത വകുപ്പുകളുണ്ടോ ;

(സി) സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള ഓഫീസുകളിൽ പൊതുജനങ്ങൾക്ക് സേവനങ്ങൾ കൃത്യമായും വേഗത്തിലും ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കൽ

13. ശ്രീ.വി.ഡി.സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ടി.എൻ. പ്രതാപൻ
,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടി പിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ടെലിഫോൺ ബിൽ, അതിഥി സൽക്കാരം, യാത്രാബത്ത എന്നീ ഇനങ്ങളിൽ ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ ;

(സി) ഔദ്യോഗിക വസതിയിലേക്ക് സാധന സാമഗ്രികൾ വാങ്ങുന്നതിന് ചെലവായ തുക എത്രയെന്ന് വിശദമാക്കുമോ ?

മന്ത്രിമാർ യാത്രകൾക്കായി ചെലവഴിച്ച തുക

14. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ മന്ത്രിയും നടത്തിയ വിദേശയാത്രകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ മന്ത്രിയും ഇതിനായി പൊതുഖജനാവിൽ നിന്ന് ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഓരോ മന്ത്രിയും രാജ്യത്തിന് അകത്ത് നടത്തിയ യാത്രകൾ, യാത്രകൾക്കായി ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കാർഷികവായ്പ

15. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാങ്കുകൾ, കർഷകർക്ക് വായ്പ നിഷേധിക്കുന്നതായുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ബാങ്കുകൾ നൽകിയ കാർഷിക വായ്പകൾ സംബന്ധിച്ച ഏറ്റവും

ഒടുവിലത്തെ കണക്കുകൾ ശേഖരിച്ച് വിശദമാക്കാമോ; ഇത് മൊത്തം വായ്പയുടെയും നിക്ഷേപത്തിന്റെയും എത്ര ശതമാനം വീതമാണ് ;

(സി) എത്ര ശതമാനം വായ്പകൾ കാർഷിക മേഖലയ്ക്ക് നൽകണമെന്നാണ് ആർ.ബി.ഐ നിർദ്ദേശിച്ചിട്ടുള്ളത്;മൊത്തം വായ്പയുടെ പതിനെട്ട് ശതമാനത്തിൽ കൂടുതൽ കാർഷിക വായ്പ നൽകിയ ബാങ്കുകൾ ഏതൊക്കെയാണ്;

(ഡി) കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും കാർഷിക വായ്പ സംബന്ധിച്ച നിർദ്ദേശങ്ങൾ സംസ്ഥാനത്ത് പാലിക്കപ്പെടുന്നു എന്നുറപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുകയുണ്ടായോ?

സർക്കാർ ജീവനക്കാർ

16. ശ്രീ.കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അധ്യാപകർ ഉൾപ്പടെ മൊത്തം സർക്കാർ ജീവനക്കാർ എത്രയായിരുന്നു ; ഈ കാലയളവിൽ റിട്ടയർ ചെയ്തവർ എത്ര ; പുതുതായി സൃഷ്ടിച്ച തസ്തികകൾ എത്ര ; ഇപ്പോൾ എത്ര സർക്കാർ ജീവനക്കാരുണ്ട് ; വിശദമാക്കാമോ?

വകുപ്പുകളുടെ മികച്ച പ്രവർത്തനത്തിന് ലഭിച്ച അംഗീകാരങ്ങൾ

17. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തിന് വിവിധ വകുപ്പുകളുടേയും മേഖലകളുടേയും മികച്ച പ്രവർത്തനത്തിന് ദേശീയ അന്തർദേശീയ തലത്തിൽ എന്തെല്ലാം അംഗീകാരങ്ങളും അവാർഡുകളും ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം വകുപ്പുകൾക്കാണ് ഇത്തരത്തിലുള്ള ബഹുമതികൾ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം നേട്ടങ്ങളാണ് ബഹുമതിക്ക് അർഹമാക്കിയിട്ടുള്ളതെന്നും ഈ നേട്ടങ്ങൾ നിലനിർത്തുന്നതിന് ഏതെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ജനസമ്പർക്ക പരിപാടിയുടെ നടപടിക്രമങ്ങളുടെ പ്രായോഗികത

18. ശ്രീ.ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങളുടെ പ്രായോഗികത സാദ്ധ്യമാകാത്ത സാഹചര്യങ്ങളിൽ നിലവിലുള്ള ചട്ടങ്ങളിലും നിയമങ്ങളിലും മാറ്റം അനിവാര്യമാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അവയിൽ തികച്ചും പ്രാധാന്യമേറിയവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) നാളിതുവരെ അത്തരത്തിൽ നിയമങ്ങളിലും ചട്ടങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ടോ; ആയവയുടെ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാർ

19. ശ്രീ.എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര സർക്കാർ ജീവനക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുകയുണ്ടായെന്നും എത്ര പേർ സർവ്വീസിലിരിക്കേ മരണപ്പെട്ടുവെന്നും അറിയിക്കുമോ;

(ബി) റിട്ടയർ ചെയ്തവരുടെ ആനുകൂല്യങ്ങൾ എത്രത്തോളം നല്കുവാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം

20. ശ്രീമതി.ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിലെ പൊഴിയൂർ മണലിവിള വീട്ടിൽ എസ്. രാജമ്മ 2015 ജൂൺ 19-ാം തീയതി മുഖ്യമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചിരുന്നോ;

(ബി) എങ്കിൽ ആ നിവേദനത്തിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) ആ നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>സെക്രട്ടേറിയറ്റിലെ ഇ-ഫയലിങ് സമ്പ്രദായം</u>

21. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഏതെല്ലാം വകുപ്പുകളിൽ ഇ-ഫയലിങ്ങ് നടപ്പിലാക്കിയിട്ടുണ്ട്; പുതുതായി ഏതെല്ലാം വകുപ്പുകളിലാണ് നടപ്പിലാക്കുന്നത്;

(ബി) ഇ-ഫയൽ സമ്പ്രദായം പൂർണമായി നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഫിസിക്കൽ ഫയലും ഇ-ഫയലും ഒരുപോലെ തയ്യാറാക്കേണ്ടിവരുന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; തൻമൂലമുള്ള അമിത ജോലിഭാരം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ;

(സി) ഇ-ഫയലിംഗ് നടപ്പിലാക്കിയതിന് ശേഷം ആയതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;ഇത് നടപ്പിലാക്കിയതിന് ശേഷം ഫയൽ സംബന്ധമായ വിവരങ്ങൾ അറിയുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ഡി) ഐഡിയാസ് സംവിധാനത്തിന് പകരമായി ഇ-ഫയലിംഗ് ഏർപ്പെടുത്തിയതോടെ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഫയൽ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ ?

<u>ജനസമ്പർക്കപരിപാടി</u>

22. ശ്രീ.സണ്ണി ജോസഫ്
,, എം.എ. വാഹീദ്
,, സി.പി.മുഹമ്മദ്
,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഘട്ടങ്ങളിലായാണ് ജനസമ്പർക്കപരിപാടി നടത്തിയത്; വിശദമാക്കുമോ;

(ബി) ഈ പരിപാടിക്ക് ഐക്യരാഷ്ട്രസഭയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

<u>**F.I.R -ൽ പ്രതിചേർത്തവരെയും കുറ്റപത്രം സമർപ്പിക്കപ്പെട്ടവരെയും ഉയർന്ന തസ്തികകളിൽ നിയമിക്കുന്നത് സംബന്ധിച്ച്**</u>

23. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ചീഫ് സെക്രട്ടറി ശ്രീ. ഭരത് ഭൂഷൺ , നിലവിലെ ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസൺ എന്നിവരുടെ പേരിൽ എത്ര കേസ്സുകൾ വിവിധ കോടതികളിലായി നിലവിലുണ്ട്; അവ ഏതെല്ലാം;

(ബി) നിലവിലെ ചീഫ് സെക്രട്ടറിയുടെ നിയമനം സംബന്ധിച്ച് പ്രതിപക്ഷ നേതാവിന്റെ പരാതിയിന്മേൽ മുഖ്യമന്ത്രി എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതിയിന്മേൽ ബഹു. ഗവർണ്ണർ സർക്കാരിനോട് വിശദീകരണം ആരാഞ്ഞിരുന്നുവോ; എങ്കിൽ ഇതിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു;

(ഡി) ചീഫ് സെക്രട്ടറി, കേന്ദ്ര സെക്രട്ടറി തുടങ്ങി ഉയർന്ന തസ്തികാനിയമനങ്ങളിൽ 2000-ാം മാണ്ട് മാർച്ച് മാസത്തിൽ ബഹു. സുപ്രീം കോടതി ശരിവച്ച F.I.R -ൽ പ്രതിചേർത്തവരെയും കുറ്റപത്രം സമർപ്പിക്കപ്പെട്ടവരെയും പരിഗണിക്കരുതെന്ന സുപ്രീംകോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

ഇതിൻമേൽ ബഹു. ഗവർണ്ണർ വിശദീകരണം ആരാഞ്ഞിരുന്നുവോ; വിശദാംശം വ്യക്തമാക്കുമോ?

**h**

24. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിലെ ഏതെല്ലാം മന്ത്രിമാർ വിവിധ അന്വേഷണം നേരിടുന്നു;

(ബി) ഓരോ മന്ത്രിമാരുടെ പേരും, കൈകാര്യം ചെയ്യുന്ന വകുപ്പും, അവർ നേരിടുന്ന അന്വേഷണവും സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) അഴിമതി അന്വേഷണം നേരിടുന്ന ഏതെല്ലാം മന്ത്രിമാർ രാജി വച്ചിട്ടുണ്ട്?

ഐ.എ.എസ്., ഐ.പി.എസ്.ഉദ്യോഗസ്ഥർക്കെതിരെ നടപടി

25. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ സംസ്ഥാനത്തെ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതൊക്കെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ, എന്തെല്ലാം കാരണങ്ങൾക്ക്, ഏതെല്ലാം തരത്തിലുള്ള അച്ചടക്ക നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ഏതൊക്കെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്കെതിരെ കേസുകൾ നിലവിലുണ്ടെന്നും ഏതൊക്കെ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തുവെന്നും വെളിപ്പെടുത്താമോ?

സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ അന്യത്ര സേവനം

26. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ അന്യത്ര സേവന വ്യവസ്ഥയിൽ പോയിട്ടുണ്ടെന്നും, അവർ ആരെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ പത്ത് ദിവസത്തിലധികം അവധിയെടുത്ത് പോയിട്ടുണ്ടെന്നും, ആരെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(സി) ഈ കാലയളവിൽ ഏതൊക്കെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർ രാജിവെച്ചും, വോളണ്ടറി റിട്ടയർമെന്റ് വാങ്ങിയും സർവ്വീസ് അവസാനിപ്പിച്ചെന്ന് വിശദമാക്കാമോ?

വിജിലൻസ് കേസ്സുകളിൽ പ്രതികളായ ഉദ്യോഗസ്ഥന്മാർ

27. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥന്മാരിൽ എത്രപേർ വിജിലൻസ് കേസ്സുകളിൽ പ്രതികളായി നടപടി നേരിടുന്നുവെന്ന് വ്യക്തമാക്കുമോ; ഇതിൽ 2011 മേയ് മാസത്തിനുശേഷം പ്രതികളാക്കപ്പെട്ടവരുടെ പ്രത്യേകം കണക്കുകൾ ലഭ്യമാക്കാമോ;

ജില്ലകളിൽ ഐ. എ. എസ്. അക്കാദമി

28. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ഐ. എ. എസ് . അക്കാദമി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഐ. എ. എസ് . അക്കാദമി ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലാആസ്ഥാനമായ കൽപ്പറ്റയിൽ ഐ. എ. എസ് . അക്കാദമി ആരംഭിക്കുന്നതിന് നടപടി

സ്വീകരിക്കുമോ?

<u>വയനാട് ജില്ലയിൽ കർഷകനെ ജയിലിലടച്ച സംഭവം</u>

29. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പകുടിശ്ശിക മുടങ്ങിയതിന്റെ പേരിൽ വയനാട് ജില്ലയിൽ കർഷകനെ ജയിലിലടച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കർഷകനെതിരെ കോടതിയിൽ തെറ്റായ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ റിപ്പോർട്ട് നൽകിയ ബാങ്ക് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ</u>

30. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസ്സുകൾ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിന് വേണ്ടി പുതിയ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതികൾ വേണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ കോടതികൾ തുടങ്ങണമെന്ന കാര്യത്തിൽ മുൻഗണനാലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(സി) കൊണ്ടോട്ടി ആസ്ഥാനമാക്കി ഒരു മജിസ്ട്രേറ്റ് കോടതി വേണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>അടൂരിൽ സബ് കോടതി</u>

31. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂരിൽ സബ് കോടതി അനുവദിക്കുന്നതു സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ നിലവിലുള്ള സ്ഥിതിവിവരം വിശദമാക്കുമോ; നിലവിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കാലവിളംബത്തിന് കാരണം വെളിപ്പെടുത്തുമോ;

(ബി) അടൂരിൽ സബ് കോടതി അടിയന്തരമായി അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>മോട്ടോർ ആക്സിഡെന്റ് ക്ലെയിം ട്രിബ്യൂണൽ</u>

32. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ ആക്സിഡെന്റ് ക്ലെയിം ട്രിബ്യൂണൽ (MACT) കേരളത്തിൽ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഏതെങ്കിലും ജില്ലയിൽ ഒന്നിലധികം മോട്ടോർ ആക്സിഡെന്റ് ക്ലെയിം ട്രിബ്യൂണൽ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ ;

(സി) എം.എ.സി.ടി. ഇല്ലാത്ത ജില്ലകൾ ഉണ്ടോ ; പ്രസ്തുത ജില്ലകളിൽ ഇതുവരെ ആയത് ആരംഭിക്കാത്തത് എന്തുകൊണ്ടാണ് ; എപ്പോൾ ആരംഭിക്കാൻ ആണ് ഉദ്ദേശിക്കുന്നത് ?

<u>പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം</u>

33. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമവുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി എത്ര പ്രത്യേക കോടതികൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) ബന്ധപ്പെട്ട കോടതികളിൽ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളുടെ എണ്ണം എത്രയാണെന്ന് കോടതി തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) ആയതിന്മേലുള്ള നടപടിക്രമങ്ങളുടെ നിലവിലുള്ള സ്ഥിതി വിവരകണക്കുകൾ വെളിപ്പെടുത്തുമോ?

സർക്കാർ കേസുകൾ

34. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ഭാഗം തോറ്റുപോയ, ഹൈക്കോടതിയിൽ വന്ന കേസുകൾ എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) സിംഗിൾ ബെഞ്ച് വിധിക്കെതിരെ അപ്പീൽ പോകേണ്ടതായി വന്ന കേസുകൾ എത്ര ;

(സി) ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ പോയ കേസുകൾ എത്ര ;

(ഡി) ഹൈക്കോടതിയിലെ ഏതെല്ലാം കേസുകളിലാണ് സംസ്ഥാനത്തിന് പുറത്ത് നിന്നും സീനിയർ അഡ്വക്കേറ്റുമാരെ കൊണ്ട് വന്ന് അപ്പിയർ ചെയ്യിട്ടുള്ളതെന്ന് വിശദമാക്കാമോ ; ആ ഇനത്തിൽ ഏതെല്ലാം അഡ്വക്കേറ്റുമാർക്ക് എന്തു തുക വീതം ചെലവ് വന്നു ?

അഡ്വക്കേറ്റ് ജനറൽ ആഫീസിൻെറ കേസ് നടത്തിപ്പ് സംബന്ധിച്ച കോടതി പരാമർശം

35. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വക്കേറ്റ് ജനറൽ ആഫീസിൻെറ കേസ് നടത്തിപ്പിലെ കെടുകാര്യസ്ഥതകൾ സംബന്ധിച്ച് കോടതി നിർദ്ദേശപ്രകാരം ചീഫ് സെക്രട്ടറി അന്വേഷണം നടത്തുകയുണ്ടായോ ;

(ബി) ചീഫ് സെക്രട്ടറി അന്വേഷണം നടത്തി ഹൈക്കോടതി രജിസ്ട്രാർക്ക് കൈമാറിയ റിപ്പോർട്ടിൻെറ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ ?

കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

36. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ മാസത്തിനു ശേഷം കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെയുള്ള എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ നിന്നുള്ള അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത് ഒഴിവാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ടി ഓഫീസിൽ സമർപ്പിച്ച അപേക്ഷകളിന്മേലുള്ള നടപടികൾ സംബന്ധിച്ച വിവരങ്ങൾ ഫോൺ മുഖാന്തിരം അറിയുന്നതിന് വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യം പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ?

തീരപരിപാലനം നിയമം

37. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപരിപാലനം നിയമമനുസരിച്ച് തീരപ്രദേശങ്ങളിൽ നിർമ്മാണം നിയന്ത്രിച്ചുകൊണ്ടുള്ള വ്യവസ്ഥകളിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) തീരപ്രദേശങ്ങളിൽ നൂറ് ചതുരശ്രമീറ്റർ വരെ വിസ്തൃതിയുള്ള വീട്ടുകൾക്ക് നിർമ്മാണാനുമതി നൽകാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) നിർദ്ദേശം അടങ്ങിയ ഉത്തരവിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(ഡി) തീരപരിപാലന നിയമം നിലവിലുള്ള തീരപ്രദേശങ്ങളിൽ ചെറിയ വീടുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാർ നൽകിയ ഇളവുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; കേന്ദ്ര ഗവൺമെന്റ് ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

എച്ച്.എസ്.എ റാങ്ക് ലിസ്റ്റ്

38. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് പി.എസ്.സി മുഖേന ജോലി നൽകുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ;

(ബി) എത്ര പി.എസ്.സി റാങ്ക് ലിസ്റ്റുകൾക്ക് കാലാവധി നീട്ടി നൽകുകയുണ്ടായി; ഏതെല്ലാം;

(സി) പി.എസ്.സി യുടെ എത്ര റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്; 31-12-2015 ൽ കാലാവധി കഴിയുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ (എസ്.എസ്) ന്റെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; അതിന്റെ കാലാവധി എന്നാണ് തീരുന്നത്; അതിൽ നിന്ന് എത്ര പേർക്ക് നിയമന ശിപാർശ നൽകുകയുണ്ടായി;

(ഇ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ (എസ്.എസ്)ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

പി.എസ്.സി യുടെ പ്രവർത്തനം

39. ശ്രീ.പി.തിലോത്തമൻ
,, ജി.എസ്.ജയലാൽ
,, വി.ശശി
,, ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ഒരു പ്രതിസന്ധിയിൽ എത്തിച്ചേരാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) നിയമനം ഉറപ്പായ ഉദ്യോഗാർത്ഥികളിൽ നിന്നും വെരിഫിക്കേഷൻ ഫീസ് ഈടാക്കാൻ പി.എസ്.സി തീരുമാനിച്ചിട്ടുണ്ടോ;

(സി) പി.എസ്.സി യുടെ പ്രവർത്തനത്തിനാവശ്യമായ പണം സ്വയം കണ്ടെത്തണമെന്ന് ധനവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) പരീക്ഷാ സെന്ററുകളുടെ വാടക, ഇൻവിജിലേറ്റർമാരുടെ അലവൻസ് തുടങ്ങിയ ഇനങ്ങളിൽ കുടിശ്ശികയുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പി.എസ്.സി യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ?

പി.എസ്.സി നിയമനം

40. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## പി.എസ്.സി യ്ക്ക് മെട്രോ നഗരങ്ങളിൽ പരീക്ഷാകേന്ദ്രം

41. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ നിയമസഭയുടെ പ്രവാസി മലയാളി ക്ഷേമം സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഇന്ത്യയിലെ മെട്രോ നഗരങ്ങളിൽ കൂടി പി.എസ്.സി.യുടെ പരീക്ഷകൾ നടത്തുന്നതിന് സംവിധാനമൊരുക്കുന്നതിനായി ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ട എത്ര തസ്തികകൾ അനുവദിക്കണമെന്നാണ് പി.എസ്.സി ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) മേൽ പറഞ്ഞ തസ്തികകളും കേന്ദ്രവും അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ എത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) 2016 വർഷം മുതൽ മേൽപ്പറഞ്ഞ സംവിധാനം മെട്രോ നഗരങ്ങളിൽ നടപ്പാക്കുന്നതിന് വേണ്ട നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനം

42. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനം നടത്തുന്നതിന് എന്തെങ്കിലും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) വിവിധ വകുപ്പുകളിലെ റിട്ടയർമെന്റ് വേക്കൻസി അടക്കമുള്ള ഒഴിവുകളിൽ നിയമനം നടത്താത്തത് എന്തുകൊണ്ടാണ് എന്ന് അറിയിക്കാമോ;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി യെ അറിയിക്കാത്ത മേലധികാരികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും, നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## പി.എസ്.സി ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ

43. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ ഏതൊക്കെ ചട്ടപ്രകാരമാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പി.എസ്.സി യിലെ ജീവനക്കാർക്ക് മറ്റ് സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷനിൽ പോകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ ;

(സി) നിലവിൽ എത്ര പി.എസ്.സി ജീവനക്കാർ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ ?

## പി.എസ്.സി. യുടെ റാങ്ക് ലിസ്റ്റ്

44. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പി.എസ്.സി. യുടെ എത്ര സംസ്ഥാന ജില്ലാ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട് ; പ്രസ്തുത ലിസ്റ്റുകളിൽ എത്ര ഉദ്യോഗാർത്ഥികൾ നിലവിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ; മുൻ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ; വിശദാംശം നൽകുമോ ?

<u>പി.എസ്.സി.യിലെ സാമ്പത്തിക അച്ചടക്കം</u>

45. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്ക് ഫീസ് ഏർപ്പെടുത്തുന്നത് പഠിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരമൊരു തീരുമാനം കൈക്കൊള്ളുന്നതിന് ഇടയായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വിഷയങ്ങളാണ് പ്രസ്തുത സമിതിയുടെ പഠനവിഷയമായി നിശ്ചയിച്ചുനൽകിയിട്ടുള്ളത്;

(സി) പി.എസ്.സി. സാമ്പത്തിക അച്ചടക്കം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും സർക്കാരിന് ഇടപെടുന്നതിൽ സർക്കാരിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാം; ഇത് മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>പി.എസ്.സി.യുടെ പ്രവർത്തനങ്ങളിലെ കാലതാമസം</u>

46. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി.യുടെ പ്രവർത്തനങ്ങളിൽ കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗസറ്റ് വിജ്ഞാപനം നടത്തിയിട്ടും നാളിതുവരെ പരീക്ഷ നടത്താത്ത എത്ര കാറ്റഗറി ഉണ്ട് ; കാറ്റഗറി, തസ്തിക, ഒഴിവുകളുടെ എണ്ണം എന്നിവ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പരീക്ഷ നടത്തിയിട്ടും നാളിതുവരെ ഫലപ്രഖ്യാപനം നടത്താത്ത എത്ര തസ്തികകൾ ഉണ്ട് ; കാറ്റഗറി, തസ്തിക, ഒഴിവുകളുടെ എണ്ണം എന്നിവ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടും നാളിതുവരെ ഒരു അഡ്വൈസ് പോലും ചെയ്യാത്ത എത്ര റാങ്ക് ലിസ്റ്റ് നിലവിലുണ്ട്;

(ഇ) മേൽ സൂചിപ്പിച്ച അവസ്ഥ സംജാതമായതിന്റെ സാഹചര്യം പരിശോധിക്കുമോ?

<u>സാമൂഹ്യ നീതി വകുപ്പിലെ ചൈൽഡ് ഡവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ (സി ഡി പി ഒ) തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ്</u>

47. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമൂഹ്യ നീതി വകുപ്പിലെ ചൈൽഡ് ഡവലപ്മെന്റ് ഓഫീസർ (സി ഡി പി ഒ)തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും അതിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഓപ്പൺ വിഭാഗത്തിൽ 33-ാം നമ്പറായി വരേണ്ട മെയിൻ റൊട്ടേഷനിലെ 84-എസ്.സി ആയി നിയമനം നൽകേണ്ട എസ്. ശുഭയ്ക്ക് നിയമനം നൽകാതിരുന്നതിന്റെ കാരണം എന്താണ്;

(സി) ഇതുമൂലം ഭരണഘടനാപരമായി എസ്.സി വിഭാഗത്തിന് ലഭിക്കേണ്ട റിസർവ്വേഷൻ നഷ്ടപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(ഡി) നിയമനത്തിലുണ്ടായ അപാകത പരിഹരിച്ച് സംവരണ തത്വം പാലിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ?

<u>ഗസറ്റഡ് ഓഫീസർമാരുടെ ശമ്പളം സംബന്ധിച്ച ജോലി</u>

48. ശ്രീ.എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗസറ്റഡ് ഓഫീസർമാരുടെ ശമ്പളം സംബന്ധിച്ച ജോലികൾക്ക് പൊതുഭരണ വകുപ്പിൽ പുതുതായി എത്ര സെക്ഷനുകൾ അനുവദിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ?

<u>താത്കാലിക ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ</u>

49. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലും സ്ഥാപനങ്ങളിലും താത്കാലിക ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ; താത്കാലിക ഒഴിവുകളിലേക്കു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നടത്തണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; കേരള ഹൗസിൽ ഈ സർക്കാരിന്റെ കാലത്ത് നടത്തിയ നിയമനങ്ങൾ എപ്രകാരമായിരുന്നു.;

(ബി) ന്യൂഡൽഹിയിലെ കേരള ഹൗസിൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുന്നതിന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എത്ര വർഷത്തെ സർവീസുളളവരെയാണ് സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നത് ; ഇവർക്ക് നിയമനം ലഭിച്ചത് ഏത് തീയതിയിൽ ഏപ്രകാരമായിരുന്നു.;

(സി) മൂന്ന് വർഷം പൂർത്തിയാക്കിയ താത്കാലിക ജീവനക്കാരെയെല്ലാം സർക്കാർ സർവീസിൽ സ്ഥിരപ്പെടുത്താൻ തീരുമാനം എടുത്തിട്ടുണ്ടോ; കേരള ഹൗസിലെ സ്ഥിരപ്പെടുത്തൽ ഉത്തരവ് സർവ്വീസിലുളള എല്ലാതരം താത്കാലിക ജീവനക്കാർക്കും ബാധകമാക്കുമോ;

<u>സർക്കാർ ജീവനക്കാർക്കും മറ്റ് പൊതുമേഖലാ ജീവനക്കാർക്കും ഇൻ-സർവ്വീസ് ട്രെയിനിംഗ്</u>

50. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലെ വ്യക്തികൾക്ക് നല്കുന്നതുപോലെ സർക്കാർ ജീവനക്കാർക്കും മറ്റ് പൊതുമേഖലാ ജീവനക്കാർക്കും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നേതൃത്വത്തിൽ ഇൻ-സർവ്വീസ് ട്രെയിനിംഗ് നല്കുന്നതിനായി ആധുനിക രീതിയിലുള്ള ട്രെയിനിംഗ് സെന്റർ തിരുവനന്തപുരത്ത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് പി.എസ്.സി. എന്തെങ്കിലും പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

<u>സർക്കാർ ജീവനക്കാർക്ക്ഡെപ്യൂട്ടേഷൻ നിയന്ത്രണം</u>

51. **ശ്രീ.തോമസ് ഉണ്ണിയാടൻ**
**,, സി.എഫ്.തോമസ്**
**,, മോൻസ് ജോസഫ്**
**,, റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ നിന്നും ഡെപ്യൂട്ടേഷൻ അനുവദിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) എല്ലാ സർക്കാർ ഓഫീസുകളും സർവ്വീസ് ചട്ടങ്ങൾ പ്രകാരം പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

<u>ലോകായുക്തയിലെ പി.എസ്.സി നിയമനം</u>

52. **ശ്രീ.എം.പി.വിൻസെൻറ് :** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകായുക്തയിലെ നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിട്ടിട്ടുണ്ടോ; ഇതുവരെ പി.എസ്.സി വഴി എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ നികത്താനുണ്ട്?

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ ഇളവുകൾ

53. ശ്രീ.എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെപ്യൂട്ടേഷൻ സമാന സ്കെയിൽ ഉള്ള തസ്തികയിലേക്ക് മാത്രമേ നടത്താവൂ എന്ന നിബന്ധന ഒഴിവാക്കുമോ?

സെക്രട്ടേറിയറ്റിലെ ജോലിഭാരം

54. ശ്രീ.എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ജോലിഭാരം കുറയ്ക്കുന്നതിന് ഫയലുകൾ കെട്ടിക്കിടക്കുന്ന സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷനുകൾ ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ?

വോട്ടിംഗ് മെഷീനിന്റെ തകരാറുകൾ

55. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈയിടെ നടന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്നതിന് എത്ര വോട്ടിംഗ് യന്ത്രങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി എത്ര രൂപ ചെലവഴിച്ചു എന്നും, എവിടെനിന്നാണ് വാങ്ങിയത് എന്നും വിശദമാക്കുമോ;

(സി) തദ്ദേശ തിരഞ്ഞെടുപ്പിൽ വോട്ടിംഗ് മെഷീനുകൾ കേടുവന്നത് മൂലം എത്ര ബൂത്തുകളിൽ ഒരുമണിക്കൂറിൽ അധികം വോട്ടിംഗ് തടസ്സപ്പെട്ടു എന്നും, എത്ര ബൂത്തുകളിൽ തിരഞ്ഞെടുപ്പ് സമയത്തിനുശേഷവും സമയം ദീർഘിപ്പിച്ച് നൽകേണ്ടി വന്നു എന്നും, എത്ര ബൂത്തുകളിൽ വോട്ടിംഗ് മെഷീൻ കേടുവന്നതുകൊണ്ട് റീപോളിംഗ് വേണ്ടിവന്നു എന്നും ജില്ലയും ബൂത്തും തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) വോട്ടിംഗ് മെഷീനിന്റെ ഗുണമേന്മ ഉറപ്പു വരുത്തിയിരുന്നുവോ; എങ്കിൽ ഈ സംഭവം ഉണ്ടാകാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ സമഗ്ര അന്വേഷണത്തിന് ഉത്തരവിടുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്

56. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 നവംബറിൽ നടന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ വിജ്ഞാപനം നിലവിൽ വന്നത് എന്നാണ്; പെരുമാറ്റച്ചട്ടം എന്നുമുതൽ എന്നുവരെയായിരുന്നു;

(ബി) ഇക്കാലയളവിൽ ഏതെങ്കിലും വകുപ്പിൽ പെരുമാറ്റച്ചട്ടം മറികടന്ന് ജീവനക്കാർ/അദ്ധ്യാപകർ എന്നിവരെ സ്ഥലം മാറ്റിയിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ അടിയന്തര സാഹചര്യം വിശദമാക്കാമോ;

(ഡി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ലംഘിച്ച മേലധികാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുക

57. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ലെ ലോക് സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സർക്കാർ എത്ര രൂപ ചെലവഴിച്ചു എന്ന് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഓരോ നിയമസഭാ, ലോക് സഭാ മണ്ഡലത്തിലെയും ഒബ്സർവർ ആരായിരുന്നു എന്നും ഇവരുടെ താമസ, ഭക്ഷണ, യാത്രാ ചെലവുകൾ എത്രയായിരുന്നു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരിശോധനയിൽ അനധികൃതമായി കൊണ്ടുപോകുകയായിരുന്ന എത്ര രൂപ പിടി കൂടിയിരുന്നു എന്നും എവിടെയെല്ലാം വച്ച് ആരിൽ നിന്നൊക്കെയാണ് പിടികൂടിയത് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പണം എന്തു ചെയ്തു എന്നും ഇതു സംബന്ധിച്ച് ആർക്കെതിരെയെങ്കിലും കേസെടുക്കുകയുണ്ടായെങ്കിൽ അതിന്റെ വിശദാംശവും ലഭ്യമാക്കുമോ?

<u>ദുരിതബാധിതരുടെ കടം എഴുതിത്തള്ളുന്നതിന്</u>

58. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടം എഴുതിത്തള്ളുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി എത്ര തുക വേണമെന്നാണ് ജില്ലാ ഭരണകൂടം ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) ഇതിനായി എത്ര രൂപ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്, വിശദാംശങ്ങൾ അറിയിക്കാമോ?

<u>ജനസമ്പർക്ക പരിപാടിയിലൂടെ വിതരണം ചെയ്ത ഭൂമി</u>

59. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സ്വന്തമായി ഭൂമിയില്ലാത്ത എത്രപേർക്ക് എത്ര ഹെക്ടർ ഭൂമിയാണ് ജനസമ്പർക്ക പരിപാടിയിലൂടെ വിതരണം ചെയ്തിട്ടിട്ടുള്ളത് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ

(ബി) ചേർത്തല താലൂക്കിന്റെ പരിധിയിൽ താമസിക്കുന്നവരും ജനസമ്പർക്ക പരിപാടിയിലൂടെ അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്ന സ്വന്തമായി ഭൂമിയില്ലാത്ത എത്രപേർക്ക് ഈ സർക്കാർ കാലയളവിൽ ഭൂമി നൽകിയെന്ന് വ്യക്തമാക്കുമോ; അവർ ഏതെല്ലാം വില്ലേജുകളിൽ പെട്ടവരും അവർക്ക് ഏതെല്ലാം വില്ലേജുകളിൽ ഭൂമി നൽകിയെന്നും വ്യക്തമാക്കുമോ; ഇവർക്ക് നൽകിയ ഭൂമി ഏത് വിഭാഗത്തിൽ പെട്ടതാണെന്ന് വ്യക്തമാക്കുമോ?

<u>ഗുണ്ടാ സംഘം കൊലപ്പെടുത്തിയ മത്സ്യതൊഴിലാളികളുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം</u>

60. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13/11/2015-ൽ ചേർത്തല ഒറ്റമശ്ശേരിയിൽ വച്ച് ഗുണ്ടകൾ ടിപ്പർ ലോറി കയറ്റി കൊലപ്പെടുത്തിയ പട്ടണക്കാട് പഞ്ചായത്തിൽ കൂട്ടുങ്കൽ തയ്യിൽ ജോൺസൺ, കളത്തിൽ വീട്ടിൽ സുബിൻ എന്നീ മത്സ്യതൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ ;എങ്കിൽ എത്ര തുകയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഗുണ്ടാസംഘങ്ങളുടെയും അക്രമി-ക്വട്ടേഷൻ സംഘങ്ങളുടെയും ഭീഷണി പോലീസിനെ അറിയിച്ചിട്ടും നടപടി സ്വീകരിക്കാതെ ഇപ്രകാരം രണ്ടു ജീവൻ അപഹരിക്കാൻ സാഹചര്യം ഒരുക്കിയ പോലീസിന്റെ വീഴ്ച പരിഗണിച്ച് കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അടിയന്തരമായി സാമ്പത്തിക സഹായം അനുവദിക്കുമോ?

<u>അയിരൂർ സദാശിവന്റെ കുടുംബത്തിന് ദുരിതാശ്വാസം</u>

61. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടത്തിൽ മരണപ്പെട്ട പ്രശസ്ത സംഗീതജ്ഞനായ സംഗീതനാടക അക്കാദമി പുരസ്കാരം നേടിയ അയിരൂർ സദാശിവന്റെ കുടുംബത്തിന് ദുരിതാശ്വാസം അനുവദിക്കുന്നതിന് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) സമയബന്ധിതമായി പ്രസ്തുത നിവേദനത്തിന്മേൽ അനുകൂല നടപടി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

<u>അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം</u>

62. ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപകടമരണം സംഭവിച്ചവരുടെ അശ്രിതർക്കുള്ള ധനസഹായം ലഭിക്കുന്നതിന് നാട്ടിക നിയോജകമണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര അപേക്ഷകർക്ക് ധനസഹായം അനുവദിച്ചുവെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കി ആകെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കണക്കുകൾ ലഭ്യമല്ലെങ്കിൽ എപ്പോൾ ലഭ്യമാക്കുമെന്ന് അറിയിക്കുമോ?

<u>ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം</u>

63. ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നാട്ടിക നിയോജകമണ്ഡലത്തിലെ എത്ര അപേക്ഷകർക്ക് ധനസഹായം അനുവദിച്ചു എന്ന് അറിയിക്കുമോ;

(ബി) എത്ര തുകയുടെ ആകെ സഹായം നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) കണക്കുകൾ ലഭ്യമല്ലെങ്കിൽ, പ്രസ്തുത കണക്കെടുപ്പ് നടത്തി എത്രയും വേഗം വിശദാംശങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>മുഖ്യമന്ത്രിടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക</u>

64. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ദേവികുളം നിയോജക മണ്ഡലത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) അനുവദിച്ച തുക യഥാസമയം ജനങ്ങൾക്ക് ലഭിച്ചിട്ടില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്, ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ?

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി</u>

65. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2011-12, 2012-13 ,2013-14, 2014-15 വർഷങ്ങളിൽ എത്ര തുക വീതം അനുവദിച്ചു എന്നു വ്യക്തമാക്കുമോ?

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി</u>

66. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര തുകയാണ് ഇതേവരെ ലഭിച്ചിട്ടുള്ളത് ; ഇതേവരെ എത്ര തുക ധനസഹായമായി നൽകിയിട്ടുണ്ട് ; ഇവയുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം അപേക്ഷകന് എത്തിക്കുന്നതിന് നിലവിൽ എന്തു സംവിധാനമാണ് ഉള്ളത് ; അസുഖം ബാധിച്ച് പുറത്തിറങ്ങാൻ കഴിയാതെ വീട്ടിനുള്ളിൽ മാത്രം കഴിയുന്ന രോഗികൾക്ക് ധനസഹായം നേരിട്ടെത്തിക്കാൻ എന്തെങ്കിലും മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തു മാർഗ്ഗമെന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഇത്തരം രോഗികൾക്ക് ധനസഹായം നേരിട്ടെത്തിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ധനസഹായം കയ്യിൽ എത്താൻ താമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കാമോ ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായത്തിനുള്ള കാലതാമസം</u>

67. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായമായി അനുവദിച്ചിരിക്കുന്ന തുക ലഭിക്കാൻ ഏറെ കാലതാമസം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിത്സാ ധനസഹായത്തിനായി, റിപ്പോർട്ട് യഥാസമയം മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് അയച്ചു കൊടുക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ചികിത്സാ സഹായം</u>

68. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിനായി അനുവദിച്ച തുക വിതരണം നടത്തുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ ,ഏത് മാസം വരെയുള്ള അപേക്ഷകർക്കാണ് ധനസഹായം വിതരണം നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; താലൂക്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി</u>

69. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ അപേക്ഷ നൽകി ധനസഹായം കിട്ടുന്നതിന് ഇന്ന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) താഴെ പറയുന്ന അപേക്ഷകർക്ക് ധനസഹായം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; പ്രസ്തുത അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ജി.ഒ.യുടെ കോപ്പി ലഭ്യമാക്കാമോ ;

(സി) ശ്രീമതി അമ്മിണി, DRF No. 32887/2015dtd1/6/2015 ശ്രീമതി തങ്കമ്മ, പുത്തൻപുരയിൽ, കോട്ടയം, രാമൻകുട്ടി കെ.പി, പടിഞ്ഞാറെ പെരുന്താനത്ത്, കോട്ടയം, മാത്യു പി.കെ., പുളിക്കയിൽ, മരങ്ങോലി, കോട്ടയം, ഉദയപ്പൻ കടുത്തുരുത്തി, കോട്ടയം ഷജീവ്,നെടിയമ്പത്ത് മെമ്പർ dtd 26.11.2014 Pt.No. 52941/CM/2015,ജോസ്, കടവിത്തായിൽ, മന്നാർ പൂഴിക്കോൽ, കടുത്തുരുത്തി തങ്കപ്പൻ,

അനിത്താനത്ത്, അറുന്നൂറ്റിമംഗലം, കടുത്തുരുത്തി DRF No. 14390/DRF/2013 dtd. 08.05.2013, മണിയൻ, കൊറ്റമ്പിൽ, കാട്ടാമ്പാക്ക്, കടുത്തുരുത്തി, കോട്ടയം രവി.യു.എൻ., മുളകുളം, കോട്ടയം, ചാക്കോ, തെക്കുംകാട്ടിൽ DRF No. 6332/CM/2015 dtd. 12.02.2015 കൗസല്യ ഇലയാനി തോട്ടത്തിൽ വീട് DRF No. 58359/CM/14dtd. 03.12.2014, ദാസൻ, അനീഷ് ഭവൻ, കുറ്റിക്കാല, മാന്നാർ കടുത്തുരുത്തി DRF No. 29970/CM/14/dtd 30.06.2014, മണി, താന്നിക്കൽ വീട്, പകലോമറ്റം DRF No. 15177/CM/14 dtd 13.03.2014, പി.ഡി.ബാബു കലയന്താനംവീട്, പകലോമറ്റം DRF No. 15177/CM/14 dtd. 13.03.2014 എൽസമ്മാജോസ്, തെക്കെമാളിയേക്കൽ, മുട്ടുചിറ, ലൂസി എം.റ്റി, പൂഴിക്കോൽ, കടുത്തുരുത്തി, കോട്ടയം. ഇവരുടെ ദുരിതാശ്വാസ നിധി തുക അനുവദിച്ചതിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇവർക്ക് സഹായം ലഭ്യമാക്കിയിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള അപേക്ഷ

70. ശ്രീ.ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ ബസിലിക്ക പള്ളിക്ക് സമീപം പാറേടത്ത് വീട്ടിൽ ശാരി ആന്റണി ടി കുട്ടിയുടെ അമ്മയുടെ മരണത്തെ തുടർന്ന് ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ച് കിട്ടുന്നതിനാ യി 18.05.2015 ന് സമർപ്പിച്ച അപേക്ഷയിൽ (No.4337/VIP/CM/2015) സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) കുടുംബത്തിന്റെ ദയനീയാവസ്ഥ കണക്കിലെടുത്ത് അടിയന്തരമായി തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

പൊതുകടം

71. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ പൊതുകടം എത്രയാണ്; ഇവയിൽ 2016-17 മുതൽ 2020-21 വരെ ഓരോ വർഷവും തിരിച്ചടക്കേണ്ടവ, പലിശ സഹിതം എത്ര കോടി രൂപ വീതം വരും; വിശദമാക്കാമോ;

(ബി) 2015-16 കാലയളവിൽ എത്ര കോടി രൂപയുടെ കടം എടുക്കേണ്ടതായി വരുമെന്ന് കണക്കാക്കുന്നു; കടം എടുക്കാവുന്ന, കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച പരിധി എത്രയാണ്?

ബഡ്ജറ്റിലെ നടപ്പിലാക്കാത്ത പദ്ധതികൾ

72. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ അവതരിപ്പിച്ച ഓരോ ബഡ്ജറ്റിലും പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഇനിയും നടപ്പിലാക്കാതെ അവശേഷിക്കുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഏതെല്ലാം എന്ന് വർഷം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ?

ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച ചെലവ്

73. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനും പെൻഷൻ പരിഷ്കരണത്തിനും കൂടി തന്നാണ്ടിൽ വരുന്ന അധികചെലവ് എത്രയായിരിക്കുമെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് അദ്ധ്യാപകർ, ഡോക്ടർമാർ എഞ്ചിനീയർമാർ ഉൾപ്പെടെ മൊത്തം സർക്കാർ

ജീവനക്കാർ എത്ര; പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവർ മൊത്തം എത്ര;

(സി) ശമ്പളവും പെൻഷനും പരിഷ്കരിച്ചതനുസരിച്ച് നൽകുന്നതിന് അധികമായി വേണ്ടിവരുന്ന തുകയുടെ എത്ര ശതമാനം തുക ബഡ്ജറ്റിൽ അധികമായി വകയിരുത്തിയിട്ടുണ്ട്;

(ഡി) 2014-15 2015-16 എന്നീ വർഷത്തിൽ ശമ്പളം, പെൻഷൻ പരിഷ്കരണത്തിനുവേണ്ടി ബഡ്ജറ്റിൽ അധികമായി വകയിരുത്തപ്പെട്ടിരുന്ന തുക എത്ര കോടി വീതമായിരുന്നു; അതിപ്പോൾ ഏത് അക്കൗണ്ടിൽ കിടപ്പുണ്ട്; എന്തു തുകയുണ്ട്?

ഫയർസ്റ്റേഷന് ആസ്തിവികസന ഫണ്ടിൽ നിന്ന് തുക

74. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ടിൽ നിന്നും ഫയർ സ്റ്റേഷനുകൾക്ക് ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനായി എം.എൽ.എ മാർ സമർപ്പിച്ച അപേക്ഷകൾക്ക് അനുമതി നൽകാതെ ധനകാര്യ വകുപ്പ് തിരിച്ചയക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തടസ്സങ്ങൾ നീക്കി, ഫയർസ്റ്റേഷനുകൾക്ക് ആസ്തിവികസന ഫണ്ടിൽ നിന്നും ഉപകരണ സൗകര്യങ്ങളടക്കമുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ചാലക്കുടി ഫയർസ്റ്റേഷന് ഉപകരണങ്ങൾ വാങ്ങുന്നതടക്കമുള്ള വികസന പ്രവർത്തനങ്ങൾക്ക് ആസ്തിവികസന ഫണ്ടിൽ നിന്ന് തുക അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ അടിയന്തിര അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ധന ഉത്തരവാദിത്വ നിയമം

75. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കൊണ്ടുവന്ന ധന ഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള ലക്ഷ്യങ്ങൾ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ; ലക്ഷ്യവും നാളിതുവരെയുള്ള നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ;

(ബി) എന്തെല്ലാം കാര്യങ്ങളിലാണ് ലക്ഷ്യത്തിലെത്താൻ കഴിയാതെ പോയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ധവള പത്രം പുറത്തിറക്കുമോ; വ്യക്തമാക്കാമോ?

എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട്

76. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. യുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 2016-17 വർഷത്തെ 5 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി എന്നുമുതൽ കൊടുത്തു തുടങ്ങുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച പ്രൊപ്പോസലുകൾ നേരത്തേ സമർപ്പിക്കാൻ നിർദ്ദേശം നൽകുമോ?

കേരള സംസ്ഥാന സംരംഭക മിഷൻ

77. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സംരംഭക മിഷന്റെ കീഴിൽ ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇതുവരെ എത്ര പേർക്കാണ് ഇതിന്റെ ആനുകൂല്യങ്ങൾ കിട്ടിയിട്ടുള്ളത്; ഇതിനായി ചെലവഴിച്ച രൂപ എത്രയാണ്; ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ;

(സി) സംരംഭകർക്ക് നിലവിൽ എന്തെല്ലാം പരിശീലനങ്ങൾ നൽകിവരുന്നു ; ഓരോ സംരംഭത്തിനും എത്ര രൂപ വീതമാണ് സഹായം നൽകുന്നത്; വിശദമാക്കാമോ?

<u>മണ്ഡല ആസ്തി വികസന പദ്ധതി</u>

78. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ധനകാര്യവകുപ്പ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ധനകാര്യവകുപ്പിന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ആസ്തി വികസന പദ്ധതി</u>

79. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആസ്തി വികസന പദ്ധതി പ്രഖ്യാപിച്ചതിനുശേഷം ഇതിനകം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) അനുവദിച്ച ഫണ്ട് പ്രകാരം പൂർണ്ണമായും ഭരണാനുമതി നൽകിയ എത്ര നിയോജക മണ്ഡലങ്ങളാണ് സംസ്ഥാനത്തുള്ളത്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഫണ്ട് തീരെ ചെലവഴിക്കാത്ത ഏതെങ്കിലും നിയോജക മണ്ഡലം ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയൊണന്നു വ്യക്തമാക്കുമോ?

<u>ശമ്പള പരിഷ്കരണം</u>

80. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം എന്നത്തേക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) ശമ്പള പരിഷ്കരണ കമ്മീഷൻെറ കാലാവധി എന്നാണ് അവസാനിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ശമ്പള പരിഷ്കരണം</u>

81. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം കൊണ്ടുണ്ടാകുന്ന അധിക ബാധ്യത നിറവേറ്റുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകളുടെ ശമ്പള ശീർഷകങ്ങളിലായി അധികമായി വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; ഇതിനായി എത്ര തുക പിൻവലിച്ചു; വിശദമാക്കാമോ;

(ബി) ശമ്പള പരിഷ്കരണം കൊണ്ടുണ്ടാകുന്ന അധിക ബാധ്യത നിറവേറ്റുന്നതിലേക്ക് 2016-17 സാമ്പത്തിക വർഷത്തിൽ ആവശ്യമായ മൊത്തം തുക എത്രയായിരിക്കും; അതിൽ എത്ര തുക 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതുണ്ട്; വിശദമാക്കാമോ;

(സി) 1-3-14 മുതൽ മുൻകാല പ്രാബല്യം നൽകുന്നതിനാൽ നടപ്പ വർഷം ഇതിലേയ്ക്ക് വകയിരുത്തിയ തുക എത്രയായിരുന്നു;

<u>സഞ്ചിത കടം</u>

82. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള വായ്പാ പരിധി എത്ര കോടി രൂപയാണ് ;

(ബി) ആയതുപ്രകാരം 2015 നവംബർ 25 വരെ എത്ര കോടി വായ്പയെടുത്തു ; വ്യക്തമാക്കാമോ ;

(സി) 2015-16 സാമ്പത്തിക വർഷത്തിൽ നവംബർ 25 വരെ റിസർവ് ബാങ്കിന്റെ ഭരണാനുമതിയോടു കൂടി എത്ര തുക കടപ്പത്രം വഴി സമാഹരിച്ചു ; ഈ നടപ്പ് വർഷം ഇനി ഇത്തരത്തിൽ എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

(ഡി) നിലിവിൽ സംസ്ഥാനത്തിന്റെ സഞ്ചിത കടം എത്ര ; 2016 മാർച്ച് 31 ആകുമ്പോൾ ഇത് എത്രയാകുമെന്നാണ് കരുതുന്നത് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സഞ്ചിതകടം എത്രയായിരുന്നു ; വ്യക്തമാക്കാമോ ?

<u>ചരക്ക് സേവന നികുതി നടപ്പാക്കൽ</u>

83. **ഡോ.ടി.എം.തോമസ് ഐസക് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പാക്കുന്നത് സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഗുണദോഷഫലങ്ങൾ സംബന്ധിച്ച വിലയിരുത്തലുകൾ വിശദമാക്കുമോ;

(സി) ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ജി.എസ്.ടി സംസ്ഥാനത്തിന് ഗുണകരമാകുന്നതെങ്ങനെയെന്ന് വിശദമാക്കുമോ;

(ഡി) കേന്ദ്ര ഗവൺമെന്റ് അയച്ചുതന്ന മോഡൽ നിയമനിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; എന്തെല്ലാം നിലയിലുള്ള ഭേദഗതികളോടുകൂടിയാണ് സംസ്ഥാന സർക്കാർ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്?

<u>റവന്യൂ കമ്മി ഗ്രാന്റ്</u>

84. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കമ്മി ഗ്രാന്റ് ലഭിക്കുന്നതിലേക്ക് പതിനാലാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു ; അതിൽ ഏതെല്ലാം സർക്കാർ പാലിക്കുകയുണ്ടായി ;

(ബി) റവന്യൂ കമ്മി ഗ്രാന്റ് ധനകാര്യ കമ്മീഷൻ അവാർഡ് ചെയ്ത പ്രകാരം ലഭിക്കാനർഹതയുണ്ടായിരുന്ന തുക എത്ര; 2015 - 16 ന് എത്രയായിരുന്നു അർഹതയുണ്ടായിരുന്നത്; ലഭിച്ചത് എത്ര ;

(സി) അതിന്റെ ഭാഗമായി റവന്യൂ കമ്മിയിൽ എത്ര കുറവ് വരുകയുണ്ടായി ; 2015 -16 ൽ റവന്യൂ കമ്മി എത്ര കോടി ആയിരിക്കുമെന്നാണ് ബഡ്ജറ്റിൽ കണക്കാക്കിയിരുന്നത് ; അത് എത്രയായിതീർന്നിട്ടുണ്ട് ?

<u>റവന്യൂ കമ്മി കുറയ്ക്കാൻ നടപടികൾ</u>

85. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കമ്മി കുറച്ച്കൊണ്ട് വരാൻ ഈ സർക്കാർ നടപ്പാക്കിയ ഫലപ്രദമായ ഏതെങ്കിലും നടപടികൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുന്നവർഷം റവന്യൂ കമ്മി എത്രയായിരുന്നു; അതിപ്പോൾ എത്ര;

(സി) റവന്യൂ കമ്മി പൂജ്യത്തിലെത്തിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ട വർഷം ഏതായിരുന്നു;

(ഡി) ഈ സർക്കാർ ഓരോ വർഷവും എത്ര ശതമാനം വീതം റവന്യൂ കമ്മി കുറച്ച് കൊണ്ടു വരികയുണ്ടായി?

റവന്യൂ കമ്മി നികത്തുന്നതിനുള്ള നടപടി

86. ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷന്റെ അവാർഡ് പ്രകാരം റവന്യൂ കമ്മി നികത്തുന്നതിന് ഏതെല്ലാം വർഷങ്ങളിലായി എത്ര തുക വീതം സംസ്ഥാനത്തിന് ലഭിക്കേണ്ടതുണ്ട്; 2015-16 ൽ ലഭിച്ച തുക എത്ര;

(ബി) കേന്ദ്ര നികുതികളിൽ നിന്നുള്ള വിഹിതം 32% ത്തിൽ നിന്നും 42% മായി ഉയർത്തിയതിന്റെ ഭാഗമായി 2015-16 ൽ ലഭിച്ച തുക എത്ര; 2015-16 ൽ മുൻ വർഷത്തേതിനെക്കാൾ എത്ര തുക അധികം ലഭിച്ചു; 2016-17 ൽ പ്രതീക്ഷിക്കുന്നത് എത്ര തുകയാണ് ;

(സി) കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് ഇൻ എയിഡായി 2015-16 ൽ നൽകിയത് എത്ര തുകയാണ്; 2014-15 നെക്കാൾ എത്ര തുക കൂടുതൽ ലഭിച്ചു; 2016-17 ൽ പ്രതീക്ഷിക്കുന്ന തുക എത്ര;

(ഡി) 2015-16 ൽ കേന്ദ്രാവിഷ്കൃത പദ്ധതി സഹായമായി ലഭിച്ച മൊത്തം തുക എത്ര; 2014-15 നെക്കാൾ എത്ര തുക കൂടുതൽ ലഭിച്ചു; 2016-17 ൽ പ്രതീക്ഷിക്കുന്ന തുക എത്ര?

റവന്യൂ വരുമാനം

87. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് ചെയ്ത സ്റ്റേറ്റ് ടാക്സും , ഡ്യൂട്ടീസും ഇനത്തിൽ ഓരോ മാസവും ലഭിച്ച ലാന്റ് റവന്യൂ, സ്റ്റാമ്പ് ആന്റ് രജിസ്ട്രേഷൻ, സ്റ്റേറ്റ് എക്സൈസ്, സെയിൽ ടാക്സ്ആന്റ് വാറ്റ്, ടാക്സസ് ഓൺ വെഹിക്കിൾ, മറ്റ് നികുതികളും ടാക്സുകളും എന്നീ ഇനത്തിലെ റവന്യൂ വരുമാനം എത്രയാണെന്ന് വിശദമാക്കാമോ;

(ബി) മേൽപ്പറഞ്ഞ നികുതിയിനത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ ഇതുവരെ ഓരോ മാസവും ലഭിച്ചത് എത്ര തുക വീതമാനണന്ന വിവരം ലഭ്യമാക്കുമോ ;

(സി) ഏതെല്ലാം ഇനത്തിലാണ് ഓരോ മാസവും റവന്യൂ വരുമാനം പിന്നിട്ട വർഷത്തിനേക്കാൾ കുറവ് ഉണ്ടായിട്ടുള്ളത് ; വിശദമാക്കാമോ?

നടപ്പ് വർഷത്തെ മൂലധനച്ചെലവ്

88. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂലധനച്ചെലവ് നടപ്പ് വർഷം ഒക്ടോബർ 31 വരെ എത്രയായിരുന്നു; കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയായിരുന്നു; വ്യക്തമാക്കാമോ;

(ബി) ഒക്ടോബർ 31 വരെയുള്ള സാമൂഹ്യ ക്ഷേമ പെൻഷൻ ഗഡുക്കൾ കൊടുത്ത് തീർത്തിട്ടുണ്ടോ; ആയതിനായി എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കാമോ;

(സി) വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി വിപണിയിൽ ഇടപെടുന്നതിന് 2015 ഒക്ടോബർ 31 വരെ എന്തു തുക ചെലവഴിച്ചു;

(ഡി) 2015 ഒക്ടോബർ 31 വരെ നികുതിയിനത്തിൽ ഏറ്റവും കൂടുതൽ തുക സമാഹരിക്കുവാൻ കഴിഞ്ഞ വകുപ്പ് ഏത്; എത്ര തുക സമാഹരിച്ചു; വ്യക്തമാക്കാമോ?

പദ്ധതി വിഹിതത്തിലെ കുറവ്

89. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവിറക്കിയതിനു ശേഷം തുടർച്ചയായി ഓരോ വർഷവും ഉത്തരവ് നടപ്പിലാക്കാൻ വിസമ്മതിച്ചതിച്ചിട്ടുണ്ടോ;എങ്കിൽ അത് എന്തു കൊണ്ടായിരുന്നു;

(ബി) ഇതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ വർഷവും അർഹതപ്പെട്ടിരുന്ന തുകയിൽ എത്ര കുറവ് വന്നിട്ടുണ്ട്;

(സി) 2015-16 ൽ ലോക്കൽ ബോഡീസിൽ അർഹതപ്പെട്ട തുകയിൽ ഉണ്ടാകുന്ന കുറവെത്രയായിരിക്കുമെന്ന് അറിയിക്കുമോ?

<u>പദ്ധതി/പദ്ധതി ഇതര ചെലവുകൾ</u>

90. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 നും അതിന് ശേഷമുള്ള സംസ്ഥാന ബഡ്ജറ്റുകളിലും പദ്ധതി/പദ്ധതി ഇതര ചെലവുകൾക്കായി വകയിരുത്തുകയും ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെടുകയും ചെയ്ത തുകയിൽ ഏതെല്ലാം വകുപ്പുകളുടെ തുകയാണ് ചെലവാകാതെ ട്രഷറിയിൽ തന്നെ കിടക്കുന്നതെന്ന് വിശദമാക്കാമോ ; ഇപ്രകാരം ട്രഷറി അക്കൗണ്ടുകളിൽ തന്നെ നിക്ഷേപിക്കപ്പെട്ട മൊത്തം തുക എത്ര ; ട്രഷറിയിൽ നിന്നും പിൻവലിച്ച് മറ്റേതെങ്കിലും ബാങ്കുകളിൽ നിക്ഷേപിക്കപ്പെട്ട തുക ഏതൊക്കെ ; മൊത്തം എത്ര ;

(ബി) 2011-12 മുതൽ 2015-16 വരെയുള്ള പദ്ധതി ചെലവുകളിലും പദ്ധതി ഇതര ചെലവുകളിലും അൻപത് ശതമാനത്തിൽ കുറഞ്ഞ പെർഫോമൻസ് കാഴ്ചവച്ച വകുപ്പുകൾ ഏതൊക്കെ ; ഇക്കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതായ വകുപ്പുകൾ ഏതൊക്കെ ; വിശദമാക്കാമോ ;

<u>ഉഴവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം</u>

91. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഴവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഉഴവൂർ സബ് ട്രഷറിയുടെ സ്ഥലം വിട്ട് കിട്ടിയിട്ടുണ്ടോ ; ട്രഷറി നിർമ്മാണത്തിനും ഇതിനോടനുബന്ധിച്ചുള്ള മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനും പി ഡബ്ല്യ ഡി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പി ഡബ്ല്യ ഡി ചീഫ് എൻജിനീയറുടെ ഓഫീസിൽ 2015/2471 നമ്പരിൽ നിലവിലുള്ള ഫയൽ സർക്കാരിലേക്ക് അയച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള കാലതാമസം വ്യക്തമാക്കാമോ ; പ്രസ്തുത ഡി പി ആർ എത്രയും വേഗം സർക്കാരിലേക്ക് അയച്ച് എ സ് നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

<u>കാരുണ്യ ലോട്ടറി വഴി പിരിഞ്ഞു കിട്ടിയ തുക</u>

92. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി വഴി നാളിതുവരെ എത്ര 1തുകയാണ് പിരിഞ്ഞു കിട്ടിയിട്ടുള്ളത്;

(ബി) എത്ര തുക രോഗികൾക്കായി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നുമുള്ള സഹായം രോഗികൾക്ക് ലഭ്യമാക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ?

<u>കാരുണ്യ ധനസഹായം വർദ്ധിപ്പിക്കാൻ നടപടി</u>

93. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എതൊക്കെ മാരക രോഗങ്ങൾക്കാണ് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നു ധനസഹായം ലഭ്യമാക്കുന്നത്;

(ബി) നിലവിൽ നൽകുന്ന രണ്ട് ലക്ഷം രൂപ മാരക രോഗങ്ങളുടെ ചികിത്സയ്ക്ക് മതിയാവുകയില്ലെന്നതിനാൽ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>കാരുണ്യ ബെനവലന്റ് ഫണ്ട് പ്രകാരമുള്ള ചികിൽസാ ധനസഹായം</u>

94. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും സർക്കാരിന്റെ പ്രത്യകാനുമതി വാങ്ങിയ ചികിൽസാ ധനസഹായത്തിനായുള്ള അപേക്ഷകളിൽ മാസങ്ങൾ പിന്നിട്ടിട്ടും ധനസഹായം അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പെഷ്യൽ ഓർഡർ നൽകുന്നത് നിലവിൽ നിർത്തലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ അവ പുന:പരിശോധിക്കുന്നതിനും എത്രയും വേഗം ചികിൽസാ ധനസഹായം അനുവദിക്കുവാനും നടപടികൾ സ്വീകരിക്കുമോ?

<u>സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ചെലവുകൾക്ക് വകയിരുത്തപ്പെട്ട തുക</u>

95. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെയുള്ള സംസ്ഥാന ബഡ്ജറ്റിൽ പദ്ധതി ചെലവുകൾക്കും പദ്ധതി ഇതര ചെലവുകൾക്കും ഓരോ വർഷവും വകയിരുത്തപ്പെട്ട തുകയുടേയും അതിൽ ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെട്ട യഥാർത്ഥ ചെലവുകളുടേയും തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം തുക യഥാർത്ഥത്തിൽ പദ്ധതികൾക്കായി പിൻവലിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പിൻവലിച്ച തുകയിൽ ഇപ്പോഴും വിവിധ അക്കൗണ്ടുകളിലായി ട്രഷറിയിൽ കിടക്കുന്ന തുക എത്ര?

<u>സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>

96. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ ഏത് ഘട്ടത്തിലാണ്; ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ബി) ഏത് മാസം മുതൽ പരിഷ്കരിച്ച ശമ്പളം ജീവനക്കാർക്ക് നൽകുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്?

<u>കശുവണ്ടി വികസന കോർപ്പറേഷൻ</u>

97. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ അഡീഷണൽ സെക്രട്ടറിയായി നിയമിതനായ ശ്രീ. കെ..എം എബ്രഹാം, വൻകിട കശുവണ്ടി ഫാക്ടറി ഉടമകളുമായി ഗൂഡാലോചനയിൽ ഏർപ്പെട്ടതായും അത് വഴി കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശമുള്ള ഇരുപത് ലീഡ് ഫാക്ടറികൾ തിരിച്ച് നൽകേണ്ടി വന്നതും സംബന്ധിച്ച് ആക്ഷേപം ഉന്നയിച്ചുകൊണ്ട് ഐ.എൻ.ടി.യു.സി. സംസ്ഥാന പ്രസിഡന്റ് ശ്രീ.ആർ. ചന്ദ്രശേഖരന്റെ പ്രസ്താവന ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കശുവണ്ടി വികസന കോർപ്പറേഷന് അനുവദിച്ച തുക ലഭ്യമാക്കാത്തതിൽ പ്രതിഷേധിച്ച് ഐ.എൻ.ടി.യു.സി. പ്രസിഡന്റ് കൂടിയായ കോർപ്പറേഷൻ ചെയർമാൻ ആർ. ചന്ദ്രശേഖരന് സെക്രട്ടേറിയറ്റിന് മുന്നിൽ നിരാഹാര സത്യാഗ്രഹം നടത്തിയിട്ടുണ്ടായിരുന്നുവോ;

(സി) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വകയിരുത്തിയ തുക</u>

98. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി 2005-06 മുതൽ 2014-15 വരെ ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റുകളിൽ വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) 2007-08 മുതൽ 2011-12 വരെയുള്ള ബഡ്ജറ്റുകളിൽ വകയിരുത്തപ്പെട്ട മൊത്തം തുക എത്ര; 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയായിരുന്നു; 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു.; 2016-17 ബഡ്ജറ്റിൽ എന്തു തുക വകയിരുത്തേണ്ടതായിട്ടുണ്ട്; വിശദമക്കാമോ?

## ബാർകോഴ കേസ്സിനു ചെലവായ തുക

99. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ കേസ്സിന് സുപ്രീം കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന മുതിർന്ന അഭിഭാഷകരെ നിയോഗിച്ചതിന് സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിരുന്നോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാന സർക്കാരിന്റെ ഏത് സാമ്പത്തിക ചട്ടപ്രകാരമാണ് പ്രസ്തുത തുക വിനിയോഗിച്ചത് എന്ന് വിശദമാക്കാമോ ;

(ഇ) ഈ കാര്യത്തിൽ സാമ്പത്തിക നടപടി ക്രമത്തിന്റെ ലംഘനം ഉണ്ടായിട്ടുണ്ടോ ?

## ബഡ്ജറ്റ് പദ്ധതികൾ

100. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റുകളിലൂടെ പുതുതായി പ്രഖ്യാപിക്കപ്പെട്ട മൊത്തം പദ്ധതികൾ എത്രയായിരുന്നു; അവയിൽ പൂർണ്ണമായും നടപ്പിലാക്കപ്പെട്ടവ എത്ര; ഭാഗികമായി മാത്രം നടപ്പിലാക്കപ്പെട്ടവ എത്ര; ഭരണാനുമതി നൽകിയെങ്കിലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തവ എത്ര; ഓരോ വർഷവും നടപ്പിലാക്കാൻ സാധിക്കാതെ പോയവ എത്ര; വിശദമാക്കുമോ ;

(ബി) എല്ലാ ബഡ്ജറ്റുകളിലും കൂടിയുള്ള മൊത്തം ബഡ്ജറ്റ് എസ്റ്റിമേറ്റ് തുക എത്ര; ഇതിൽ പദ്ധതി നടത്തിപ്പുകൾക്കായി പിൻവലിക്കപ്പെട്ട തുക എത്ര; പിൻവലിക്കപ്പെട്ട തുകയിൽ ഇപ്പോഴും വിനിയോഗിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ കിടക്കുന്നവ മൊത്തം എത്ര കോടി രൂപയാണ്; വിശദമാക്കുമോ ;

(സി) പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഏറ്റവും പിന്നോക്കമായിരുന്ന വകുപ്പുകൾ ഏതൊക്കെയായിരുന്നു?

## പെൻഷൻ പ്രായം

101. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അധ്യാപകരുടെയും പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ വിഭാഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായമാണ് ഉയർത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ ?

<u>കർഷകക്ഷേമം</u>

102. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും കർഷകരുടെ ക്ഷേമത്തിനായും വികസനത്തിനായും എത്ര കോടി രൂപ വീതം ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടിട്ടുണ്ടായിരുന്നു; ഇതിൽ ഓരോ വർഷവും പിൻവലിക്കപ്പെട്ട യഥാർത്ഥ ചെലവ് എത്ര കോടി രൂപ വീതമായിരുന്നു; അക്കൌണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം വിശദമാക്കാമോ; പിൻവലിക്കപ്പെട്ട തുകയിൽ ഇപ്പോഴും വിവിധ അക്കൗണ്ടുകളിൽ കിടക്കുന്ന തുക എത്ര?

<u>സാമ്പത്തിക അച്ചടക്കം നടപ്പിലാക്കുന്നത് സംബന്ധിച്ച്</u>

103. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക കാര്യത്തിൽ അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ എടുത്ത പ്രമുഖ തീരുമാനങ്ങൾ വിശദമാക്കാമോ;

(ബി) ഈ രംഗത്ത് സർക്കാരിന്റെ പരിഗണനയിലുള്ള മറ്റ് പരിപാടികൾ വെളിപ്പെടുത്താമോ;

(സി) തീരുമാനങ്ങളിൽ ഏതെങ്കിലും പൂർണമായും നടപ്പാക്കാൻ സാധ്യമാകുകയുണ്ടായോ; നടപ്പിലാക്കാൻ കഴിഞ്ഞവ ഏതെല്ലാം; മന്ത്രിമാരുടെ എണ്ണത്തിൽ കുറവ് വരുത്തുകയുണ്ടായോ; എ.ഡി.ജി.പി.മാരുടെ തസ്തികകൾ എത്ര കുറച്ചു; ഏതെല്ലാം പാഴ് ചെലവുകൾ വെട്ടിച്ചുരുക്കുകയുണ്ടായി?

<u>ബഡ്ജറ്റിൽ പദ്ധതി/പദ്ധതി ഇതര ചെലവുകൾക്ക് വകയിരുത്തപ്പെട്ട തുക</u>

104. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെയുള്ള ഓരോ വർഷവും ബഡ്ജറ്റിൽ പദ്ധതി/പദ്ധതി ഇതര ചെലവുകൾക്ക് മൊത്തം വകയിരുത്തപ്പെട്ട തുകയും, അതിൽ അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം പിൻവലിക്കപ്പെട്ട യഥാർത്ഥ ചെലവും മൊത്തം എത്രയാണെന്നും, വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം തുക യഥാർത്ഥത്തിൽ ചെലവായിട്ടുണ്ടെന്നും വിശദമാക്കാമാമോ;

(ബി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, പദ്ധതിയുടെ എത്ര ശതമാനം വീതം നീക്കിവെച്ചിട്ടുണ്ടായിരുന്നു; ഓരോ വർഷവും നീക്കിവെക്കപ്പെട്ട തുകയുടെ എത്ര ശതമാനം തുക യഥാർത്ഥത്തിൽ പിൻവലിക്കപ്പെടുകയുണ്ടായിട്ടുണ്ട്; അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

<u>സർക്കാർ മേഖലയിലെ പുതിയ പെൻഷൻ സ്കീം</u>

105. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ പെൻഷൻ സ്കീം അനുസരിച്ച് സർക്കാർ മേഖലയിൽ വിവിധ വകുപ്പുകളിൽ എത്ര ജീവനക്കാരാണ് സർക്കാർ സർവ്വീസിൽ നിയമനം ലഭ്യമായിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) തസ്തികകൾ തിരിച്ച് വ്യക്തമാക്കാമോ;

(സി) ജീവനക്കാരുടെ വിഹിതമായി എത്ര രൂപയാണ് ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുള്ളത്; സർക്കാർ എത്ര തുകയാണ് ഇതുവരെ നിക്ഷേപിച്ചിട്ടുള്ളത്; ഏത് ധനകാര്യ സ്ഥാപനത്തിലാണ് നിക്ഷേപം നടത്തിയത് വിശദമാക്കാമോ;

(ഡി) പുതിയ പെൻഷൻ സ്കീം ജീവനക്കാർക്ക് എത്രപേർക്ക് പ്രാൺ നമ്പർ നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

സർക്കാർ ജീവനക്കാർ

106. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അദ്ധ്യാപകരും ഡോക്ടർമാരും ഉൾപ്പെടെ ആകെ എത്രസർക്കാർ ജീവനക്കാരുണ്ട്; 2010-11സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എത്ര കോടിയായിരുന്നു; ആ വർഷം ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകുന്നതിന് ചെലവായിരുന്ന തുക എത്രയായിരുന്നു;

(ബി) 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം എത്രയായിരുന്നു; ആ വർഷം ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനും വേണ്ടി ചെലവായിരുന്ന മൊത്തം തുക എത്രയായിരുന്നു;

(സി) 2015-16 വർഷത്തെ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്ന മൊത്തം റവന്യൂ വരുമാനം എത്ര; ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതിന് പ്രതീക്ഷിച്ച ചെലവ് എത്ര;

(ഡി) കഴിഞ്ഞ അഞ്ച് വർഷത്തെ റവന്യൂ വരുമാനവും ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനും ചെലവാകുന്ന തുകയും സംബന്ധിച്ച് വിലയിരുത്തി വിശദമാക്കാമോ?

സർക്കാർ കരാറുകാരുടെ കുടിശ്ശിക

107. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കരാറുകാരുടെ കുടിശ്ശിക 2015 ഡിസംബറിനകം പൂർണമായും കൊടുത്തു തീർക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവോ; എങ്കിൽ പ്രഖ്യാപനം നടപ്പിലാക്കുകയുണ്ടായോ; നിലവിലുള്ള മൊത്തം കുടിശ്ശികയുടെ കണക്കുകൾ വെളിപ്പെടുത്താമോ;

(ബി) ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ഈ വർഷം സംസ്ഥാനത്തിന് കൂടുതൽ കേന്ദ്ര സഹായം കിട്ടിയിട്ടും, കരാറുകാരുടെ കുടിശ്ശിക പൂർണമായും നൽകാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്നു വ്യക്തമാക്കാമോ?

ബഡ്ജറ്റിൽ നിർദ്ദേശിച്ച പദ്ധതികളും പരിപാടികളും സംബന്ധിച്ച വിവരങ്ങൾ

108. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകൾ ഓരോന്നിലെയും നിർദ്ദേശങ്ങൾ എത്രവീതമായിരുന്നു;വ്യക്തമാക്കുമോ;

(ബി) ബഡ്ജറ്റിൽ നിർദ്ദേശിച്ച പദ്ധതികളും പരിപാടികളും പൂർണ്ണമായും അതാത് വർഷത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ;

(സി) അതാത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കാത്ത ബഡ്ജറ്റ് നിർദ്ദേശങ്ങൾ എത്രവീതമായിരുന്നു; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഓരോ ബഡ്ജറ്റ് പ്രസംഗത്തിലൂടെയും പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെയും പരിപാടികളുടേയും നടത്തിപ്പിനാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ; ഓരോ ബഡ്ജറ്റിലും പുതുതായി പ്രഖ്യാപിച്ച നിർദ്ദേശങ്ങൾ എത്ര കോടിയുടേതായിരുന്നു; അതിനായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന തുകയുടെ വിവരം ലഭ്യമാക്കുമോ?

സർക്കാർ ജീവനക്കാരുടെയും  െപൻഷൻകാരുടെയും എണ്ണം

109. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഖജനാവിൽ നിന്നും ശമ്പളം പറ്റുന്ന സർക്കാർ ജീവനക്കാർ എത്രയായിരുന്നു; ഇപ്പോൾ എത്രപേരുണ്ട്; ഇതിനിടയിൽ റിട്ടയർമെന്റ്/മരണം തുടങ്ങിയവ വഴി

സർവ്വീസിൽ നിന്നും ഒഴിവാക്കപ്പെട്ടവർ എത്ര; സർക്കാർ നിറുത്തൽ ചെയ്ത തസ്തികകൾ എത്ര; പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ എത്ര; പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ എയഡഡ് മേഖലയിൽ എത്രയായിരുന്നു;

(ബി) സംസ്ഥാനത്ത് സർവ്വീസിൽ നിന്നും പെൻഷൻ പറ്റി ഇപ്പോഴും പെൻഷൻ വാങ്ങിച്ചുകൊണ്ടിരിക്കുന്നവർ എത്ര?

സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളപരിഷ്കരണം

110. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളപരിഷ്കരണം അവസാനമായി നടത്തിയത് എന്നാണ്; എത്ര വർഷത്തിലൊരിക്കലാണ് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് ; അടുത്ത ശമ്പളപരിഷ്കരണം എന്നാണ് നടപ്പിലാക്കേണ്ടത് എന്ന് അറിയിക്കാമോ?

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം

111. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം ഏത് തീയതി അടിസ്ഥാനമാക്കിയാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) നിലവിലെ ശമ്പള കമ്മീഷൻ സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ ശമ്പളപരിഷ്കരണം എന്നു മുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം അഞ്ച് വർഷത്തിൽ ഒരിക്കൽ പുതുക്കി നിശ്ചയിക്കാറുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത രീതി തുടരുമോ?

ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയ്ക്കുള്ള ഭരണാനുമതി

112. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം വരെ ഭരണാനുമതി നൽകാം എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ പരിധിയ്ക്കു മുകളിൽ ഏതെങ്കിലും ഭരണ വകുപ്പുകൾ ഭരണാനുമതി നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം വകുപ്പുകൾ എന്ന് വിശദമാക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പരിധിയ്ക്ക് പുറത്ത് ഭരണാനുമതി നൽകിയ ഇനങ്ങളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് വെളിപ്പെടുത്തുമോ?

പൊതുഖജനാവിലെ സാമ്പത്തികസ്ഥിതി

113. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതു ഖജനാവിൽ പണം മിച്ചമുണ്ടായിരുന്നോ ; എങ്കിൽ എത്ര രൂപ മിച്ചമുണ്ടായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിൽ സംസ്ഥാനത്തിന്റെ പൊതുകടം എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഓരോ വർഷവും കടപ്പത്രം മുഖേന പൊതു വിപണിയിൽ നിന്ന് സർക്കാർ എത്ര രൂപ കടമെടുത്തു എന്നും എത്ര രൂപ കടമെടുക്കുന്നതിനാണ് അനുമതിയുള്ളത് എന്നും വ്യക്തമാക്കുമോ ; ഇതിൽ എത്ര രൂപ ഇതിനകം വാങ്ങിയിട്ടുണ്ട് എന്നും അറിയിക്കുമോ ?

<u>സർക്കാരിന്റെ കടബാദ്ധ്യത</u>

114. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ 2015 വരെ ഓരോ വർഷവും സർക്കാർ എത്ര തുക വീതം കടമെടുത്തുവെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത വർഷങ്ങളിൽ ഏതെങ്കിലും വർഷം പരിധിയിൽ താഴെ സർക്കാർ കടമെടുത്തിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയെന്നും സർക്കാർ വന്നതിനു ശേഷം എത്ര തുക കടമെടുത്തിട്ടുണ്ട് എന്നും ഇപ്പോൾ ആകെ പൊതു കടം എത്രയെന്നും വെളിപ്പെടുത്താമോ;

(സി) 2006 മുതൽ 2015 വരെ ഓരോ വർഷവും കടബാദ്ധ്യതയുടെ തിരിച്ചടവിനായി പ്രതി വർഷം എത്ര തുക വീതം ചെലവഴിക്കുന്നുണ്ടെന്നും ഇതിൽ പലിശ ഇനത്തിലും മുതൽ ഇനത്തിലും എത്ര തുക വീതമെന്നും വെളിപ്പെടുത്തുമോ?

<u>ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ</u>

115. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ബഡ്ജറ്റുകളിൽ ഓരോ വർഷവും പുതുതായി പ്രഖ്യാപിച്ച പദ്ധതികളുടെ എണ്ണവും ഓരോ വർഷവും യഥാർത്ഥത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞ പദ്ധതികളുടെ എണ്ണവും വിശദമാക്കാമോ;

(ബി) ഓരോ ബഡ്ജറ്റിലും പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി അതത് വർഷം ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നു ; അതിൽ യഥാർത്ഥത്തിൽ പിൻവലിക്കപ്പെട്ട തുക ഓരോ വർഷവും എത്ര വീതമായിരുന്നു; അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകളും കൂടി പരിഗണിച്ച് വിശദമാക്കാമോ?

<u>ശമ്പളകമ്മീഷൻ റിപ്പോർട്ട് നടപടികൾ</u>

116. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 10-ാം ശമ്പളകമ്മീഷൻ ജൂലൈ 13-ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനുവേണ്ടി നിയുക്തമായ ക്യാബിനറ്റ് സബ്കമ്മിറ്റി യോഗം എത്ര പ്രാവശ്യം കൂടിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സബ്കമ്മിറ്റിയുടെ തീരുമാനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) ബഹു. ധനകാര്യവകുപ്പ് മന്ത്രി രാജിവച്ചതിനെതുടർന്ന് ക്യാബിനറ്റ് കമ്മിറ്റിയുടെ ചുമതല ആർക്കെങ്കിലും നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കാണെന്ന് വിശദമാക്കുമോ;

(ഇ) 2014 ജൂലൈ 1 മുതൽ കുടിശ്ശിക ഉൾപ്പെടെയുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ഉറപ്പ് വരുത്തുമോ;

(എഫ്) 2014 ജൂലൈ 1 മുതൽ പ്രാബല്യം നൽകി ശമ്പളപരിഷ്കരണം ഏത് തീയതിയിൽ ഉത്തരവാകും എന്ന് വിശദമാക്കാമോ?

<u>സംസ്ഥാനത്തിന്റെ പൊതുകടവും ട്രഷറി നിക്ഷേപങ്ങളും</u>

117. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടിയായിരുന്നു; അത് 2016 മാർച്ച് 31 ന് എത്രയായി വർദ്ധിച്ചു; 2016-17 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ പൊതുകടം എത്രയായി വർദ്ധിക്കാൻ സാധ്യതയുളളതായി കണക്കാക്കുന്നു; വിശദമാക്കാമോ;

(ബി) ഈ സർക്കാർ ആകെ എത്ര തവണ കടമെടുക്കുകയുണ്ടായി;

(സി) സർക്കാർ കൊടുത്ത് തീർക്കാൻ ബാക്കിയുള്ള ട്രഷറി നിക്ഷേപങ്ങൾ എത്ര കോടിയാണെന്ന് വിശദമാക്കാമോ ; ട്രഷറി തിരിച്ച നൽകേണ്ടതായ മൊത്തം നിക്ഷേപം എത്ര കോടിയാണ് വിശദമാക്കാമോ?

## സംസ്ഥാനത്തിന്റെ ആളോഹരി കടം

118. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ ആളോഹരി കടം എത്ര രൂപയായിരുന്നു; അതിപ്പോൾ എത്രയായി വർദ്ധിച്ചിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു; അതിപ്പോൾ എത്രയാണ്?

## സംസ്ഥാനത്തിന്റെ വരുമാന വർദ്ധനവ്

119. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ വരുമാനം ആകെ എത്ര കോടി ആയിരുന്നു; 2015-16 വർഷത്തിൽ അത് എത്ര കോടിയായി വർദ്ധിക്കുമെന്നാണ് കരുതുന്നത്; ബഡ്ജറ്റ് കണക്കുകൾ പ്രകാരം വിശദമാക്കാമോ; 2010-11 ന്റെ വരുമാനത്തിന്റെ എത്ര ശതമാനം വർധന 2015-16ൽ ഉണ്ടാകുമെന്നും 2014-15ൽ എത്ര ശതമാനം വർധന ഉണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളത്തിനും പെൻഷനുമായി 2010-11 വർഷത്തിൽ ചെലവായിരുന്ന ആകെ തുക എത്രയാണ്; 2014-15ൽ അത് എത്രയായി വർധിച്ചു; 2010-11 ന്റെ എത്ര ശതമാനം വർധന 2014-15ൽ ഉണ്ടായി; 2015-16 ൽ 2010-11 ന്റേതിനെക്കാൾ എത്ര ശതമാനം വർധന പ്രതീക്ഷിക്കുന്നു; ബഡ്ജറ്റ് കണക്കുകളുടെയടിസ്ഥാനത്തിൽ വിശദമാക്കാമോ?

## സംസ്ഥാനത്തിന്റെ ധനസ്ഥിതി

120. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഇപ്പോൾ കടക്കെണിയിലാണോ; സംസ്ഥാനത്തിന്റെ ധനസ്ഥിതിയെക്കുറിച്ചുള്ള യഥാർത്ഥ ചിത്രം വിശദമാക്കാൻ തയ്യാറാകുമോ; നിത്യചെലവുകൾ നിർവ്വഹിക്കാൻ പോലും കഴിയാത്ത അവസ്ഥയിലേക്ക് സംസ്ഥാനത്തിന്റെ ധനസ്ഥിതി എത്തിച്ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ നാളിതുവരെയുള്ള കാലയളവിൽ സംസ്ഥാനം എത്ര കോടി രൂപയുടെ കടം എടുക്കുകയുണ്ടായി; കടബാധ്യതകൾ എത്ര കോടിയിൽ നിന്ന് എത്ര കോടിയായി ഉയരുകയുണ്ടായി;

(സി) റവന്യൂ വരവിൽ ഉണ്ടായ കുറവിന് പ്രമുഖമായ കാരണങ്ങൾ എന്തെല്ലാമായിരുന്നു; റവന്യൂ ചെലവ് കുറയ്ക്കുന്നതിന് മന്ത്രിമാരുടെ എണ്ണം കുറയ്ക്കുന്നതുൾപ്പെടെയുള്ള എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി;

(ഡി) പണം ദുർവ്യയം ചെയ്ത് റവന്യു കമ്മിയും ധനകമ്മിയും വർദ്ധിപ്പിച്ച് അധിക ബാധ്യത ഉണ്ടാക്കുകയുണ്ടായോ ;വിശദമാക്കുമോ?

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

121. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി എത്ര കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിന് ലഭിച്ചിട്ടുണ്ട്; ഏതെല്ലാം പദ്ധതികളാണ് ലഭിച്ചതെന്നും ആയതിന് എത്ര തുക വീതം ലഭിച്ചുവെന്നുമുള്ള വിവരം നൽകുമോ;

(ബി) 2015 നവംബർ 1 വരെ ആയതിന്റെ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട്;

(ഡി) സമയബന്ധിതമായി പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുവാൻ കഴിയാതെ വന്നിട്ടുള്ള സാഹചര്യത്തിൽ പുതിയ പദ്ധതികൾ കേന്ദ്രം കേരളത്തിന് നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി

122. ഡോ.ടി.എം.തോമസ് ഐസക്
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.കെ.കെ.നാരായണൻ
,, എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വിശദമായി വെളിപ്പെടുത്തുമോ ;

(സി) ശമ്പള പരിഷ്കരണം വഴിയുണ്ടാകുന്ന കുടിശ്ശിക, കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക, മരുന്നു വാങ്ങിയതിനും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുന്നതിനും നെല്ല് ഉൾപ്പെടെ സംഭരിച്ച ഇനത്തിലുമുള്ള കുടിശ്ശിക, തിരിച്ചടക്കാനുള്ള കടം, എം.എൽ.എ.മാരുടെ പ്രാദേശിക വികസന നിധി, ആസ്തി വികസന ഫണ്ട് തുടങ്ങിയ ഏതെല്ലാം ഇനത്തിൽ എന്തു തുക വീതം നൽകുവാൻ നിലവിൽ കുടിശ്ശികയായിട്ടുണ്ട് ; നിലവിൽ കടബാദ്ധ്യത എത്ര ; വിശദമാക്കുമോ ;

(ഡി) വികസന ചെലവിന്റെ കാര്യത്തിൽ സംസ്ഥാനം പിറകിലായിരിക്കെ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി സന്നിദ്ധാവസ്ഥയിലായതിന്റെ കാരണം എന്താണ് ; ധനകാര്യമാനേജ്മെന്റിലെ പാളിച്ചകൾ എന്തെല്ലാമായിരുന്നു ; നികുതി പിരിവിലെ വീഴ്ചകളും കെടുകാര്യസ്ഥതയും റവന്യൂ വരുമാനത്തെ എപ്രകാരം ബാധിച്ചു?

പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിലും വിതരണം ചെയ്യപ്പെടുന്നതിലും ഉണ്ടായ വീഴ്ച

123. ശ്രീ.കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ൽ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യേണ്ട പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിലും വിതരണം ചെയ്യപ്പെടുന്നതിലും വീഴ്ച വരുത്തിയതിന് ധനകാര്യ വകുപ്പ് കാരണക്കാരാണെന്നും ധനകാര്യ വകുപ്പിൽ ഫയൽ പിടിച്ചുവെച്ചതാണിതിനെല്ലാം കാരണമായിട്ടുള്ളതുമെന്ന വിമർശനത്തിൽ ധനകാര്യ വകുപ്പിന്റെ നിലപാട് വെളിപ്പെടുത്താമോ;

(ബി) ധനകാര്യ വകുപ്പിന്റെ ഭാഗത്ത് നിന്നും ഇക്കാര്യത്തിലുണ്ടായ ഗുരുതരമായ വീഴ്ച എന്താണെന്നും അതിനുത്തരവാദികൾ ആരാണെന്നും വെളിപ്പെടുത്താമോ?

സംസ്ഥാനത്തിൻെറ മൊത്തം ആഭ്യന്തരകടം

124. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിൻെറ മൊത്തം ആഭ്യന്തരകടം എത്രയാണെന്ന് വ്യക്തമാക്കാമോ ; 2015-16 സാമ്പത്തികവർഷത്തിലെ കടമെടുപ്പിൻെറ വിശദാംശം വെളിപ്പെടുത്താമോ ?

**13-ാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ**

125. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-ാം ധനകാര്യ കമ്മീഷൻ വിവിധ ഇനങ്ങളിലായി സംസ്ഥാനത്തിന് എത്ര തുക വീതം ശിപാർശ ചെയ്തിരുന്നു എന്ന് വിശദീകരിക്കുമോ ;

(ബി) 31.03.2015 വരെ കമ്മീഷന്റെ അവാർഡ് പ്രകാരം സംസ്ഥാനത്തിന് വിവിധ ഇനങ്ങളിലായി എത്ര തുക വീതം ലഭ്യമായി എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും ശിപാർശകൾ 13-ാം ധനകാര്യ കമ്മീഷൻ നൽകിയിട്ടുണ്ടായിരുന്നുവോ; വിശദാംശം വെളിപ്പെടുത്തുമോ; ഇതു സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്?

(ഡി) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതുമായി ബന്ധപ്പെടുത്തി സംസ്ഥാനങ്ങൾക്ക് പ്രത്യേക സാമ്പത്തിക സഹായം എന്തെങ്കിലും 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിരുന്നുവോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച സാമ്പത്തിക സഹായം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) 13-ാം ധനകാര്യ കമ്മീഷൻ വിവിധ ഇനങ്ങൾക്കായി അനുവദിച്ച ഗ്രാന്റ് മുഴുവനായും സർക്കാർ വിനിയോഗിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ വിനിയോഗിക്കാത്ത തുകകൾ/പദ്ധതികൾ എന്തെല്ലാമാണെന്നും ഇതിനുള്ള കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ?

**2014-15 സാമ്പത്തിക വർഷം ഇന്ധന ,റോഡ് ,വാഹന നികുതി ഇനങ്ങളിൽ കേന്ദ്ര സർക്കാർ പിരിച്ചെടുത്ത തുക**

126. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം ഇന്ധന ,റോഡ് ,വാഹന നികുതി ഇനങ്ങളിൽ കേന്ദ്ര സർക്കാരിലേക്ക് അടച്ച തുക എത്രയെന്നും ഇതിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നികുതിയിനങ്ങളിൽ 2014-15 സാമ്പത്തികവർഷം കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകിയ തുക എത്ര;

(സി) 2014-15 വർഷത്തിൽ സംസ്ഥാന സർക്കാർ എത്ര തുകയുടെ നികുതി ഇളവ് നൽകി ; ഇതിലൂടെ എത്ര തുകയുടെ വരുമാനക്കുറവ് ഉണ്ടായെന്നു വ്യക്തമാക്കുമോ;

(ഡി) പിരിച്ചെടുത്ത നികുതി തുകയിൽ എത്ര തുക സംസ്ഥാന സർക്കാർ റോഡ് വികസനത്തിനായും റോഡ് നിർമ്മാണപ്രവൃത്തികൾക്കായും ചെലവാക്കി ; കേന്ദ്രസർക്കാർ ഇതിലേയ്ക്ക് എന്ത് തുക ചെലവഴിച്ചു ?

**2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്**

127. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി എത്ര തുക അനുവദിച്ചു; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) നടപ്പ സാമ്പത്തിക വർഷത്തെ നാളിതുവരെയുള്ള പദ്ധതി ചെലവ് വകുപ്പ് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിച്ചു;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി നടപ്പ സാമ്പത്തിക വർഷം ഇതുവരെ ഓരോ വകുപ്പിലും വകയിരുത്തപ്പെട്ട തുക എത്ര; അതിൽ ഇതുവരെ ചെലവായ തുക വകുപ്പ് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

## ഓരോ വർഷവും നികുതി പിരിവിൽ വന്ന വർദ്ധന

128. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും നികുതി പിരിവിൽ വന്ന വർദ്ധന വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും നികുതിവർദ്ധന പ്രതീക്ഷിച്ചതും യഥാർത്ഥിൽ ലഭിച്ചതും വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) നികുതി വർദ്ധന സർക്കാർ പ്രതീക്ഷിച്ചതുപോലെ ലഭിച്ചില്ല എങ്കിൽ ആയതിന് എന്തെല്ലാം കാരണങ്ങളായിരുന്നു എന്നും വ്യക്തമാക്കുമോ?

## നികുതിയിനത്തിൽ അടച്ച തുക

129. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006-ൽ വിൽപന നികുതിയിനത്തിൽ സപ്ലൈകോ എത്ര തുകയാണ് സർക്കാരിന് നൽകിയത്;

(ബി) 2010-11- ൽ എത്ര തുക നികുതിയിനത്തിൽ അടച്ചു; 2012-13, 2014-2015, 2015-16-ൽ വിൽപന നികുതിയിനത്തിൽ അടച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

## ബില്ല് നൽകാതെ നടക്കുന്ന വിൽപനകൾ

130. ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി ബാധകമായ ഉൽപന്നങ്ങൾ വിൽപന നടത്തുന്ന സ്ഥാപനങ്ങൾ ബില്ലുകൾ നൽകാതിരിക്കുന്നതായി വാണിജ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബില്ല് നൽകാതെ നടക്കുന്ന വിൽപനകൾ മൊത്തം വിൽപനയുടെ എത്ര ശതമാനം വരുമെന്ന് അറിയിക്കാമോ;

(സി) ബില്ലുകൾ ഇല്ലാതെ വിൽപന നടക്കുന്നില്ലെന്നുറപ്പിക്കാൻ സാധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഇപ്രകാരം വിൽപന നടത്തിയ എത്ര കേസ്സുകൾ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഓരോ വർഷവും വാണിജ്യ നികുതി വകുപ്പ് കണ്ടെത്തുകയുണ്ടായി; എത്ര പേർ പ്രസ്തുത കുറ്റത്തിന് ശിക്ഷിക്കപ്പെട്ടു; വിശദമാക്കാമോ?

## പെട്രോൾ-ഡീസൽ വിലയോടൊപ്പമുള്ള അധിക സെസ്

131. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ-ഡീസൽ വിലയോടൊപ്പം സംസ്ഥാന സർക്കാർ ഏതെല്ലാം ഇനത്തിൽ എത്ര ശതമാനം തുക സംസ്ഥാനത്ത് ഈടാക്കി വരുന്നുണ്ട്; വിശദമാക്കാമോ;

(ബി) റോഡ്/ഹൌസിംഗ്/സൌജന്യ മരുന്നു വിതരണം തുടങ്ങി ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയാണ് അധിക സെസ്, പെട്രോൾ-ഡീസൽ ഉപഭോക്താക്കളിൽ നിന്നും ഈടാക്കാൻ ഈ സർക്കാർ തീരുമാനിച്ചത്; ഏത് തീയതി മുതലാണ് ഈ സെസുകൾ ഏർപ്പെടുത്തി ഈടാക്കി തുടങ്ങിയത്;

(സി) സംസ്ഥാന സർക്കാർ പെട്രോൾ-ഡീസൽ വിൽപ്പനയിൽ അധികമായി ഈടാക്കുന്ന നികുതി, സെസ് എന്നീ ഇനത്തിൽ 2011-12 മുതൽ ഇന്നുവരെ ഓരോ വർഷവും അധികമായി ലഭിച്ച റവന്യൂ വരുമാനം എത്ര കോടിയാണ്;

(ഡി) ഇപ്രകാരം പിരിച്ചെടുത്ത തുക പ്രഖ്യാപിത പദ്ധതികൾക്ക് വിനിയോഗിച്ചിട്ടുണ്ടോ?

<u>എക്സൈസിൽ നിന്നുള്ള റവന്യൂ വരുമാനം</u>

132. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനുവദിച്ച ബാറുകളും മദ്യഷോപ്പുകളും എല്ലാം പ്രവർത്തിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ സംസ്ഥാനത്തിന്റെ എക്സൈസിൽ നിന്നുള്ള പ്രതിമാസ ശരാശരി റവന്യൂ വരുമാനം എത്ര കോടിയായിരുന്നു;

(ബി) ബാറുകളും മദ്യഷോപ്പുകളും അടച്ചുപൂട്ടിയതിനുശേഷമുള്ള ഏറ്റവും ഒടുവിലത്തെ പ്രതിമാസ റവന്യൂ വരുമാനം എത്ര;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസിൽ നിന്നുള്ള സർക്കാരിന്റെ റവന്യൂ വരുമാനം എത്ര കോടിയായിരുന്നു; 2014-15ൽ അത് എത്ര കോടിയാണ്; ഈ വർഷം ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനം എത്ര കോടി; ഇതിനകം ലഭിച്ചത് എത്ര ?

<u>നികുതിയിനത്തിൽ പിരിച്ചെടുത്ത തുക</u>

133. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) 2015-16 സാമ്പത്തിക വർഷം എത്ര തുകയാണ് നികുതിയിനത്തിൽ പിരിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) 2015-16 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ചു നൽകിയിട്ടുള്ള വായ്പാപരിധി എത്ര; ആയതു പ്രകാരം ഒക്ടോബർ 31 വരെ എത്ര തുക വായ്പ എടുത്തു; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ സഞ്ചിത കടം എത്രയായിരുന്നു; അത് ഇപ്പോൾ എത്രയാണ്; 2016 മാർച്ച് 31 ആകുമ്പോഴേക്കും സഞ്ചിത കടം എത്രയാകുമെന്നാണ് കരുതുന്നത്; വിശദാംശം വ്യക്തമാക്കുമോ ?

<u>ചിട്ടികമ്പനികളുടെ തകർച്ച</u>

134. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 12-13 ,13-14, 14-15 സാമ്പത്തിക വർഷങ്ങളിലും 2015-16ൽ ഇതേവരെയും സംസ്ഥാനത്ത് എത്ര ചിട്ടികമ്പനികളാണ് തകർന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇവ ഏതെല്ലാം; വിശദമാക്കാമോ;

(ബി) ഇവയിൽ നിക്ഷേപം നടത്തിയ എത്ര ആളുകൾ കബളിപ്പിക്കപ്പെട്ടു; ഇവർക്കെല്ലാമായി എത്ര തുകയാണ് നഷ്ടപ്പെട്ടത്; വ്യക്തമാക്കാമോ?

<u>ട്രഷറി നിക്ഷേപങ്ങൾ</u>

135. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവയിൽ നിന്നുള്ള സംസ്ഥാന ട്രഷറിയിലെ നിക്ഷേപങ്ങൾ സംബന്ധിച്ച ഏറ്റവും പുതിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(ബി) എത്ര ശതമാനം പലിശ നൽകാമെന്ന വ്യവസ്ഥയിലാണ് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും പണം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ട്രഷറി നിക്ഷേപഇനത്തിൽ തിരികെ നൽകേണ്ടതായ ആകെ തുകയും പലിശയും എത്രയെന്ന് വിശദമാക്കുമോ;

(ഡി) നാഷണൽ സേവിംഗ്സ് സ്കീമിൽ നിന്നും സർക്കാർ സ്വീകരിച്ച തുകയെ സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്താമോ?

ഇ-ട്രഷറി പദ്ധതി

136. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, സി.പി.മുഹമ്മദ്
,, പാലോട് രവി
,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ട്രഷറി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ;

താനൂരിൽ സബ്ട്രഷറി

137. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സബ്ട്രഷറി ആരംഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത്;

(ബി) ഗവൺമെന്റ് കോളേജ് , ഹാർബർ എഞ്ചിനിയറിംഗ് ഓഫീസ്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, മുനിസിപ്പൽ ഓഫീസ് , ഫിഷിംഗ് ഹാർബർ, നിരവധി സ്കൂളുകൾ , വില്ലേജ്-പഞ്ചായത്ത് ഓഫീസുകൾ അടക്കം നിരവധി സ്ഥാപനങ്ങൾ നിലനിൽക്കുന്ന താനൂരിൽ ഒരു സബ്ട്രഷറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;പ്രസ്തുത ആവശ്യം പരിഗണനയിലുണ്ടോ ;

(സി) താനൂരിൽ ഒരു സബ്ട്രഷറി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

അക്കൗണ്ടുകളിൽ നിന്ന് വ്യാജമായി പണം പിൻവലിക്കൽ

138. ശ്രീ.കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണപ്പെട്ടവരുടേതുൾപ്പെടെ പെൻഷൻ അക്കൗണ്ടുകളിൽ നിന്ന് തുടർച്ചയായി പണം പിൻവലിച്ചുകൊണ്ടിരുന്ന സംഭവം കൊടുങ്ങല്ലൂർ സബ്ബ് ട്രഷറിയിലുണ്ടാവുകയുണ്ടായോ ;

(ബി) ഈക്കാര്യത്തിൽ ഏത് നിലയിലുള്ള അന്വേഷണമാണ് നടക്കുന്നത്; കുറ്റക്കാരായവർ ആരൊക്കെ ; എത്ര തവണകളായി എത്ര തുക അനധികൃതമായി പിൻവലിക്കപ്പെട്ടു ;

(സി) തട്ടിപ്പ നടത്തിയവർ ആരെങ്കിലും ഇപ്പോൾ സർവ്വീസിലുണ്ടോ ; അവർക്കെതിരെ സ്വീകരിച്ച എടുത്ത നടപടി വിശദമാക്കാമോ ;

(ഡി) ട്രഷറികളിൽ നിന്ന് യഥാർത്ഥ അക്കൗണ്ട് ഉടമകൾ അറിയാതെയും മരിച്ചവരുടെ പേരിലും തുക പിൻവലിക്കുന്നില്ലെന്ന് സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

കാരുണ്യ ബനവലന്റ് ഫണ്ട്

139. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന ഏതൊക്കെ ചികിത്സകൾക്കാണ് പണം ലഭിക്കുന്നതെന്ന് അശുപത്രിയുടെ പേരു സഹിതം വിശദമാക്കാമോ;

(ബി) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആശുപത്രികളിൽ സർക്കാർ നിർദ്ദേശിച്ചിട്ടില്ലാത്ത ചികിത്സകൾ നടത്തുന്ന രോഗികൾക്ക് പ്രസ്തുത ചികിത്സാ ചെലവ് നൽകാൻ എന്തെങ്കിലും പ്രത്യേക ഇളവ് നൽകുന്നുണ്ടോ;

വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കാരുണ്യ പദ്ധതിപ്രകാരം സമാശ്വാസ ചികിത്സാ സഹായമായി ഇപ്പോൾ അനുവദിക്കുന്നത് എത്ര രൂപയാണ്; ചില പ്രത്യേക സാഹചര്യങ്ങളിൽ അടിയന്തര ശസ്ത്രക്രിയ പോലുള്ള ചികിത്സ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആശുപത്രികളിലല്ലാതെ നടത്തിയവർക്ക് പ്രസ്തുത പദ്ധതി പ്രകാരം വളരെ കുറഞ്ഞ തുക ലഭിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തുക വർദ്ധിപ്പിച്ച് 5,000 രൂപയോ 10,000 രൂപയോ ആക്കിനൽകാൻ തയ്യാറാകുമോ;

(ഡി) കാരുണ്യ പദ്ധതിയിൽ ചില ശസ്ത്രക്രിയയ്ക്കും മറ്റും കൂടുതൽ തുക ചെലവഴിക്കേണ്ടിവരുന്ന സാഹചര്യത്തിൽ നിലവിൽ അനുവദിക്കുന്ന 2ലക്ഷം രൂപ വർദ്ധിപ്പിച്ച് പരമാവധി 4ലക്ഷം രൂപ വരെയാക്കി നൽകാൻ നടപടി സ്വീകരിക്കുമോ?

<u>കാരുണ്യ പദ്ധതി</u>

140. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾക്ക് കൊടുത്ത് തീർക്കാനുള്ള സഹായത്തുക എത്രയാണ്; എത്ര അപേക്ഷകളിൽ ഇപ്പോൾ തീരുമാനം എടുക്കാൻ ബാക്കിയുണ്ട്;

(ബി) കാരുണ്യ ലോട്ടറിയിലൂടെ സമാഹരിച്ച തുകയിൽ അവശേഷിക്കുന്ന തുക എത്ര; വിശദമാക്കാമോ;

(സി) കാരുണ്യ ലോട്ടറിയിലൂടെ ജനങ്ങളിൽ നിന്ന് സമാഹരിച്ച തുക, അർഹതപ്പെട്ടവർക്ക് യഥാസമയം നല്കാതെ, ദൈനംദിന ആവശ്യങ്ങൾക്ക് ട്രഷറിയിലേക്ക് മാറ്റി ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി</u>

141. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കാരുണ്യ ലോട്ടറിയുടെ വിറ്റ് വരവിൽ നിന്നും ഇതുവരെ എന്ത് തുക ലാഭമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ; ഇതിൽ എത്ര പേർ ധനസഹായത്തിന് അർഹരാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രോഗികൾക്ക് മുഴുവൻ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുണ്ടായിട്ടും ഇതുവരെ ആനുകൂല്യം ലഭിക്കാത്ത എത്ര രോഗികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>

142. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ലോട്ടറിയുടെ കാരുണ്യ ബെനവലന്റ് ഫണ്ടിലേയ്ക്ക് എത്ര കോടി രൂപ ശേഖരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഇതിൽനിന്നും ചികിത്സയ്ക്കായി എത്ര കോടി രൂപ എത്ര പേർക്ക് നൽകി; ആയതുൾപ്പെടെ വരവ് ചെലവ് കണക്കിന്റെ സ്റ്റേറ്റ്മെന്റ് നൽകുമോ;

(സി) കേരളത്തിലെ ഏതെല്ലാം സ്വകാര്യ ആശുപത്രികൾക്കാണ് കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അക്രഡിറ്റേഷൻ ഉള്ളത്; ജില്ല തിരിച്ചുള്ള വിവരം നൽകുമോ?

<u>കാരുണ്യ ചികിൽസാ പദ്ധതി</u>

143. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിൽസാ പദ്ധതി ആരംഭിച്ചതു മുതൽ ദേവികുളം നിയോജകമണ്ഡലത്തിൽ ഇതുവരെ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ധനസഹായം അനുവദിക്കപ്പെട്ടവരുടെ പേരുവിവരവും അനുവദിച്ച തുകയും എത്രയെന്ന് വ്യക്തമാക്കുമോ?

കാരുണ്യ ബെനവലന്റ് പദ്ധതി

144. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ നിർധനരായ രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതിയിൽ നിന്നും ധനസഹായം ലഭിയ്ക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ, ശസ്ത്രക്രിയ നടത്തി മാസങ്ങൾ പിന്നിട്ടിട്ടും സഹായം അനുവദിയ്ക്കാത്തതു മൂലം രോഗികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ശ്രീ. പി.യു. ഷാജു ,പുറക്കുളം (H), പോട്ട എന്ന രോഗിയുടേയും (15 -ാം നമ്പർ കമ്മിറ്റി, 22 -ാം നമ്പർ അജണ്ട), എം.എസ്. നിഷാദ്, മനക്കുളങ്ങരപ്പറമ്പിൽ വീട് , ചാലക്കുടി എന്ന രോഗിയുടേയും (ജൂലായ് 2015) അപേക്ഷകളിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും പരമാവധി ചികിത്സാ ധനസഹായം അനുവദിയ്ക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ധനസഹായം ഉടൻ ലഭ്യമാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കാരുണ്യ ഫണ്ടിലേക്ക് സംഭാവന

145. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ടിൽ നിന്ന് കാരുണ്യ ഫണ്ടിലേക്ക് സംഭാവന സ്വീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുവരെ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് സഹായം നേടുകയുണ്ടായിട്ടുണ്ട്; ഏതെല്ലാം സ്ഥാപനങ്ങൾ ഇതിനകം സഹായം നൽകുകയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ?

കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ചികിത്സധനസഹായം

146. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനെവലന്റ് ഫണ്ടിൽ നിന്നും ഇതു വരെ എത്ര കോടി രൂപയുടെ ചികിത്സ സഹായം നൽകിയിട്ടുണ്ട്?

കാരുണ്യചികിത്സാ സഹായ പദ്ധതി

147. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും കാരുണ്യ ലോട്ടറി ടിക്കറ്റുകളുടെ വിറ്റുവരവ് എത്ര രൂപ വീതമാണ്;

(ബി) ഓരോ വർഷവും വിറ്റുവരവിന്റെ എത്ര ശതമാനം തുക അച്ചടി, പരസ്യം ഏജൻസി കമ്മീഷൻ തുടങ്ങിയ ഇനങ്ങളിലായി ചെലവാക്കുകയുണ്ടായി; വിറ്റുവരവിന്റെ എത്ര ശതമാനം തുക കാരുണ്യ ചികിത്സാ സഹായമായി ഓരോ വർഷവും നൽകുകയുണ്ടായി;

(സി) ലോട്ടറി ടിക്കറ്റ് വരുമാനം അല്ലാതെ സർക്കാർ ഖജനാവിൽ നിന്നും കാരുണ്യ ചികിത്സാ സഹായ പദ്ധതിക്ക് ഓരോ വർഷവും എന്തു തുക ചെലവഴിച്ചു;

(ഡി) കാരുണ്യചികിത്സാ സഹായ പദ്ധതിപ്രകാരം നിലവിൽ കൊടുത്തുതീർക്കുവാൻ ബാക്കിയുള്ള തുക എത്ര;

ഇതിലേക്ക് ടിക്കറ്റ് വില്പനയിലൂടെ ലഭിച്ച എത്ര തുക ബാക്കി ഉണ്ട് ; വിശദമാക്കുമോ;

(ഇ) ചികിത്സാ സഹായത്തിനുള്ള എത്ര അപേക്ഷകൾ നിലവിൽ ഉണ്ട്;വിശദമാക്കുമോ?

<u>കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും എടുത്ത ലോൺ</u>

148. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും ലോൺ ഇനത്തിൽ എത്ര കോടി രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ 25 ലക്ഷമോ അതിന് മുകളിലോ ഉള്ള തുക വായ്പയായി അനുവദിക്കപ്പെട്ടവരുണ്ടോ; എങ്കിൽ അവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ വൺടൈം സെറ്റിൽമെന്റ് പ്രകാരം ലോണുകൾ അടച്ചു തീർത്തിട്ടുണ്ടോ; ആരെല്ലാം എത്ര തുക വീതം അടച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) ലോൺ തുക തിരിച്ചടവിൽ വലിയതുക കുടിശ്ശിക വന്ന ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ പ്രസ്തുത തുക ഇളവ് ചെയ്തു നൽകിക്കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം എത്ര തുക വീതമെന്ന് വിശദമാക്കാമോ?

<u>ബാർ കോഴ കേസ്സിലെ നിയമോപദേശം</u>

149. ശ്രീ.സി.ദിവാകരൻ

,, കെ.രാജു

,, ഇ.ചന്ദ്രശേഖരൻ

,, മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴ കേസ്സിൽ സുപ്രീം കോടതിയിൽ സ്വകാര്യ അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം അഭിഭാഷകരിൽ നിന്നും ആണ് നിയമോപദേശം തേടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത്തരം നിയമോപദേശം ആവശ്യപ്പെട്ടുകൊണ്ട് നിയമ വകുപ്പിന്റെയോ, അഡ്വക്കേറ്റ് ജനറലിന്റെയോ ശുപാർശ ഉണ്ടായിട്ടുണ്ടോ;

(സി) നിയമോപദേശം നൽകിയ സുപ്രീം കോടതിയിലെ സ്വകാര്യ അഭിഭാഷകർക്ക് പ്രതിഫലമായി എത്ര തുക നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്; ഈ തുക നൽകുന്നതു സംബന്ധിച്ച വിജിലൻസ് ശുപാർശയിന്മേൽ നിയമ വകുപ്പും, ആഭ്യന്തര വകുപ്പും, ധനവകുപ്പും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

<u>ബാർ കോഴ കേസിലെ നിയമോപദേശത്തിന് ചെലവായ തുക</u>

150. ശ്രീ.സി.കെ.നാണു

ശ്രീമതി.ജമീലാ പ്രകാശം

ശ്രീ.മാത്യു റ്റി.തോമസ്

,, ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴ കേസിൽ സംസ്ഥാന സർക്കാരിന് വേണ്ടി സംസ്ഥാനത്തിന് പുറത്ത് നിന്ന് അഭിഭാഷകരെ കൊണ്ടു വന്ന് കേസ് നടത്തുന്നതിനും നിയമോപദേശം തേടുന്നതിനും വേണ്ടി എത്ര തുക ചെലവായിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ബജറ്റിൽ ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയിൽ നിന്നാണ് നിർദ്ദിഷ്ട തുക നൽകിയിട്ടുള്ളത്; അല്ലെങ്കിൽ നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബാർ കോഴക്കേസ്

151. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ വന്ന കേസുകൾ എത്ര; അതിൽ ഓരോ കേസിലും സർക്കാരിനും, വിജിലൻസ് വകുപ്പിനും വേണ്ടി ഹാജരായവർ ആരൊക്കയാണ്;

(ബി) കേസുകളുമായി ബന്ധപ്പെട്ട് ആകെ എത്ര രൂപ ചെലവായി;

(സി) വിജിലൻസ് സ്പെഷ്യൽ കോടതി വിധിക്കെതിരെ വിജിലൻസ് ഡയറക്ടർ ഫയൽ ചെയ്ത കേസിൽ ഹാജരാകുന്നതിന് സീനിയർ അഡ്വക്കേറ്റ് കപിൽ സിബലിനെ വിളിച്ചത് ആരായിരുന്നു;

(ഡി) ഹൈക്കോടതിയിൽ ഹാജരായി കേസ് വാദിച്ചതിന് ശ്രീ. കപിൽ സിബലിന് എന്ത് തുക നൽകേണ്ടതായിട്ടുണ്ട്; മറ്റ് അഡ്വക്കേറ്റുമാർക്ക് നൽകേണ്ടതായ തുക എത്ര; നൽകിയത് എത്ര; വിശദമാക്കുമോ;

(ഇ) ഗവൺമെന്റിന്റെ ഏത് തലത്തിൽ എടുത്ത തീരുമാനമാനപ്രകാരമാണ് ശ്രീ. കപിൽ സിബൽ ഹൈക്കോടതിയിലെ കേസിൽ ഹാജരായത്?

ഗ്രാമ ന്യായാലയങ്ങൾ സ്ഥാപിക്കൽ

152. ശ്രീ.എ.എ.അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ ന്യായാലയങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്;

(ബി) ഗ്രാമ ന്യായാലയങ്ങളുടെ പ്രവർത്തനം വ്യക്തമാക്കുമോ;

സർക്കാർ അഭിഭാഷകരുടെ നിയമനം

153. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ അഭിഭാഷകരുടെ നിയമനങ്ങളിൽ ക്രമക്കേട് നടന്നിട്ടുള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച ഹർജി ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിൻെറ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സർക്കാർ അഭിഭാഷകരുടെ നിയമനം സംബന്ധിച്ച് സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടുവെന്നും ജില്ലാ ജഡ്ജിമാരുമായി ആലോചിച്ചിട്ടില്ലെന്നുമുള്ള പരാതികൾ ശരിയാണോ ;

(ഡി) എങ്കിൽ അങ്ങനെ സംഭവിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കാമോ ;

(ഇ) സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് നിയമവിരുദ്ധമായി നടത്തിയ നിയമനങ്ങൾ റദ്ദാക്കി നിയമവിധേയമായി മാത്രം വീണ്ടും നിയമനടപടികൾ സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ ?

സർക്കാർ കേസുകൾ

154. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ വാദിയായിട്ടുള്ള എത്ര കേസുകൾ വിവിധ കോടതികളിൽ വിധിയായിട്ടുണ്ടെന്ന് വകുപ്പുകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവയിൽ എത്ര കേസുകളിൽ സർക്കാർ ഭാഗം വിജയിച്ചുവെന്നും എത്ര കേസുകളിൽ സർക്കാർ ഭാഗം

പരാജയപ്പെട്ടുവെന്നും വിശദമാക്കുമോ;

(സി) കോടതികളിൽ സർക്കാർ അഭിഭാഷകർ നിശ്ചിത സമയങ്ങളിൽ ഹാജരാകാതിരിക്കുകയും കേസുകൾ നടത്തിക്കുന്നതിൽ പ്രതിഭാഗത്തിനനുകൂലമായ വിധം നടപടികൾ സ്വീകരിക്കുന്നതിലൂടെയും സർക്കാർ ഭാഗം പരാജയപ്പെടുന്നതായ വ്യാപകമായ പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സർക്കാർ അഭിഭാഷകരുടെ പ്രവർത്തനങ്ങളും ഉത്തരവാദിത്തങ്ങളും കുറ്റമറ്റതാണെന്നുറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>അഡ്വക്കേറ്റ് ജനറൽ വിളിച്ച് ചേർത്ത ലോ ഓഫീസേഴ്സിന്റെ യോഗം</u>

155. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിയിൽ നിന്നുണ്ടായ വിമർശനത്തെ തുടർന്ന് കൊച്ചി ബോൾഗാട്ടി പാലസിൽ അഡ്വക്കേറ്റ് ജനറൽ വിളിച്ച് ചേർത്ത ലോ ഓഫീസേഴ്സിന്റെ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത യോഗത്തിന്റെ അംഗീകരിച്ച മിനുട്ട്സിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ;

(സി) പ്രസ്തുത യോഗത്തിൽ പങ്കെടുത്ത് മുഖ്യമന്ത്രി നല്കിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) എ.ജി.ഓഫീസിന്റെ കെടുകാര്യസ്ഥതയെക്കുറിച്ച് അന്വേഷിച്ച് രണ്ടാഴ്ചയ്ക്കകം ചീഫ് സെക്രട്ടറി റിപ്പോർട്ട് നല്കണമെന്ന കോടതി നിർദ്ദേശം സംബന്ധിച്ച് പ്രസ്തുത യോഗം ചർച്ച ചെയ്യുകയുണ്ടായോ; ഇക്കാര്യത്തിൽ കൈക്കൊണ്ട തീരുമാനം എന്തായിരുന്നു?

<u>ഭവന നിർമ്മാണ പദ്ധതിക്ക് ചെലവഴിച്ച തുക</u>

156. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള ഭവനരഹിതർ എത്രയാണെന്നത് സംബന്ധിച്ച സ്ഥിതി വിവരക്കണക്ക് ലഭ്യമാണോ; എങ്കിൽ ഭവനരഹിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭവന നിർമ്മാണ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ; ഓരോ പദ്ധതിയിലും 2011-12, 12-13, 13-14, 14-15 വർഷങ്ങളിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വിശദമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ വിവിധ പദ്ധതികളിലും ഏജൻസികളിലുമായി എത്ര പേരുടെ അപേക്ഷകൾ ഭവന നിർമ്മാണ സഹായത്തിനായി ലഭിച്ചു എന്നും ഓരോ വർഷവും എത്രപേർക്ക് ധനസഹായം നൽകി എന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ ?

<u>ഭവന നിർമ്മാണ പദ്ധതികൾ</u>

157. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ ഭവന നിർമ്മാണ മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം; ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; എത്ര പേർക്ക് ഭവന നിർമ്മാണസഹായം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) ഭവന വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ കട ബാദ്ധ്യത ലഘൂകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>സാഫല്യം ഭവനപദ്ധതി</u>

158. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭവനനിർമ്മാണ ബോർഡ് മുഖാന്തിരം ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന സാഫല്യം ഭവനപദ്ധതി പ്രകാരമുള്ള ഫ്ലാറ്റ് നിർമ്മാണത്തിന് ആകെ വിനിയോഗിച്ചത് എത്ര രൂപയാണെന്നും പ്രസ്തുത പദ്ധതി പ്രകാരം വിഭാവനം ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(ബി) മേൽപദ്ധതി പൂർത്തീകരിച്ചുവോ; എങ്കിൽ എത്ര ഗുണഭോക്താക്കൾക്ക് താമസസൗകര്യം ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ ; ശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് എന്നത്തേക്ക് താമസസൗകര്യം നൽകുമെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത ഫ്ലാറ്റിലെ താമസക്കാർക്ക് കുടിവെള്ളം, ശൗചാലയം, വൈദ്യുതി, ഖരമാലിന്യസംസ്കരണം എന്നീ പ്രാഥമിക ആവശ്യങ്ങൾ ലഭ്യമാക്കുവാൻ നാളിതുവരെ ചെയ്ത നടപടികൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത ആവശ്യങ്ങൾ നിറവേറ്റുന്നതിലേയ്ക്കായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് എന്താണെന്നും, അവ എങ്ങനെ പരിഹരിക്കുമെന്നും അറിയിക്കുമോ?

## ഹൗസിംഗ് പദ്ധതിക്ക്സെസ്

159. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ-ഡീസൽ വിലയോടൊപ്പം സംസ്ഥാന സർക്കാർ ഹൗസിംഗ് പദ്ധതിക്ക് പണം കണ്ടെത്തുന്നതിന് പ്രത്യേക സെസ് പിരിച്ചെടുക്കുന്നുണ്ടോ;

(ബി) എത്ര ശതമാനം തുകയാണ് സെസ് ഇനത്തിൽ ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്നത്; ഏത് തീയതി മുതലാണ് സെസ് പിരിവു നടത്തിയത്; ഈ വർഷം എന്തു തുക ഈ ഇനത്തിൽ പ്രതീക്ഷിക്കുന്നുണ്ട്; ഇതിനകം ലഭിച്ച തുക എത്ര;

(സി) സെസ് ഇനത്തിൽ പിരിഞ്ഞു കിട്ടിയ തുകയിൽ നിന്ന് ഏതെല്ലാം ഹൗസിംഗ് പദ്ധതികൾക്ക് എത്ര രൂപ വീതം പിൻവലിക്കപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് വീട് നിർമ്മിച്ച് കൈമാറുകയുണ്ടായി; വിശദമാക്കുമോ?

## സൗജന്യമായി വീട് വെച്ചു കൊടുക്കൽ

160. ഡോ.ടി.എം.തോമസ് ഐസക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയുള്ള ഒരു ലക്ഷം പേർക്ക് സൗജന്യമായി വീട് വെച്ചു കൊടുക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടായിരുന്നുവോ; എത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത് ; ലഭിച്ച മൊത്തം അപേക്ഷകൾ എത്ര ; എത്ര പേർക്ക് വീട് വെച്ച് നൽകുകയുണ്ടായി ; വിശദമാക്കുമോ ;

(സി) ഈ പദ്ധതിക്ക് മാത്രമായി ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുക എത്ര ; ഈ വർഷം എത്ര തുക ഇതിനകം ചെലവഴിച്ചു ;വിശദമാക്കുമോ ;

(ഡി) സ്വാതന്ത്ര്യദിനാഘോഷ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് മുഖ്യമന്ത്രി ഇപ്രകാരം ഒരു പദ്ധതി പ്രഖ്യാപിക്കുന്നതിന് മുൻപ് പദ്ധതി തയ്യാറാക്കുകയും പണം കണ്ടെത്തുകയും ചെയ്തിട്ടുണ്ടായിരുന്നവോ; മറിച്ച് നേരത്തെ നടപ്പാക്കി വരുന്ന പദ്ധതിയായിരുന്നുവോ പുതുതായി പ്രഖ്യാപിച്ചത് ;വ്യക്തമാക്കുമോ?

## പാർപ്പിടം പദ്ധതി

161. ശ്രീ.പി.എ.മാധവൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, ജോസഫ് വാഴയ്ക്കൻ

,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>പാവപ്പെട്ടവർക്കു വേണ്ടിയുള്ള പാർപ്പിട പദ്ധതി</u>

162. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർപ്പിടമില്ലാത്ത പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനുള്ള പദ്ധതി മുൻനിർത്തി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വഴി പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ ഒരു ശതമാനം അധിക വില്പന നികുതി ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ ; എങ്കിൽ പ്രസ്തുത ഇനത്തിൽ 2015-16 വർഷത്തിൽ ഇതിനകം ലഭിച്ച മൊത്തം വരുമാനം എത്ര കോടിയാണ് ;

(ബി) ഈ വരുമാനം ഉപയോഗിച്ചുകൊണ്ട്, പാർപ്പിടം ഇല്ലാത്ത എത്ര പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട് ; ഇതിനായുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയത് ഏത് തീയതിയിലായിരുന്നു ; പ്രസ്തുത പദ്ധതിക്കായി ധനകാര്യ വകുപ്പിൽ നിന്നും അനുവദിച്ചു കൊടുത്ത തുക എത്ര ; പിൻവലിച്ച തുക എത്ര ?

<u>കേരള ഹൗസിലെ ബീഫ് പരിശോധന</u>

163. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഹൗസിൽ ഡൽഹി പോലീസ് നടത്തിയ ബീഫ് വേട്ട നിയമ വ്യവസ്ഥകളെ വെല്ലുവിളിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഷെഡ്യൂൾ 2(എ) വിഭാഗത്തിലുള്ള കന്നുകാലികളുടെ മാംസം ഉണ്ടോയെന്ന് പരിശോധിക്കാനാണ് കേരള ഹൗസ് കോമ്പൗണ്ടിൽ നോട്ടീസ് നൽകാതെ ഡൽഹി പോലീസ് പ്രവേശിച്ചതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിരോധിച്ചിട്ടുള്ള കന്നുകാലികളുടെ ഇറച്ചി വിൽക്കുന്ന സ്ഥലത്ത് പ്രവേശിക്കാനും പരിശോധന നടത്തി പിടിച്ചെടുക്കാനും വെറ്ററിനറി ഓഫീസർക്ക് മാത്രമാണ് അധികാരമുള്ളതെന്ന് കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ധനകാര്യ വകുപ്പ് മന്ത്രിയുടെ രാജി</u>

164. ശ്രീ.എളമരം കരീം

,, പി.കെ.ഗുരുദാസൻ

,, കെ.വി.അബ്ദുൾ ഖാദർ

,, കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സാഹചര്യങ്ങളിലാണ് വകുപ്പ് മന്ത്രിയുടേയോ മന്ത്രിപദവിയിലുള്ള ചീഫ് വിപ്പിന്റെയോ രാജിക്കത്ത് മുഖ്യമന്ത്രി സ്വീകരിക്കുക; ഭരണഘടനാ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ധനകാര്യമന്ത്രി കെ.എം. മാണിയും സർക്കാർ ചീഫ് വിപ്പ് തോമസ് ഉണ്ണിയാടനും തൽസ്ഥാനങ്ങൾ രാജിവച്ചുകൊണ്ട് മുഖ്യമന്ത്രിക്ക് കത്ത് നൽകിയത് ഏത് തീയതിയിൽ ഏത് സമയത്തായിരുന്നു; രണ്ടു കത്തുകളിന്മേലും മുഖ്യമന്ത്രി ഉടൻ തീരുമാനം എടുക്കുകയുണ്ടായോ; ഓരോ കത്തിലും എടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ;

(സി) ധനകാര്യ വകുപ്പ് മന്ത്രിയുടെ രാജി കാര്യത്തിൽ ഉടൻ തീരുമാനം എടുത്തത് എന്തെല്ലാം കാരണങ്ങൾ കൊണ്ടായിരുന്നു; സർക്കാർ ചീഫ് വിപ്പിന്റെ രാജി കത്തിൽ ഉടൻ തീരുമാനം എടുക്കാതിരുന്നതിന്റെ കാരണം എന്തായിരുന്നു;

(ഡി) ധനകാര്യ-നിയമവകുപ്പ് മന്ത്രി എന്ന ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുകൊണ്ട് മന്ത്രി. കെ. എം. മാണി പ്രവർത്തിച്ചു എന്ന പൂർണ്ണ ബോധ്യം മുഖ്യമന്ത്രിക്ക് ഉണ്ടായിരുന്നുവോ; വിജിലൻസ് കോടതിയുടെയും ഹൈക്കോടതിയുടെയും ഇക്കാര്യത്തിലുള്ള വിധി പ്രസ്താവം മുഖ്യമന്ത്രി കണക്കിലെടുക്കുകയുണ്ടായോ;

(ഇ) ധനകാര്യമന്ത്രി ശ്രീ. കെ. എം. മാണിയുടെ രാജി മുഖ്യമന്ത്രി ആവശ്യപ്പെട്ടതിനെ തുടർന്നായിരുന്നുവോ; ഈ പ്രശ്നത്തിൽ യു.ഡി.എഫ് എടുത്ത രാഷ്ട്രീയ തീരുമാനം മുഖ്യമന്ത്രി പരിഗണിക്കുകയുണ്ടായോ;

(എഫ്) കോടതികൾ തുടർ അന്വേഷണം പ്രഖ്യാപിച്ചിരിക്കെ രാജിവച്ചതിനുശേഷം ശ്രീ. കെ. എം. മാണിയിൽ പൂർണ്ണ വിശ്വാസം രേഖപ്പെടുത്തിക്കൊണ്ട് മുഖ്യമന്ത്രി നടത്തിയ അനുകൂലമായ പരസ്യ പ്രസ്താവനകൾ സ്വതന്ത്രമായ വിജിലൻസ് അന്വേഷണത്തെ പ്രതികൂലമായി ബാധിക്കും എന്ന കാര്യം അറിയാമോ?

<u>തെരുവുനായ ശല്യം</u>

165. **ശ്രീ.സി.മോയിൻ കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാധാരണക്കാരായവർക്ക് ജീവന് ഭീഷണി ഉയർത്തുന്ന തെരുവുനായ്ക്കളെ കൊല്ലുന്നതിനെതിരെ കേന്ദ്രമൃഗസംരക്ഷണ ബോർഡ് സംസ്ഥാന ഗവൺമെൻറിന് എന്തെങ്കിലും മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ;

(ബി) ഇതിൽ സംസ്ഥാന ജീവനക്കാർക്ക് ദോഷമായി ഭവിക്കുന്ന എന്തെല്ലാം നിർദ്ദേശങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇതുസംബന്ധമായ സംസ്ഥാന ഗവൺമെൻറ് നയം ഉടൻ നടപ്പാക്കുമോ ?

<u>തെരുവുനായ്ക്കളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

166. **ശ്രീ.തോമസ് ഉണ്ണിയാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്രമണകാരികളായ തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യുന്നതിനും, മറ്റുള്ളവയെ ഷെൽട്ടർ ഹോമുകളിൽ പാർപ്പിക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ;

(ബി) ആക്രമണകാരികളായ തെരുവുനായ്ക്കളെ നശിപ്പിക്കുന്നത് സംബന്ധിച്ച ബഹു. സുപ്രീംകോടതിയുടെ വിധി എന്താണെന്ന് വ്യക്തമാക്കുമോ ; ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ആക്രമണകാരികളായ തെരുവുനായ്ക്കളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അനുബന്ധ വകുപ്പുകൾക്കും നിർദ്ദേശം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>മദ്യവില്പനകേന്ദ്രങ്ങൾ പൂട്ടുന്നതിനുള്ള മാനദണ്ഡം</u>

167. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മദ്യവില്പന കേന്ദ്രങ്ങൾ പൂട്ടിയത് എന്തെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ;

(ബി) ആണെങ്കിൽ ദേശീയ പാതയോരത്തുള്ള വില്പന കേന്ദ്രങ്ങൾ അവിടെ നിന്നും മാറ്റണമെന്നുള്ള ഹൈക്കോടതിയുടെ നിർദ്ദേശം സംസ്ഥാനത്തു നടപ്പിലാക്കിയിട്ടുണ്ടോ;

(സി) കഴിഞ്ഞ വർഷം എത്ര മദ്യ വില്പനശാലകളാണ് കേരളത്തിൽ പൂട്ടിയത്;

(ഡി) വർഷം തോറും 10% വില്പന കേന്ദ്രങ്ങൾ പൂട്ടുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം കേരളത്തിൽ എത്ര വില്പനകേന്ദ്രങ്ങളാണ് പൂട്ടേണ്ടിയിരുന്നത്;

(ഇ) ഇതിൽ എത്ര കേന്ദ്രങ്ങളാണ് പൂട്ടിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ; 10% വില്പന കേന്ദ്രങ്ങൾ പൂട്ടിയിട്ടില്ലെങ്കിൽ എന്താണ് കാരണമെന്നു വ്യക്തമാക്കുമോ?

<u>ബാർ ലൈസൻസ് സംബന്ധിച്ച ഫയൽ</u>

168. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഊറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് 26 ന് ചേർന്ന മന്ത്രിസഭാ യോഗത്തിൽ ധനകാര്യമന്ത്രി ബാറുകൾക്ക് ലൈസൻസ് നൽകുന്നത് സംബന്ധിച്ച നിർണ്ണായക വിവരങ്ങൾ അടങ്ങിയ ഫയൽ ആവശ്യപ്പെടുകയുണ്ടായിരുന്നുവോ;

(ബി) ഇപ്രകാരം വാങ്ങിയ ഫയൽ മന്ത്രി എത്ര ദിവസം കൈവശം വെയ്ക്കുകയുണ്ടായെന്നും ആയത് തിരികെ നൽകിയത് ഏത് തീയതിയിലാണെന്നും വെളിപ്പെടുത്താമോ ;

(സി) വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി പ്രസ്തുത ഫയൽ വിജിലൻസ് എസ്.പി. സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായിരുന്നുവോ; അന്വേഷണ ഉദ്യോഗസ്ഥന് ഫയൽ നൽകാതിരുന്നിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത ഫയലിന്റെ (പ്രസക്തമായ ഭാഗത്തിന്റെ) ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ?

<u>നീര ചെത്തുന്നതിന് അനുമതി</u>

169. ശ്രീ.ബെന്നി ബെഹനാൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ഹൈബി ഈഡൻ
,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഊറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീര ചെത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് , വിശദമാക്കാമോ ;

(സി) ഇതിനായി ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ?

<u>മദ്യ-മയക്കുമരുന്ന് വിരുദ്ധ കൂട്ടായ്മക്ക് സർക്കാർ സഹായം</u>

170. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി
,, കെ.എം.ഷാജി
,, പി.ബി. അബ്ദുൾ റസാക്
,, സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഊറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും നാട്ടുകാരുടെയും കൂട്ടായ്മയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മദ്യമയക്കുമരുന്ന് ഉപഭോഗത്തിനെതിരെ പ്രതിരോധം തീർക്കുകയും ചില കോളനികളും വാർഡുകളും മദ്യവിമുക്തമാക്കുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കൂട്ടായ്മയ്ക്ക് എക്സൈസ്/പോലീസ് വിഭാഗങ്ങളിൽ നിന്നും എന്തൊക്കെ സേവനങ്ങളും സഹായങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) സർക്കാരിന്റെ മദ്യനയം വിജയിപ്പിക്കുന്ന കാര്യത്തിൽ ഇത്തരം സാമൂഹ്യകൂട്ടായ്മകൾക്ക് എല്ലാവിധ

സഹായവും സുരക്ഷയും നൽകാൻ നടപടി സ്വീകരിക്കുമോ?

<u>സമഗ്രമായ മദ്യനയം നടപ്പാക്കാൻ പദ്ധതി</u>

171. ശ്രീ.വർക്കല കഹാർ
,, പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്രമായ മദ്യനയം നടപ്പാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

<u>എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം</u>

172. ശ്രീ. എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടങ്ങളുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്നും എത്ര രൂപ ചെലവഴിച്ച് എപ്പോൾ നിർമ്മിച്ചതാണെന്നും വ്യക്തമാക്കുമോ;

(ബി) കാസർകോഡ് ജില്ലയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൈസ് ഓഫീസുകളിൽ ഏതെല്ലാമാണ്; ഈ കെട്ടിടങ്ങൾക്ക് നൽകുന്ന മാസ വാടക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കാസർകോട് ജില്ലയിൽ എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

<u>ബിവറേജസ് കോർപ്പറേഷൻ</u>

173. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ വക എത്ര ഔട്ട്‌ലറ്റുകൾ നിലവിലുണ്ട് ; ഇതിൽ ഏറ്റവും കൂടുതൽ വിറ്റുവരവുള്ള വില്പനകേന്ദ്രം ഏതെന്ന് വ്യക്തമാക്കാമോ;

(ബി) ബിവറേജസ് കോർപ്പറേഷൻ വഴി പ്രതിമാസം സംസ്ഥാനത്ത് എത്ര കോടി രൂപയുടെ വിറ്റുവരവാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ നയം അനുസരിച്ച് എത്ര ഔട്ട്‌ലെറ്റുകൾ നിർത്തലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>വിദേശമദ്യ ചില്ലറ വിൽപന ശാലകൾ</u>

174. ശ്രീ.പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീവറേജസ് കോർപ്പറേഷനും കൺസ്യൂമർഫെഡിനുമായി ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര വിദേശമദ്യ ചില്ലറ വിൽപന ശാലകൾ ഉണ്ടായിരുന്നു; നിലവിലെത്രയുണ്ട്;

(ബി) തീരുമാനമനുസരിച്ച് പ്രതിവർഷം അടച്ചുപൂട്ടേണ്ടത് എത്ര ശതമാനം വീതമായിരുന്നു; ഇതിനകം എത്ര ശതമാനം അടച്ചുപൂട്ടി; 2014 ഒക്ടോബർ രണ്ടിന് പൂട്ടിയവ എത്ര; 2016 ഓക്ടോബർ രണ്ടിന് പൂട്ടേണ്ടവ എത്ര; അവ ഏതൊക്കെ;

(സി) ദേശീയപാതയോരത്ത് പ്രവർത്തിക്കുന്ന ചില്ലറ വിദേശമദ്യവിൽപന ശാലകൾ എത്ര; അവയിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം മാറ്റിയവ എത്ര;

(ഡി) ചില്ലറ വിൽപന ശാലകൾ പൂട്ടുന്നതിനിടയിൽ ബീവറേജസ് കോർപ്പറേഷൻ പുതുതായി ആരംഭിച്ച വെയർ ഹൗസ് ഏതൊക്കെയാണ്;

(ഇ) ബാറുകളും ചില്ലറ വിൽപന ശാലകളും അടച്ചുപൂട്ടിയതുവഴി ആകെ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു?

വ്യാജമദ്യ നിർമ്മാണം

175. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകൾക്കകത്തും പുറത്തുമായി രഹസ്യമായി ചാരായം വാറ്റുന്നതിനിടയിൽ എക്സൈസ് ഉദ്യോഗസ്ഥർ പിടികൂടിയ എത്ര കേസുകൾ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) വ്യാജമദ്യ നിർമ്മാണവും വിതരണവും സ്പിരിറ്റ് കടത്തും ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യക്കടത്തും തുടങ്ങിയ കുറ്റത്തിന് എക്സൈസ് അധികാരികൾ എടുത്ത കേസുകളുടെ എണ്ണം കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും എത്രയാണെന്ന് വിശദമാക്കാമോ?

സ്റ്റേറ്റ് എക്സൈസിന്റെ വരുമാനം

176. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 സാമ്പത്തിക വർഷത്തിൽ ഓരോ മാസവും സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാനം ഏതെല്ലാം ഇനത്തിൽ എത്ര വീതമായിരുന്നു;

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ പിന്നിട്ട ഓരോ മാസവും സ്റ്റേറ്റ് എക്സൈസിൽ നിന്നുള്ള വരുമാനം എതെല്ലാം ഇനത്തിൽ എത്ര വീതമായിരുന്നു?

സമ്പൂർണ്ണ മദ്യ നിരോധനം

177. ശ്രീ.സണ്ണി ജോസഫ്

,, ഐ.സി.ബാലകൃഷ്ണൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷത്തിനകം സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) ഇതിനായി എന്തെല്ലാം നിയമ നിർമ്മാണങ്ങൾ നടത്തുകയുണ്ടായി;

(സി) ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത്?

കുട്ടനാട്ടിലെ എക്സൈസ് വകുപ്പിന് സ്പീഡ് ബോട്ട്

178. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ എക്സൈസ് വകുപ്പിന് സ്പീഡ് ബോട്ട് അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ മേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) കായൽ പ്രദേശങ്ങളിലെ അനധികൃത മദ്യ നിർമ്മാണവും കച്ചവടവും തടയുന്നതിനായി പ്രസ്തുത സ്പീഡ് ബോട്ട് അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>കൊട്ടാരക്കരയിലെ എക്സൈസ് കോംപ്ലക്സ് നിർമ്മാണം</u>

179. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചത് എന്നായിരുന്നു എന്നും എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണം നടക്കാതിരുന്നതിന്റെ കാരണങ്ങൾ എന്താണെന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിർമ്മാണം നടക്കേണ്ട സ്ഥലം സംബന്ധിച്ച് നിലവിൽ സിവിൽ/ക്രിമിനൽ കേസുകൾ നിലവിലുണ്ടോ; എങ്കിൽ ആയവയുടെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ?

<u>തീരദേശ കപ്പൽ ഗതാഗത പദ്ധതി</u>

180. ശ്രീ.ഹൈബി ഈഡൻ
,, ടി.എൻ. പ്രതാപൻ
,, കെ.ശിവദാസൻ നായർ
,, വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വിശദമാക്കുമോ ?

<u>തവനൂർ മണ്ഡലത്തിലത്തിൽ തുറമുഖ വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ</u>

181. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തവനൂർ മണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചതെന്നും ഓരോന്നിനും എത്ര രൂപയുടെ അനുമതിയാണ് ലഭിച്ചതെന്നും വിശദമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചത് എന്നും ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ ;

(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ ?

<u>വിഴിഞ്ഞം പദ്ധതിക്കു വേണ്ടി അക്വയർ ചെയ്ത ഭൂമി</u>

182. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് വേണ്ടി മൊത്തം എത്ര ഏക്കർ ഭൂമി അക്വയർ ചെയ്തിട്ടുണ്ട്; ഇതിൽ അദാനി ഗ്രൂപ്പിന് കൈമാറ്റം ചെയ്തത് എത്ര ഏക്കറാണ്;

(ബി) ഇങ്ങനെ നോട്ടിഫൈ ചെയ്ത ഭൂമിയിൽ ഇനിയും അക്വയർ ചെയ്യാനുള്ള ഭൂമി എത്രയാണ്;അവയുടെ സർവ്വേ നമ്പരുകൾ നല്കമോ;

(സി) വിലയ്ക്ക് വാങ്ങാൻ തീരുമാനിച്ചവയിൽ ഏറ്റവും ഒടുവിൽ വാങ്ങിയ ഭൂമി ഏതെല്ലാം സർവ്വേ നമ്പരുകളിൽ ഉള്ളതാണ്; സെന്റ് ഒന്നിന് എത്ര രൂപ വില നൽകുകയുണ്ടായി;

(ഡി) തുറമുഖ പദ്ധതിക്ക് വാങ്ങിയ ഭൂമിയിൽ സെന്റ് ഒന്നിന് ഏറ്റവും കൂടുതൽ വില നൽകേണ്ടി വന്ന ഭൂമി ഏതാണ്; വില എത്രയായിരുന്നു; ഭൂവുടമ ആരായിരുന്നു?

## വിഴിഞ്ഞം തുറമുഖ പദ്ധതി

183. ശ്രീ.കെ.മുരളീധരൻ
,, എ.റ്റി.ജോർജ്
,, ആർ . സെൽവരാജ്
,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കേണ്ടതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

## പൊന്നാനി വാണിജ്യ തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി

184. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി വാണിജ്യ തുറമുഖത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വിഴിഞ്ഞം പദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം

185. ശ്രീ.സി.എഫ്.തോമസ്
,, മോൻസ് ജോസഫ്
,, റ്റി.യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ ഉദ്ഘാടനത്തിന് ഒരുങ്ങുന്ന സ്വപ്നപദ്ധതിയായ വിഴിഞ്ഞം മദർപോർട്ട് എന്തെല്ലാം പ്രതിസന്ധികളെ തരണം ചെയ്താണ് യാഥാർത്ഥ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) നിശ്ചിത കാലയളവിനുള്ളിൽ പ്രസ്തുത തുറമുഖത്തിന്റെ പ്രവർത്തനം പൂർത്തിയാകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

186. ശ്രീ.ജോസ് തെറ്റയിൽ
,, മാത്യു റ്റി.തോമസ്
ശ്രീമതി.ജമീലാ പ്രകാശം

ശ്രീ.സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പ്രദേശത്ത് നിന്നും തൊഴിലും പാർപ്പിടവും മറ്റു ജീവിതമാർഗ്ഗങ്ങളും ഉപേക്ഷിച്ച് ഒഴിഞ്ഞുപോകേണ്ടി വരുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ചും അവരുടെ പുനരധിവാസം സംബന്ധിച്ചും ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) നിർദ്ദിഷ്ട പദ്ധതിയുടെ കവാടമായി കരുതപ്പെടുന്ന മുല്ലൂരിലും പരിസര പ്രദേശങ്ങളിലുമുള്ള കട്ടമരത്തിൽ പോയി മൽസ്യബന്ധനം നടത്തുന്ന തൊഴിലാളികളുടെ കാര്യത്തിലും കടലിൽ മുങ്ങി പാറയിടുക്കിൽ നിന്നും ചിപ്പിയും, ശംഖും, കല്ലുറാളും മറ്റും ശേഖരിക്കുന്ന തൊഴിലാളികളുടെ കാര്യത്തിലും അവ ചന്തയിൽ കൊണ്ടുപോയി വിൽക്കുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ കാര്യത്തിലും, ചെറുകിട കച്ചവടക്കാരുടെയും, തല ചുമടായി നടന്ന് കച്ചവടം നടത്തുന്നവരുടെ കാര്യത്തിലും അവിടെ പ്രവർത്തിക്കുന്ന കുടുംബശ്രീകളുടെ കാര്യത്തിലും, അലക്കു തൊഴിലാളികളുടെ കാര്യത്തിലും, കർഷകരുടെയും കർഷക തൊഴിലാളികളുടെയും കാര്യത്തിലും ഒരു സമഗ്രമായ പാക്കേജിന് രൂപം നൽകി പ്രഖ്യാപിക്കാൻ നാളിതുവരെ സർക്കാരിന് കഴിഞ്ഞിട്ടില്ല എന്ന വസ്തുത കണക്കിലെടുത്ത് ഇത് സംബന്ധിച്ച് ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതികളിന്മേൽ ഇതിനകം എന്ത് നടപടി സ്വീകരിച്ചുവെന്നും ഇനി എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ?

## വിഴിഞ്ഞം തുറമുഖ പദ്ധതി

187. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കുള്ള ആശങ്ക പരിഹരിക്കുന്നതിന് മത്സ്യത്തൊഴിലാളി മേഖലയിലെ സംഘടനാ പ്രതിനിധികളുമായി മുഖ്യമന്ത്രി 19.8.2015 ൽ നടത്തിയ ചർച്ചയിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) എതെല്ലാം സംഘടനകളെ യോഗത്തിന് വിളിച്ചിട്ടുണ്ടായിരുന്നു; പങ്കെടുത്തവർ ആരൊക്കെ; യോഗ തീരുമാനങ്ങൾ അടങ്ങുന്ന മിനിട്ട്സിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ;

(സി) പുനരധിവാസ കർമ്മപദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; പദ്ധതി ചെലവ് വഹിക്കുന്നത് സർക്കാരാണോ; അദാനിയുടെ കമ്പനിയാണോ; പ്രസ്തുത കർമ്മ പദ്ധതിയ്ക്ക്എന്ത് തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഫോർട്ട് കൊച്ചി ബോട്ട് ദുരന്തം

188. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തിന്റെ കാരണങ്ങൾ പുറത്തുകൊണ്ടുവരാനും, ആവർത്തിക്കാതിരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാനും ദുരന്തം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറാകുമോ;

(ബി) ദുരന്തത്തിൽ മരണപ്പെട്ടവർ എത്രയാണ്; സംഭവം സംബന്ധിച്ച് ഇതിനകം നടത്തിയ അന്വേഷണത്തിലൂടെ പുറത്തുവന്ന വിവരങ്ങൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്തുണ്ടായ ബോട്ടുദുരന്തത്തെത്തുടർന്നുള്ള ജുഡീഷ്യൽ അന്വേഷണ കമ്മീഷനുകൾ ഏതൊക്കെയായിരുന്നു; കമ്മീഷനുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കാൻ ബാക്കി നിൽപ്പുള്ള നടപടികൾ എന്തൊക്കെയാണ്; അവ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>വിഴിഞ്ഞം പദ്ധതിക്ക് ചെലവഴിച്ച തുക</u>

189. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെല്ലാം കാര്യങ്ങൾക്കായി എത്ര തുക നാളിതുവരെ ഏതെല്ലാം ഘട്ടങ്ങളിലായി ചെലവഴിക്കുകയുണ്ടായിട്ടുണ്ട്;

(ബി) അദാനിയുമായിട്ടുളള കരാറിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര -സംസ്ഥാന ഗവൺമെന്റുകൾ, അദാനി ഗ്രൂപ്പ് എന്നിവർ പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി ചെലവഴിക്കുന്ന തുക എത്ര വീതമാണ്;

(സി) പദ്ധതി പ്രദേശത്തുള്ളവരുടെ പുനരധിവാസ പാക്കേജിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ്;

(ഡി) അടിസ്ഥാന സൗകര്യ വികസനം, പദ്ധതി ചെലവ്, വയബിലിറ്റി ഗ്യാപ്പ്, പുനരധിവാസ പാക്കേജ് തുടങ്ങി വിഴിഞ്ഞം പദ്ധതിക്കും അനുബന്ധങ്ങൾക്കുമായി ചെലവഴിക്കുന്ന മൊത്തം തുക എത്ര; അദാനി ഗ്രൂപ്പ് ചെലവഴിക്കുന്ന തുക എത്ര;വിശദമാക്കുമോ?

<u>തങ്കശ്ശേരി തുറമുഖ നവീകരണം</u>

190. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കശ്ശേരി മത്സ്യ ബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി കഴിഞ്ഞ മൂന്ന് വർഷമായി സമർപ്പിച്ചിരുന്ന നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത തുറമുഖത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ടി സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ അംഗീകാരം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) മത്സ്യബന്ധന തുറമുഖത്തിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് തയ്യാറാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുറമുഖത്തിൽ ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; 2016-17 സാമ്പത്തിക വർഷം തുറമുഖത്തിന്റെ നവീകരണ പദ്ധതി നടപ്പിലാക്കുമോ?

<u>വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ</u>

191. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി തുറമുഖ ട്രസ്റ്റിന്റെ നൂറിലധികം ഏക്കർ ഭൂമിയിൽ സ്ഥാപിക്കപ്പെട്ട വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ നിലവിൽ നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കൊച്ചിതുറമുഖ ട്രസ്റ്റ് നാളിതുവരെ വല്ലാർപാടം പദ്ധതിക്ക് ചെലവഴിച്ച തുക എത്ര;

(സി) പ്രസ്തുത പദ്ധതി കമ്മിഷൻ ചെയ്തതിനുശേഷം കണ്ടെയ്നർ കയറ്റി അയയ്ക്കുന്നതിലൂടെ ഇതുവരെ പ്രതീക്ഷിച്ച വരുമാനം എത്ര കോടിയായിരുന്നു; ലഭിച്ചത് എത്ര;

(ഡി) ഡ്രഡ്ജിംഗ് ചെലവ് ഇക്കാലയളവിൽ എത്രയായിരുന്നു;

(ഇ) വല്ലാർപാടം പദ്ധതി നിലവിൽ വരുന്നതിനുമുമ്പ്കൊച്ചി തുറമുഖത്തുണ്ടായിരുന്ന ടെർമിനലിലൂടെ സ്വരൂപിച്ചിരുന്ന വരുമാനം എത്ര; എത്രപേർക്ക് തൊഴിൽ ലഭ്യമായിരുന്നു ?

<u>വൈക്കം നിയോജക മണ്ഡലത്തിലെ ഹാർബർ എഞ്ചിനീയറിംഗ് പ്രവൃത്തികൾ</u>

192. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഹാർബർ എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവൃത്തികളാണ് വൈക്കം നിയോജക മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ളതെന്നും പ്രസ്തുത ഓരോ പ്രവർത്തിക്കായി എത്ര തുക വീതം വകയിരുത്തിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) ഹാർബർ എഞ്ചിനീയറിംഗ് ഏറ്റെടുത്ത പ്രവൃത്തികളിൽ ഏതൊക്കെയാണ് വൈക്കം നിയോജക മണ്ഡലത്തിൽ ഇനിയും ആരംഭിക്കാനാകാത്തതെന്നും എന്തു കാരണങ്ങളാലാണ് അവ തുടങ്ങാത്തതെന്നും വ്യക്തമാക്കുമോ;

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വൈക്കം നിയോജക മണ്ഡലത്തിൽ അനുവദിച്ച തുക എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

<u>മാരിടൈം ബോർഡ് രൂപീകരണം</u>

193. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

**,,** ഐ.സി.ബാലകൃഷ്ണൻ

**,,** ജോസഫ് വാഴയ്ക്കൻ

**,,** ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>പരവൂർ നഗരസഭയിൽ പൊഴിക്കര മുതൽ ലക്ഷ്മിപുരം തോപ്പുവരെയുള്ള തീരദേശറോഡ്</u>

194. ശ്രീ.ജി.എസ്.ജയലാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരവൂർ നഗരസഭയിൽ പൊഴിക്കര മുതൽ ലക്ഷ്മിപുരം തോപ്പു വരെയുള്ള തീരദേശറോഡ് നിർമ്മിക്കുന്നതിലേയ്ക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ആയത് എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിൻെറ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(സി) ഇപ്പോൾനടന്നു വരുന്ന ടാറിംഗ് ജോലികളുടെ പുരോഗതിയും എന്നത്തേക്കു പണി പൂർത്തീകരിക്കുവാൻ കഴിയുമെന്നും അറിയിക്കുമോ ;

(ഡി) പ്രസ്തുത റോഡിൽ പൊഴിമുറിഞ്ഞ് ഗതാഗത യോഗ്യമല്ലാതായിത്തീർന്ന ഭാഗത്ത് റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ;

(ഇ) പ്രസ്തുത ഭാഗത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുവാനുള്ള നിർദ്ദേശം പരിഗണിക്കുന്നുണ്ടോ; എങ്കിൽ പുരോഗതി അറിയിക്കുമോ?

<u>അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതി</u>

195. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ ഇതുവരെ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അനുവദിച്ച റോഡുകളിൽ ഏതെല്ലാം പൂർത്തികരിച്ചുവെന്നും ഏതെല്ലാം റദ്ദാക്കിയെന്നും വ്യക്തമാക്കാമോ;

(സി) അനുവദിച്ച വർക്കുകൾ പലതും കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ടെൻഡർ എക്സസ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>അർത്തുങ്കൽ ഫിഷിംഗ് ഹാർബർ</u>

196. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ ഈ സർക്കാരിന്റെ കാലയളവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) അർത്തുങ്കൽ ഫിഷിംഗ് ഹാർബർ നിർമ്മാണ പൂർത്തീകരണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ അനുവദിച്ച തുക എത്രയാണെന്നും ഇതിൽ കേന്ദ്രസർക്കാരിന്റെ വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ ;

(സി) ഹാർബറിന്റെ നിർമ്മാണത്തിന് നേരിട്ടിട്ടുള്ള തടസ്സങ്ങൾ നീക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>തീരദേശറോഡുകളുടെ വികസനം</u>

197. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാട്ടിക നിയോജക മണ്ഡലത്തിലെ ഏതെല്ലാം തീരദേശ റോഡുകളുടെ വികസനത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം റോഡുകൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തിയാക്കിയവ ഏതെല്ലാമാണെന്നും വിശദമാക്കാമോ ;

(സി) മണ്ഡലത്തിലാകെ ഈയിനത്തിൽ എത്ര കോടി രൂപ അനുവദിച്ചുവെന്നും വിശദമാക്കുമോ?

<u>പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി ഉപയോഗിക്കുന്നത് സംബന്ധിച്ച്</u>

198. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുജലാശയങ്ങൾ മത്സ്യകൃഷിക്കായി പാട്ടത്തിന് നൽകുന്നതിനെതിരെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ സർക്കുലർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കുലർ 2013 ലെ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾക്ക് എതിരാണെന്ന കാര്യവും, ഇത് ഉൾനാടൻ മത്സ്യകൃഷി വികസനത്തെ ദോഷകരമായി ബാധിക്കുമെന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>തീരപ്രദേശങ്ങളിലെ മത്സ്യക്ഷാമം</u>

199. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തീരപ്രദേശങ്ങൾ രൂക്ഷമായ മത്സ്യക്ഷാമം നേരിടുന്നു എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇപ്പോഴുണ്ടാകുന്ന മത്സ്യലഭ്യതക്കുറവ് എന്തെല്ലാം കാരണങ്ങളാലാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) ഏതെല്ലാം മത്സ്യങ്ങളുടെ ലഭ്യതയിലാണ് കുറവുണ്ടായിട്ടുള്ളതായി കാണുന്നത് ;

(ഡി) മത്സ്യക്ഷാമം വരും വർഷങ്ങളിൽ രൂക്ഷമായാൽ തീരമേഖലയിൽ മത്സ്യതൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതാകുമോ ;എന്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടിരിക്കുന്നത്;

(ഇ) അശാസ്ത്രീയവും പാരിസ്ഥിതിക സംതുലിതാവസ്ഥയെ തകിടം മറിക്കാവുന്നതുമായ മത്സ്യബന്ധന രീതികളിലൂടെ വരുംകാലങ്ങളിലുണ്ടാകാവുന്ന ഭീഷണികളെ ചെറുക്കുന്നതിനും മത്സ്യലഭ്യത ഉറപ്പാക്കുന്നതിനും മത്സ്യതൊഴിലാളികളുടെ തൊഴിൽ നഷ്ടം ഇല്ലാതാക്കുന്നതിനും അയൽസംസ്ഥാനങ്ങളുമായോ കേന്ദ്രസർക്കാരുമായോ ചേർന്ന് വിശദമായ പഠനങ്ങൾ നടത്തുകയോ പദ്ധതികൾ തയ്യാറാക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ?

<u>മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ</u>

200. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ശുദ്ധജല മത്സ്യകൃഷി ആരംഭിച്ചിരുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്തുവരുന്നത്;

(സി) പ്രസ്തുത പദ്ധതിയ്ക്കായി ഓരോ ജില്ലയിലും നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>തീരദേശ റോഡുകളുടെ നിർമ്മാണം</u>

201. ശ്രീ.ജോസഫ് വാഴയ്ക്കൻ
,, അൻവർ സാദത്ത്
,, വി.ഡി.സതീശൻ
,, എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ റോഡുകൾ നിർമ്മിക്കുവാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വിശദമാക്കുമോ ?

<u>താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം</u>

202. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണപ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിന് കേന്ദ്ര വിഹിതമായി എത്ര തുക വകയിരിത്തിയിട്ടുണ്ടെന്നും കൂടുതൽ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(എഫ്) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

<u>തവനൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ</u>

203. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തവനൂർ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന ഏതെങ്കിലും പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര രൂപ വീതമാണ് നല്കിയിട്ടുള്ളത് ;

(സി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തികരിച്ചിട്ടുള്ളത് എന്നും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ ;

(ഡി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

<u>കടലിൽ നങ്കൂരങ്ങൾ സ്ഥാപിച്ച് മൽസ്യം വളർത്തൽ</u>

204. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ നങ്കൂരങ്ങൾ സ്ഥാപിച്ച് അതിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതിന് നിലവിൽ പദ്ധതി ഉണ്ടോ;

(ബി) സംസ്ഥാനത്തിന്റെ തീരക്കടലിൽ ഇത്തരത്തിലുള്ള ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അതിനുള്ള അനുമതിക്കായി ഏതെങ്കിലും സംഘടന അപേക്ഷിച്ചിട്ടുണ്ടോ;വിശദമാക്കാമോ;?

<u>പരവൂർ തെക്കുംഭാഗത്ത് മിനിഫിഷിംഗ് ഹാർബർ</u>

205. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയുടെ പരിധിയിൽ പരവൂർ തെക്കും ഭാഗത്ത് മിനിഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിലേയ്ക്കായി പ്രാഥമിക പഠനങ്ങൾ നടത്തുന്നതിലേക്ക് നാളിതുവരെ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എന്തൊക്കെ ജോലികളാണ് ഇനി പൂർത്തീകരിക്കുവാനുള്ളതെന്നും, ആയത് എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(സി) മേൽ സൂചിപ്പിച്ച പഠനങ്ങളും വിലയിരുത്തലുകളും വർഷങ്ങളോളം കാലതാമസം വരുത്തുന്നതാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കാലതാമസം ഒഴിവാക്കി മിനിഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കാൻ സന്നദ്ധമാകുമോ?

മാഞ്ഞൂർ പഞ്ചായത്ത് മത്സ്യമാർക്കറ്റ് നവീകരണം

206. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ മത്സ്യവികസന ബോർഡിന്റെ സഹായത്തോടെ ആധുനിക മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുന്നതിനു വേണ്ടി കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്ത് മത്സ്യമാർക്കറ്റ് നവീകരിക്കുന്നതു സംബന്ധിച്ച 7245/C2/2015 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) മാഞ്ഞൂർ മത്സ്യമാർക്കറ്റ് നവീകരണം സംബന്ധിച്ച ഫയലിൽ തീരുമാനം കൈക്കൊള്ളുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് ഉണ്ടായിട്ടുള്ള ഭരണപരവും സാങ്കേതികവുമായിട്ടുള്ള തടസ്സങ്ങൾ വ്യക്തമാക്കുമോ?

കൊയിലാണ്ടി വികസന പദ്ധതികൾ

207. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യബന്ധന ഉറമുഖ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകൾ/ഏജൻസികൾ /കോർപ്പറേഷനുകൾ മുഖേന കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം; വകുപ്പ് തിരിച്ച് ഓരോ പദ്ധതിയും പ്രത്യേകമായി വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും ഭരണാനുമതി നൽകി അനുവദിച്ച തുക , ചെലവഴിച്ച തുക, ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ എന്നിവ വിശദമായി വ്യക്തമാക്കാമോ?

ഓഷ്യനേറിയം പദ്ധതി

208. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ചുള്ള പാരിസ്ഥിതിക ആഘാത പഠന റിപ്പോർട്ട്, പാരിസ്ഥിതിക അനുമതിക്കായുള്ള അപേക്ഷ എന്നിവ 2015 മെയ് 28, 29 എന്നീ തീയതികളിൽ നടന്ന വിദഗ്ധ അവലോകന സമിതിയുടെ യോഗത്തിൽ പരിഗണിച്ചിട്ടുണ്ടോ:;യോഗതീരുമാനം വ്യക്തമാക്കാമോ;

(ബി) ഫിർമയിൽ നിന്നും 6-5-14-ന് ലഭിച്ച അപേക്ഷ പരിഗണിച്ച് സ്റ്റേറ്റ് എൻവയൺമെന്റ് ഇംപാക്റ്റ് അസസ്മെന്റ് അതോറിറ്റി 15 കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഫിർമയ്ക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യകൃഷി

209. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) പാലക്കാട് ജില്ലയിലെ ഉൾനാടൻ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പ്രത്യേക പദ്ധതികൾ ആണ് ആവിഷ്കരിച്ചിട്ടുള്ളത്; എത്ര തുക ഇതിനായി ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ

210. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പരിഷ്കരണ പ്രവൃത്തികൾക്കാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധി

211. ശ്രീ.എസ്.ശർമ്മ
,, കെ. ദാസൻ
,, സി.കൃഷ്ണൻ
,, എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖല ഇപ്പോൾ ആകെ പ്രതിസന്ധിയിലായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലയുടെ വികസനം സംബന്ധിച്ച പ്രഖ്യാപിത പദ്ധതികളുടെ നടത്തിപ്പിനെ കുറിച്ച് പരിശോധിക്കാറുണ്ടോ; ഈ സർക്കാരിന്റെ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഇപ്പോഴും പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയാണ്;

(സി) ഈ സർക്കാരിന്റെ മുൻ ബജറ്റുകളിൽ വകയിരുത്തപ്പെട്ട എന്തു തുക വീതം ഓരോ വർഷവും ചെലവഴിക്കുകയുണ്ടായിട്ടില്ല എന്ന് വിശദമാക്കുമോ ;

(ഡി) മത്സ്യമേഖലയിലെ വികസന കാര്യത്തിലും മത്സ്യത്തൊഴിലാളികളുടെ ക്ഷേമ കാര്യത്തിലും ഉണ്ടായിരിക്കുന്ന പിന്നോക്കാവസ്ഥ മൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക്

212. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തങ്കശ്ശേരിയിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുന്നതിന് നാളിതുവരെ ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ബങ്ക് സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും എൻ.ഒ.സി. ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ബങ്ക് എന്നത്തേയ്ക്ക് സ്ഥാപിക്കാനാകും എനറിയിക്കാമോ?

പൊതുജലാശയങ്ങൾ പാട്ടത്തിന് നൽകുന്നതുമായി ബന്ധപ്പെട്ട കമ്മിറ്റി

213. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജലാശയങ്ങൾ പാട്ടത്തിന് നൽകുന്നതുമായി ബന്ധപ്പെട്ട് ലീസിങ്ങ് പോളിസി നിശ്ചയിക്കുന്നതിനുവേണ്ടി ഡോ. എം.എൻ. കുട്ടി ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>മണലൂർ നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് **2011-12** മുതൽ നടപ്പിലാക്കിയ പദ്ധതികൾ</u>

214. **ശ്രീ.പി.എ.മാധവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് 2011-12 മുതൽ മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) 2011-12 മുതൽ നാളിതുവരെ അനുവദിച്ച പദ്ധതികളും ഇവയ്ക്കായി നീക്കിവെച്ച തുകയും ഇവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ ?

<u>എയർ കേരള പദ്ധതി</u>

215. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്'എയർ കേരള' പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള പ്രതിബന്ധങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് എയർ കേരള പദ്ധതി പ്രd്ബല്യ ത്തിലാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>കണ്ണൂര് അന്താരാഷ്ട്ര വിമാനത്താവളം</u>

216. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിനായി ആകെ എത്ര ഭൂമിയാണ് ഏറ്റെടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്;

(ബി) ഇതിനോടകം എത്ര ഭൂമി ഏറ്റെടുത്ത് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ അവകാശത്തിലാക്കിയെന്നു വ്യക്തമാക്കുമോ;

(സി) ഇനിയും എത്ര ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത്;

(ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിനായി ഇനിയും ഏറ്റെടുക്കുവാനുള്ള ഭൂമിയുടെ ഏറ്റെടുക്കൽ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

<u>കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണം</u>

217. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളിത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി എത്ര തുകയുടെ പ്രോജക്ടിനാണ് അനുമതി നൽകിയത്;ഏതെല്ലാം പ്രവർത്തികൾക്ക് എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന റെയിൽവേ നിർമ്മാണത്തിനായി

അംഗീകരിച്ച പ്രോജക്റ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പ്രകാരം ഒരു സാധാരണ എയർപോർട്ട് റൺവേക്ക് ഏറ്റവും കുറഞ്ഞത് എത്ര മീറ്റർ നീളം വേണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്;വലിയ എയർ ക്രാഫ്റ്റുകൾ പറന്നിറങ്ങണമെങ്കിൽ റൺവേക്ക് എത്ര മീറ്റർ നീളം വേണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്;

(ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്ന റൺവേയുടെ ദൈർഘ്യം എത്ര മീറ്ററാണെന്നു വ്യക്തമാക്കുമോ;

(ഇ) കേരളത്തിലെ മറ്റ് വിമാനത്താവളങ്ങളിലെ നിലവിലുള്ള റൺവേകളുടെ ദൈർഘ്യം എത്ര മീറ്ററാണെന്നു വ്യക്തമാക്കുമോ?

<u>കരിപ്പൂർ എയർപോർട്ടിന്റെ നവീകരണം</u>

218. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കരിപ്പൂർ എയർപോർട്ടിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) റൺവേ വികസനത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തു; വിശദാംശങ്ങൾ നൽകുമോ?

<u>നാശോന്മുഖമാകുന്ന പൈപ്പർ എയർക്രാഫ്റ്റ് വിമാനം</u>

219. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിൽ അമേരിക്കയിൽ നിന്നും കോടികൾ ചെലവഴിച്ചു വാങ്ങിയ പൈപ്പർ എയർ ക്രാഫ്റ്റ് എന്ന വിമാനം ഉപയോഗിക്കപ്പെടാതെ കിടക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിമാനം വേണ്ടത്ര പ്രവൃത്തി പരിചയമില്ലാത്ത പൈലറ്റുമാരുടെ അഭാവം കൊണ്ടാണ് ഉപയോഗിക്കാൻ കഴിയാത്തതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇപ്രകാരമൊരു വിമാനം വാങ്ങുന്നതിന് മുമ്പ് ഈ സാഹചര്യം വിലയിരുത്താതിരുന്നതിന്റെ കാരണമെന്താണ് ;

(ഡി) ഈ വിമാനം അടിയന്തര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നതാണെന്ന കാര്യം കൂടി പരിഗണിച്ച് ഇത് ഉപയോഗക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ</u>

220. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് സ്റ്റേഷനുകളാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനകം എവിടെയെങ്കിലും സ്മാർട്ട് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ ആദ്യ സ്മാർട്ട് പോലീസ് സ്റ്റേഷൻ മലപ്പുറത്ത് ആരംഭിക്കുമെന്ന മന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർ നടപടികൾ ഈ സാമ്പത്തിക വർഷം സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആർ.എസ്.എസ്.-ബി.ജെ.പി. ആക്രമണം

221. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകർ നടത്തിയ ബോംബ് ആക്രമണങ്ങളിലും മറ്റ് ആക്രമണങ്ങളിലും സി.പി.ഐ. (എം) പ്രവർത്തകരുടെ എത്ര വീടുകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) സംഭവങ്ങളിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ എത്ര ; കേസുകളിലെല്ലാം കൂടി പ്രതികളായിട്ടുള്ളവർ എത്ര ; എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ; ഇപ്പോഴും അന്വേഷണം പൂർത്തിയായിട്ടില്ലാത്ത കേസുകൾ എത്ര ;

(സി) ആർ.എസ്.എസ്. ആക്രമണങ്ങളിൽ വീട് നഷ്ടപ്പെട്ട ഏതെങ്കിലും സി.പി.ഐ.(എം) പ്രവർത്തകന് നഷ്ടപരിഹാരം സർക്കാർ നൽകിയിട്ടുണ്ടോ ?

മൈക്രോ ഫിനാൻസ്

222. ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി.കെ.കെ.ലതിക
ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനെതിരെ, മൈക്രോ ഫിനാൻസ് സംബന്ധമായി തട്ടിപ്പ് നടത്തിയെന്ന പരാതിയിൽ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്ന പോലീസ് സംഘമാണ് അന്വേഷണം നടത്തുന്നത്;

(ബി) മൈക്രോ ഫിനാൻസിന്റെ പേരിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്ന് എത്ര ശതമാനം പലിശയ്ക്ക് നേടിയ തുക എത്ര ശതമാനം അധിക പലിശയ്ക്ക് നൽകി എന്നാണ് പരാതി; വിശദമാക്കുമോ;

(സി) വായ്പ സ്ത്രീകൾ തിരിച്ച് നൽകിയിട്ടും ബാങ്കുകളിൽ അടച്ചിട്ടില്ലെന്ന പരാതിയിലും അന്വേഷണം നടക്കുന്നുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു; ഇതും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ;

(ഇ) അന്വേഷണത്തെ തുടർന്ന് രജിസ്റ്റർ ചെയ്ത എഫ്.ഐ.ആറിൽ പ്രതികൾ ആരെല്ലാമാണ്?

മത്സ്യ തൊഴിലാളികളെ കൊലപ്പെടുത്തിയ കേസിൽ കൈക്കൊണ്ട നടപടികൾ

223. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടണക്കാട് സ്വദേശികളും മത്സ്യത്തൊഴിലാളികളുമായിരുന്ന ജോൺസൺ, സുബിൻ എന്നിവരെ 13/11/2015-ൽ ഒറ്റമശ്ശേരിയിൽ വച്ച് ക്വട്ടേഷൻ സംഘം ടിപ്പർ ലോറിയിടിച്ച് കൊലപ്പെടുത്തിയ കേസിൽ പ്രതികൾക്കെതിരെ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; ഈ കേസിൽ എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; പ്രതികളാരെന്ന് വളരെ വ്യക്തമായ സാഹചര്യത്തിൽ അറസ്റ്റ് വൈകിപ്പിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) നിർദ്ധനരായ രണ്ട് മത്സ്യത്തൊഴിലാളികളെ ദാരുണമായി കൊലപ്പെടുത്തിയ ഈ സംഭവത്തിന് കാരണമായ സംഭവങ്ങളും അന്ധകാരനഴി മേഖലയിലെ ക്വട്ടേഷൻ-ഗുണ്ടാ ഭീഷണി ജനജീവിതത്തിന് ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകളും പരാതിയായി നൽകിയതിന്റെ അടിസ്ഥാനത്തിൽ പോലീസ് കൈക്കൊണ്ട

നടപടികൾ വ്യക്തമാക്കുമോ; ഇതിന്റെ അടിസ്ഥാനത്തിൽ എത്രപേരെ എന്നെല്ലാം ചോദ്യം ചെയ്തിരുന്നുവെന്നും എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതിയിൽ നടപടികൾ സ്വീകരിക്കാതെ വീഴ്ചവരുത്തുകയും രണ്ട് പാവപ്പെട്ട മത്സ്യതൊഴിലാളികളെ ക്രൂരമായി കൊലചെയ്യാൻ അവസരമുണ്ടാക്കുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>രാജമ്മ സമർപ്പിച്ചപരാതി</u>

224. ശ്രീമതി.ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ പൊഴിയൂർ മണലിവിള വീട്ടിൽ എസ്.രാജമ്മ,സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ CBCID OCW-1 സൂപ്രണ്ട് ഓഫ് പോലീസ് അന്വേഷണം നടത്തി എ.ഡി.ജി.പി. ക്രൈംസിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>പരിശീലന കാലം സർവ്വീസായി പരിഗണിക്കുന്നത് സംബന്ധിച്ച്</u>

225. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരുടെ പരിശീലന കാലം സർവ്വീസായി പരിഗണിക്കുന്നത് വിരമിച്ചവർക്കും ബാധകമാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളത് ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രഖ്യാപനത്തിനു മുൻപുതന്നെ ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പ് പരിശോധനയും തീരുമാനവും കൈക്കൊണ്ടിട്ടുണ്ടായിരുന്നുവോ;

(സി) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിൽ നിന്നുള്ള നിലപാട് എന്തായിരുന്നു; അധിക ബാധ്യത കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ഡി) സർവ്വീസിൽ നിന്നും വിരമിച്ച എത്ര പോലീസുകാർക്ക് പ്രഖ്യാപനം വഴി പരിശീലന കാലം കൂടി സർവ്വീസായി പരിഗണിച്ച് കിട്ടിയിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) പ്രഖ്യാപനം നടപ്പിലാക്കുന്നതിന് വിരമിച്ച പോലീസുകാർ പ്രക്ഷോഭണത്തിലേർപ്പെട്ടിരിക്കുന്നതായി അറിയാമോ?

<u>പീഡനങ്ങൾ സംബന്ധിച്ചുള്ള റിപ്പോർട്ട്</u>

226. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് ഈ സർക്കാർ കാലയളവിനുള്ളിൽ സംസ്ഥാനത്ത് ബലാത്സംഗത്തിനിരയായ സ്ത്രീകൾ എത്ര; വർഷം തിരിച്ച് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഒരു വയസ്സിനും പതിനേഴ വയസ്സിനുമിടയിലുള്ളവർ എത്ര; 18 വയസ്സിനും 50 വയസ്സിനുമിടയിലുള്ളവർ എത്ര; 50 വയസ്സിനു മുകളിലുള്ളവർ എത്ര; വർഷം തിരിച്ച് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ ആൺകുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ എത്രയെണ്ണം റിപ്പോർട്ട് ചെയ്തു; വർഷം തിരിച്ച് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇത്തരം കേസ്സുകളിൽ പോലീസ് ഈ കാലയളവിനുള്ളിൽ എത്ര കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തു; എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തു; ആയതിൽ എത്ര പേരെ കേസ്സ് വിചാരണ പൂർത്തിയാക്കി ജയിലിലടച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇതിൽ പ്രതികളായവരും, ജയിലിലടച്ചവരുമായ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല /സ്വകാര്യമേഖല/ഐ.റ്റി. ജീവനക്കാർ ആരെല്ലാമെന്നും വ്യക്തമാക്കുമോ?

<u>പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രത്തിലെ ദുരൂഹ അഗ്നിബാധ</u>

227. ശ്രീ.ചിറ്റയം ഗോപകുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിലെ പള്ളിക്കൽ ഹിരണ്യനല്ലൂർ ക്ഷേത്രത്തിലെ ദുരൂഹ അഗ്നിബാധയുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം അനിവാര്യമാണെന്ന് ആവശ്യപ്പെട്ട് ആരിൽ നിന്നെല്ലാം നിവേദനങ്ങൾ ലഭ്യമായിട്ടുണ്ടെന്നറിയിക്കുമോ;

(ബി) അനുബന്ധ ക്ഷേത്രത്തിലെ അഗ്നിബാധയുമായി ബന്ധപ്പെട്ട് നിലവിൽ ഏത് ഏജൻസിയാണ് അന്വേഷണം നടത്തിവരുന്നത് എന്നറിയിക്കുമോ;

(സി) അന്വേഷണത്തിൽ നാളിതുവരെയുണ്ടായിട്ടുള്ള കാലവിളംബത്തിന് കാരണം എന്താണെന്ന് വിശദമാക്കുമോ;

(ഡി) സമയബന്ധിതമായി അന്വേഷണം പൂർത്തീകരിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ?

<u>'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' പദ്ധതി</u>

228. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

**,,** ഹൈബി ഈഡൻ

**,,** സി.പി.മുഹമ്മദ്

**,,** വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ ?

<u>ഐ എസ് - സാന്നിധ്യം</u>

229. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യാന്തര ഭീകര സംഘടനയായ ഇസ്ലാമിക് സ്റ്റേറ്റിൽ (ഐ.എസ്.) സംസ്ഥാനത്തു നിന്നുള്ളവരുടെ സാന്നിദ്ധ്യം സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആർക്കെല്ലാം എതിരെ എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഐ.എസ്. ബന്ധത്തിന്റെയടിസ്ഥാനത്തിൽ എത്ര മലയാളികൾ ഗൾഫ് നാടുകളിൽ ജിയിലുകളിൽ അകപ്പെട്ടിട്ടുണ്ട് ;

(ഡി) പ്രസ്തുത സംഘടനയുടെ പ്രവർത്തനം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് നിന്ന് പ്രസ്തുത സംഘടനയിലേയ്ക്ക് ആളുകളെ റിക്രൂട്ട് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഇ - ബീറ്റ് പദ്ധതിയിലെ ക്രമക്കേട്</u>

230. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് ആസ്ഥാനത്ത് നടന്ന ഇ-ബീറ്റ് (ഇലക്ട്രോണിക് ബീറ്റ്) പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) അന്വേഷണം നടത്തിയതാരാണ്; അന്വേഷണത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പോലീസ് നവീകരണത്തിന്റെ ഭാഗമായി നടപ്പാക്കിയ ഇ-ബീറ്റ് പദ്ധതിയിൽ അഴിമതി നടന്നതായും പലിശയടക്കം മൂന്നു കോടിയോളം രൂപയുടെ നഷ്ടം സംസ്ഥാനത്തിന് നേരിട്ടതായും അന്വേഷണത്തിൽ വെളിപ്പെട്ടിട്ടുണ്ടോ ;

(ഡി) അന്വേഷണ ഫലം പുറത്തായത് സംബന്ധിച്ച ഐ.ജി., മനോജ് എബ്രഹാം ഡി.ജി.പി.യ്ക്ക് നൽകിയ പരാതിയുടെയും ഇതു സംബന്ധമായി എസ്. പി. രാഹുൽ ആർ നായർ ഡി.ജി.പി.യ്ക്ക് നൽകിയ പരാതിയുടേയും അന്വേഷണ റിപ്പോർട്ടിന്റെയും പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ ?

<u>എ.സി. ഹനീഫയുടെ കൊലപാതകം</u>

231. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചാവക്കാട്ടെ കോൺഗ്രസ്സ് പ്രവർത്തകനായ എ.സി. ഹനീഫയുടെ കൊലപാതകത്തെ തുടർന്ന്, കെ.പി.സി.സി ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പ്രസിഡന്റ് ഗോപ പ്രതാപനെ കോൺഗ്രസ്സ് പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുള്ളത്, കൊലപാതകം സംബന്ധിച്ച് അന്വേഷിക്കുന്ന പോലീസ് സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച അന്വേഷണം ഇപ്പോൾ എത് ഘട്ടത്തിലാണ്; സംഭവത്തിനുത്തരവാദികളായ ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട്; ആരെയെല്ലാമാണ് ഇനി അറസ്റ്റു ചെയ്യുവാനുള്ളത്;

(സി) കേസുമായി ബന്ധപ്പെട്ട കെ .പി .സി .സി. ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ട് പോലീസ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എപ്പോൾ; അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ, സംഭവത്തിന്റെ തെളിവായി സ്വീകരിച്ചിട്ടുണ്ടോ ?

<u>സി -ആപ്റ്റിലെ വിജിലൻസ് അന്വേഷണം</u>

232. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി -ആപ്റ്റ് മാനേജിംഗ് ഡയറക്ടർ സജിത് വിജയരാഘവനെതിരെ ആരെല്ലാം നൽകിയ പരാതികളിൻമേലാണ് വിജിലൻസ് അന്വേഷണം നടക്കുന്നതെന്നും പരാതിയുടെ വിശദാംശങ്ങളും കേസ് നമ്പരുകളും വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത അന്വേഷണം എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ;

(ഡി) എ.ജി. (ആഡിറ്റ്) എന്തു തുകയുടെ നഷ്ടം വരുത്തിയെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; വിശദമാക്കാമോ ?

<u>ടി.കെ. രാമകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം</u>

233. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.കെ. രാമകൃഷ്ണൻ സ്മാരക പഠന ഗവേഷണ കേന്ദ്രം 2015 സെപ്റ്റംബർ 7 ൽ കോട്ടയത്ത് സംഘടിപ്പിച്ച വർഗ്ഗീയ വിരുദ്ധ സെമിനാർ വേദിയിലേക്ക്, എത്തിയ ആർ.എസ്.എസ് സംഘത്തിൽപ്പെട്ടവർക്കെതിരെ പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;

(ബി) എത്ര പേർക്കെതിരെ എന്തെല്ലാം കുറ്റങ്ങൾ ചുമത്തി,പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; തിരുനക്കര മൈതാനത്തെ വേദിക്ക് ചുറ്റുമുള്ള റോഡിലേക്ക് പ്രകടനം നടത്തിയതിനുശേഷം ആക്രമണത്തിലേർപ്പെട്ട ആർ.എസ്.എസ്. സംഘത്തിലുള്ളവരെ തിരിച്ചറിയുകയും, കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ?;

<u>എം.ബി. ബാലകൃഷ്ണന്റെ കൊലപാതകം</u>

234. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് വർഷം മുൻപ് തിരുവോണ ദിവസം കാസർകോട് ജില്ലയിലെ ഉദുമയിൽ സി.പി.ഐ. (എം) പ്രവർത്തകനായ എം.ബി. ബാലകൃഷ്ണനെ വെട്ടിക്കൊലപ്പെടുത്തിയ കേസിലെ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ടോ ; അറസ്റ്റ് ചെയ്യപ്പെട്ട കോൺഗ്രസ്സ് പ്രവർത്തകർ ആരൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) സംഭവത്തിന്റെ ഗൂഡാലോചനയെക്കുറിച്ച് ഒളിവിൽ കഴിയുകയായിരുന്ന പ്രതി ഷിബു 16/9/2015 ന് വാർത്താ സമ്മേളനത്തിലൂടെ നടത്തിയ വെളിപ്പെടുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാർത്താ സമ്മേളനത്തിന് ശേഷം പുറത്തിറങ്ങി രക്ഷപെടാൻ ശ്രമിച്ച ഷിബുവിനെ നാട്ടുകാർ പിടിച്ച് പോലീസിൽ ഏൽപ്പിക്കുകയുണ്ടായോ ;

(ഡി) വാർത്താ സമ്മേളനത്തിൽ പ്രതി ഷിബു നടത്തിയ വെളിപ്പെടുത്തലുകൾ എന്തെല്ലാമായിരുന്നു ; ഷിബുവിന്റെ വെളിപ്പെടുത്തലുകളുടെയടിസ്ഥാനത്തിൽ, കൊലപാതകം ആസൂത്രണം ചെയ്തവർക്ക് എതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

<u>എം.ബി. ബാലകൃഷ്ണന്റെ കൊലപാതകം</u>

235. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 2013സെപ്റ്റംബർ 16ന് കൊലചെയ്യപ്പെട്ട എം.ബി. ബാലകൃഷ്ണൻ കൊലക്കേസ്സിലെ 6-ാം പ്രതി 16.09.2015ന് കാസർഗോഡ് പ്രസ്സ് ക്ലബ്ബിൽ വെച്ച് സ്വന്തം കൈപ്പടയിൽ തയ്യാറാക്കിയ കുറിപ്പോടെ വിളിച്ചു ചേർത്ത പത്രസമ്മേളനത്തിലെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പത്രസമ്മേളനത്തിൽ, കൊലയുമായി ബന്ധപ്പെട്ട്, നടത്തിയ വെളിപ്പെടുത്തലുകൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ അറിയിക്കാമോ; ആരെയൊക്കെകുറിച്ചായിരുന്നു പരാമർശിച്ചിരുന്നത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശിക്കപ്പെട്ടവരെ വിളിച്ചുവരുത്തി അന്വേഷണ സംഘം ചോദ്യം ചെയ്തിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ;ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) പുതിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ, ഗൂഢാലോചന സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന പരേതന്റെ വിധവ കെ.വി. അനിതയുടെ ഹർജിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

<u>സി.പി.ഐ. (എം) പ്രവർത്തകർക്കെതിരെയുള്ള കേസ്</u>

236. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ സമരം ചെയ്തതിന്റെ പേരിൽ സംസ്ഥാനത്ത് എത്ര സി.പി.ഐ. (എം) പ്രവർത്തകർക്കെതിരെ പോലീസ് കേസ് എടുക്കുകയുണ്ടായിട്ടുണ്ട്;

(ബി) എത്ര സി.പി.ഐ. (എം) പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി ; റിമാന്റ് ചെയ്യപ്പെട്ടവർ എത്ര;

(സി) സി.പി.ഐ.(എം) പ്രവർത്തകർക്കെതിരെ നിലവിൽ അന്വേഷണത്തിലിരിക്കുന്ന കേസുകൾ എത്ര; കുറ്റപത്രം നൽകിയിട്ടുള്ളത് എത്ര?

<u>ആർ.എസ്.എസ്. ആക്രമണം</u>

237. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ൽ സി.പി.ഐ.(എം) സ്ഥാപനങ്ങൾക്കും, പ്രവർത്തകർക്കും, ഗ്രന്ഥാലയങ്ങൾക്കും, സാംസ്കാരിക സ്ഥാപനങ്ങൾ ഉടങ്ങിയവയ്ക്കും എതിരെ സംസ്ഥാനത്ത് ആർ.എസ്.എസ്. - ബി.ജെ.പി. പ്രവർത്തകർ നടത്തിയ ആക്രമണ സംഭവങ്ങളിൽ പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ എത്രയാണ് ;

(ബി) ഇക്കാലയളവിലുണ്ടായ സംഭവങ്ങളിലെല്ലാം കൂടി ആർ.എസ്.എസ്. - ബി.ജെ.പി പ്രവർത്തകർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളിലെ പ്രതികൾ എത്ര ; ഇതിൽ എത്ര പേർ ഇനിയും അറസ്റ്റ് ചെയ്യപ്പെടാൻ ബാക്കി നിൽപുണ്ട് ; ഇതിൽ ശിക്ഷിക്കപ്പെട്ടവർ എത്ര ?

<u>എം.എൽ.എ. യ്ക്ക് എതിരെയുള്ള കേസ്</u>

238. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. കുഞ്ഞമ്മത് മാസ്റ്റർ എം.എൽ.എ. എന്ന പേരിലോ കെ. കുഞ്ഞമ്മത് മാസ്റ്റർ S/o ഇബ്രായി, കുറുങ്ങോട്ട് വീട്, മേഞ്ഞാണ്യം പി.ഒ., പേരാമ്പ്ര എന്ന പേരിലോ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത് സ്റ്റേഷനിലാണ് കേസ് നിലവിലുള്ളതെന്നും എന്തു കുറ്റത്തിന് ഏതെല്ലാം വകുപ്പ് ചേർത്താണ് കേസെടുത്തതെന്നും വിശദാംശം ലഭ്യമാക്കുമോ?

<u>ബാർ ലൈസൻസ് കോഴ</u>

239. ശ്രീ.എ.കെ.ബാലൻ

,, കെ.കുഞ്ഞമ്മത് മാസ്റ്റർ

,, കെ.സുരേഷ് കുറുപ്പ്

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് മന്ത്രിക്കെതിരെ ബാർ ലൈസൻസ് കോഴയുമായി ബന്ധപ്പെട്ട് പുറത്തുവന്ന പുതിയ തെളിവുകളുടെയും വെളിപ്പെടുത്തലുകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ക്വിക് വെരിഫിക്കേഷൻ നടത്തി എഫ്.ഐ.ആർ ഇടാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം

വെളിപ്പെടുത്താമോ;

(ബി) ഇക്കാര്യത്തിൽ വിജിലൻസ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ;

(സി) തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ സി.ആർ.പി.സി 164 പ്രകാരമുള്ള ബിജു രമേശിന്റെ മൊഴിയിൽ എക്സൈസ് വകുപ്പമന്ത്രിക്കെതിരായ പരാമർശങ്ങൾ, ബാർ ഓണേഴ്സ് അസോസിയേഷൻ യോഗത്തിൽ കൈക്കൂലിയുമായി ബന്ധപ്പെട്ട് പുറത്തു വന്ന ബാറുടമകളുടെ സംഭാഷണങ്ങൾ അടങ്ങിയ ശബ്ദരേഖ, ഇതിനകം പുറത്തുവന്ന മറ്റ് സംഗതികൾ ഇവയെല്ലാം ക്വിക് വെരിഫിക്കേഷന്റെ ഭാഗമാക്കാമോ;

(ഡി) മന്ത്രിയ്ക്കെതിരെ നടന്നതായി പറയുന്ന പ്രാഥമിക അന്വേഷണം എത്രത്തോളം കുറ്റമറ്റതായിരുന്നു ; വ്യക്തമാക്കുമോ ;

(ഇ) വിജിലൻസിന്റെ കയ്യിലുണ്ടായിരുന്ന ശബ്ദരേഖയും ബാറുടമകൾ നൽകിയ മൊഴികളും മറ്റും പ്രാഥമികാന്വേഷണത്തിൽ പരിഗണിച്ചി ട്ടുണ്ടോ ;

(എഫ്) ബജറ്റ് ചർച്ചയ്ക്ക് ശേഷം ഉദ്യോഗസ്ഥരെ ഒഴിവാക്കി എക്സൈസ് മന്ത്രി ബാറുടമകളുമായി നടത്തിയ ചർച്ചയിൽ 10 കോടി രൂപയുടെ കച്ചവടം ഉറപ്പിച്ചതായുള്ള ബിജുരമേശിന്റെ മൊഴി പ്രാഥമികാന്വേഷണത്തിനു പരിഗണിച്ചിട്ടുണ്ടോ ;

(ജി) മന്ത്രി യ്ക്കെതിരെ ഇതേവരെ പുറത്തുവന്ന തെളിവുകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ഉടൻ ക്വിക് വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നൽകാമോ; ഇക്കാലയളവിൽ മന്ത്രി തൽസ്ഥാനത്തു തുടരുന്നത് സ്വതന്ത്രമായ അന്വേഷണത്തിന് എത്രത്തോളം വിഘാതമാവുന്നുണ്ട് ; വ്യക്തമാക്കുമോ ;

## എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക്നേരെ നടന്ന അതിക്രമങ്ങൾ

240. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് നേരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് എത്രപരാതികൾ ലഭിച്ചു; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റു ചെയ്തു; എസ്.സി, എസ്.ടി, വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ എസ്.സി/എസ്.ടി വിഭാഗങ്ങളിൽപെട്ട എത്ര പേർ കൊല്ലപ്പെടുകയുണ്ടായി; എസ്.സി, എസ്.ടി വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ എസ്.സി/എസ്.ടി വിഭാഗങ്ങളിൽപെട്ട എത്ര പേർ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെടുകയുണ്ടായി; വർഷം, ജില്ല, പോലീസ് സ്റ്റേഷന്റെ പേര്, കൊല്ലപ്പെട്ടയാളിന്റെ പേര് എന്നിവ വിശദമാക്കുമോ;

(ഡി) ഈ കാലയളവിൽ എസ്.സി/എസ്.ടി വിഭാഗങ്ങളിൽപെട്ട എത്ര പേരെ വിവിധ കുറ്റങ്ങളുടെ പേരിൽ പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്; വിട്ടയച്ചശേഷം ഇതിൽ എത്ര പേർ ആത്മഹത്യ ചെയ്യുകയോ ആശുപത്രിയിൽ മരിക്കുകയോ ചെയ്തിട്ടുണ്ട്; വർഷം, ജില്ല, പോലീസ് സ്റ്റേഷൻ, മരിച്ചയാളിന്റെ പേര് എന്നിവ വ്യക്തമാക്കുമോ;

(ഇ) ഈ കാലയളവിൽ എസ്.സി, എസ്.ടി വിഭാഗങ്ങളോടുള്ള അതിക്രമത്തിന്റെ പേരിൽ എത്ര പോലീസുകാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്; തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

## ജയിൽ വാർഡൻമാരുടെ നിയമനം

241. **ശ്രീ.പി.എ.മാധവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാർക്ക് ആനുപാതികമായി ജയിൽ വാർഡൻമാർ ഉണ്ടോ;

(ബി) ജയിലുകളുടെ സുരക്ഷയ്ക്കും തടവുകാരുടെ നിയന്ത്രണത്തിനും ആവശ്യമായ വാർഡൻമാരെ

നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ വാർഡൻമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇവ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ആർ. എസ്. എസ്. നേതാവിന്റെ വിരുന്നു സൽക്കാരം</u>

242. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മണലൂരിൽ, ആർ. എസ്. എസ്. നേതാവിന്റെ വിരുന്നു സൽക്കാരത്തിൽ ഒരു എ.ഡി.ജി.പി. പങ്കെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എന്കിൽ പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ;

(ബി) മുന്നറിയിപ്പുകൾ അവഗണിച്ച് പ്രസ്തുത വിരുന്നു സൽക്കാരത്തിൽ പങ്കെടുത്തതിന് എ.ഡി.ജി.പി. യുടെ പേരിൽ സ്വീകരിച്ച നടപടി എന്താണെന്ന് വെളിപ്പെടുത്താമോ;ഇല്ലെന്കിൽ എ. ഡി. ജി. പി.യുടെ പേരിൽ ശിക്ഷാനടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

(സി) പ്രസ്തുത വിരുന്നു സൽക്കാരം സംബന്ധിച്ച് വന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത നേതാവ് ഏതെന്കിലും ക്രിമിനൽ കേസിൽ ഉൾപ്പെട്ടിട്ടുണ്ടോ?

<u>ആർ.എസ്.എസ് ആക്രമണങ്ങൾ</u>

243. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ഹിന്ദു തീവ്രവാദ സംഘടനകളും തങ്ങളെ എതിർക്കുന്ന എല്ലാവർക്കുമെതിരെ സംഘടിതമായ ആക്രമണങ്ങൾ അഴിച്ചുവിട്ടിരിക്കുന്നത് സർക്കാരിനറിയാമോ;

(ബി) സർഗ്ഗാത്മകമായ ആവിഷ്കാരങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും നേരെ ഈ സംഘടനകൾ വെല്ലുവിളി ഉയർത്തിയ ഒട്ടേറെ സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി അറിയാമോ;

(സി) സംസ്ഥാനത്തിന്റെ മതനിരപേക്ഷ-ജനാധിപത്യ സംസ്കാരത്തിന് കളങ്കം ചാർത്തുന്ന നടപടികളിൽ ഏർപ്പെട്ട ഈ സംഘടനകളോടുള്ള സർക്കാർ സമീപനം വെളിപ്പെടുത്താമോ;

(ഡി) വർഗ്ഗീയ വിപത്തുണ്ടാക്കാൻ ഈ സംഘടനകൾ നടത്തുന്ന ബോധപൂർവ്വമായ ശ്രമങ്ങൾ തടയാൻ തയ്യാറാകുമോ?

<u>ആർ.എസ്.എസ്. നടത്തിയ ആക്രമണങ്ങൾ</u>

244. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആർ.എസ്.എസ്. സായുധ സംഘം വീടുകളിലും, മറ്റും കയറി ആക്രമണം നടത്തിയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്; അവ സംബന്ധിച്ച് പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ എത്ര;അതിൽ ഇപ്പോഴും അന്വേഷണത്തിലിരിക്കുന്ന കേസുകൾ എത്ര;പ്രസ്തുത കേസുകളിലായി എത്ര പ്രതികൾ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട്;

(ബി) ഇതിൽ ഏതെല്ലാം കേസുകൾ പിൻവലിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്; പിൻവലിക്കുന്നതിന് പരിഗണനയിലുള്ള അപേക്ഷകൾ എത്ര?

<u>ആർ.എസ്.എസിൻെറ ആക്രമണങ്ങൾ</u>

245. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ആർ.എസ്.എസ്. ക്രിമിനൽ സംഘങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സി.പി.ഐ.(എം) പ്രവർത്തകർക്ക് നേരെ കിരാതമായ ആക്രമണങ്ങൾ അഴിച്ചുവിട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാലയളവിൽ സംസ്ഥാനത്ത് സി.പി.ഐ.(എം) പ്രവർത്തകരും അനുഭാവികളുമായിട്ടുള്ള എത്ര പേരുടെ വീടുകൾ ആക്രമണങ്ങൾക്കിരയാവുകയുണ്ടായി; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) എത്ര കേസ്സുകൾ ഇക്കാലയളവിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി;

(ഡി) കൊലചെയ്യപ്പെട്ട സി.പി.ഐ.(എം) പ്രവർത്തകർ ആരൊക്കെ;

(ഇ) നാശനഷ്ടങ്ങൾ ഉണ്ടായ ആർക്കെല്ലാം സർക്കാർ നഷ്ടപരിഹാരം ലഭ്യമാക്കുകയുണ്ടായെന്ന് വിശദമാക്കാമോ?

## എൽ.എൽ.എം. പരീക്ഷയിലെ കോപ്പിയടി

246. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. സർവകലാശാലയുടെ എൽ.എൽ.എം. പരീക്ഷയിൽ തൃശ്ശൂർ റേഞ്ച് ഐ.ജി കോപ്പിയടിച്ചതായി , ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയ സർവ്വകലാശാല സിൻഡിക്കേറ്റ് ഉപ സമിതി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ബി) എന്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഐ.ജി. യ്ക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

## ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തന രീതി

247. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് ക്രൈം ബ്രാഞ്ച്, ജില്ലാ ക്രൈം ബ്രാഞ്ച്, ക്രൈം ഡിറ്റാച്ച്മെന്റ് സെൽ എന്നിവയുടെ പ്രവർത്തന രീതി വിശദമാക്കുമോ ; ഓരോ ബ്രാഞ്ചിലും അനുവദിച്ചിട്ടുള്ള മൊത്തം ഉദ്യോഗസ്ഥരുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) കേസുകൾ സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിനും ജില്ലാ ക്രൈം ബ്രാഞ്ചിനും കൈമാറുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ;

(സി) സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിന്റെയും ജില്ലാ ക്രൈം ബ്രാഞ്ചിന്റെയും പ്രവർത്തന രീതിയിലുള്ള വ്യത്യാസം എന്താണെന്ന് വ്യക്തമാക്കുമോ; ;

(ഡി) ക്രൈം ഡിറ്റാച്ച്മെന്റ് സെൽ ഏതൊക്കെ തരത്തിലുള്ള കേസുകളാണ് കൈകാര്യം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഓരോ വിഭാഗവും കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടെ എത്ര കേസുകൾ ഏറ്റെടുത്തു എന്നും, എത്ര കേസുകളുടെ അന്വേഷണം പൂർത്തിയാക്കി എന്നും ഇതിൽ എത്ര കേസുകളിൽ കുറ്റവാളികളെ ശിക്ഷിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ?

## കേരളാ ഹൗസിലെ പോലീസ് പരിശോധന

248. ശ്രീ.കെ.സുരേഷ് കുറുപ്പ്

,, കെ.രാധാകൃഷ്ണൻ

ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഡെൽഹിയിലുള്ള ഔദ്യോഗിക അതിഥി മന്ദിരത്തിൽ നിയമം ലംഘിച്ച് പോലീസ് കടന്നു കയറുകയുണ്ടായോ;

(ബി) എങ്കിൽ സംഭവം സംബന്ധിച്ച് വിശദമാക്കാമോ; കേരളാ ഹൗസിലെ കാന്റീനിലെ ഭക്ഷ്യവസ്തുക്കൾ ഡൽഹി പോലീസ് പരിശോധിക്കുകയുണ്ടായോ; പ്രസ്തുത പ്രശ്നത്തിൽ പ്രതിഷേധം ഉയർന്നു വരുകയുണ്ടായോ;

(സി) സംഭവത്തെ തുടർന്ന് യഥാസമയം ശക്തമായ നടപടി സ്വീകരിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) സംഘപരിവാറുകാർക്ക് ഈ സംഭവത്തിലുള്ള പങ്ക് എന്തായിരുന്നു; സംസ്ഥാന സർക്കാർ ഡൽഹിയിൽ പോലീസിന് പരാതി നൽകിയത് എപ്പോഴായിരുന്നു?

ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് പദ്ധതി

249. ശ്രീ.കെ.മുരളീധരൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ഐ.സി.ബാലകൃഷ്ണൻ

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക്' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

പുതിയ പോലീസ് സ്റ്റേഷനുകളിലെ പോസ്റ്റ് ക്രിയേഷൻ

250. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ പുതിയതായി ആരംഭിച്ച മാഞ്ഞൂർ പോലിസ് സ്റ്റേഷന്റെ സുഗമമായ പ്രവർത്തനത്തിന് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;എങ്കിൽ ഏതെല്ലാം; ഇതു സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ ഫയൽ നിലവിലുണ്ടോ; എങ്കിൽ ഫയൽ നമ്പർ ലഭ്യമാക്കുമോ?

വ്യാജ ഫോട്ടോ നിർമ്മിച്ചതിനെതിരെ ക്രിമിനൽ നടപടി

251. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ഫോട്ടോ നിർമ്മിക്കുന്നതും അത് മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നതും ക്രിമിനൽ നടപടി നിയമത്തിലെ എതെല്ലാം വകുപ്പുകൾ പ്രകാരം കുറ്റകരമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 2014-15-ലെ പഞ്ചായത്ത് സശക്തികരൻ പുരസ്കാരം മുൻ ഇന്ത്യൻ പ്രസിഡൻഡ് എ.പി.ജെ. അബ്ദുൾ കലാം, സൂപ്പിനരിക്കാട്ടേരിക്ക് (ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് നേതാവും നാദാപുരം പഞ്ചായത്തു പ്രസിഡന്റും) നൽകുന്ന വിധത്തിൽ മോർഫ് ചെയ്ത ചിത്രം, അദ്ദേഹം പ്രചരിപ്പിച്ചതായുള്ള വിവരം പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുൻ ഇന്ത്യൻ പ്രസിഡൻഡിൻെറ പേരും ഫോട്ടോയും ദുരുപയോഗപ്പെടുത്തിയ ആൾക്കെതിരെ പോലീസ് കേസ് എടുക്കുകയുണ്ടോയോ; ഇല്ലെങ്കിൽ

കാരണമെന്ത്; കേസെടുത്തിട്ടുണ്ടെങ്കിൽ എതെല്ലാം കുറ്റങ്ങൾക്കെതിരെ; അന്വേഷണം ഇപ്പോൾ എത് ഘട്ടത്തിലാണ്?

<u>പോലീസ് പീഡനം</u>

252. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവഴിയിലിരുന്ന് മദ്യപിച്ചുവെന്നാരോപിച്ച് പോലീസ് കസ്റ്റഡിയിൽ എടുത്ത, നെടുമങ്ങാട് ചുള്ളിമാനൂർ മേന്മർക്കോണം കൃഷ്ണ നന്ദനത്തിൽ രാജീവ് പോലീസ് പീഡനത്തെതുടർന്ന് പിന്നീട് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) രാജീവിനെ കസ്റ്റഡിയിൽ എടുത്തതിനു ശേഷം വൈദ്യപരിശോധനയ്ക്ക് വിധേയനാക്കിയിരുന്നോ; അറസ്റ്റ് ചെയ്തത് എപ്പോൾ, എവിടെവെച്ച്, എന്ത് കുറ്റം ആരോപിച്ചായിരുന്നു; പിന്നീട് വിട്ടയച്ചത് എപ്പോഴായിരുന്നു;

(സി) പോലീസ് പീഡനത്തെത്തുടർന്ന് ആത്മഹത്യ ചെയ്ത രാജീവിന്റെ കുടുംബത്തെ സംരക്ഷിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണം</u>

253. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാന നിർമ്മാണത്തിനായി നിലവിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് ; തുക അനുവദിച്ച് ഉത്തരവായത് എന്നാണ് ;

(ബി) പ്രസ്തുത ആസ്ഥാന നിർമ്മാണത്തിനാവശ്യമായ ഭൂമി ആഭ്യന്തര വകുപ്പിന് ലഭ്യമായി ഉത്തരവായത് എന്നാണ് ;

(സി) റൂറൽ പോലീസ് ആസ്ഥാന മന്ദിര നിർമ്മാണത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാർ ചെയ്തോ ; ആർക്കാണ് നിർമ്മാണ ചുമതല ;

(ഡി) ആസ്ഥാന മന്ദിരം നിർമ്മിക്കാൻ ലഭ്യമായ സ്ഥലത്ത് എന്തെല്ലാം സംവിധാനങ്ങൾ സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ട് ?

<u>പോലീസ് നിരീക്ഷണ ക്യാമറ സംവിധാനം</u>

254. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ആഭ്യന്തര വകുപ്പ് റോഡുകൾ, പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഏതെല്ലാം കമ്പനികളുടെ എത്ര ക്യാമറകൾ സ്ഥാപിച്ചു; ഇതിനായി ഓരോ വർഷവും എത്ര തുക ചെലവഴിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഇവയിൽ പ്രവർത്തനക്ഷമമായുള്ള എത്ര ക്യാമറകൾ ഉണ്ടെന്നും പ്രവർത്തനരഹിതം എത്രഎന്നും വ്യക്തമാക്കുമോ;

(സി) ഇത്തരം ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പ് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും എത്ര തുകയുടേതാണെന്നും വ്യക്തമാക്കുമോ;

(ഡി) 9 ജില്ലകളിൽ പോലീസിന്റെ നഗരനിരീക്ഷണത്തിനുള്ള ക്യാമറ സംവിധാനത്തിൽ വീഴ്ച പറ്റിയതായി കരുതുന്നുണ്ടോ; എങ്കിൽ എന്താണ് കാരണം; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇത്തരം ക്യാമറ സ്ഥാപിച്ചതു വഴി എത്ര കുറ്റവാളികളെ ഈ സർക്കാർ കാലയളവിനുള്ളിൽ പിടിക്കുവാൻ

സാധിച്ചു; വിശദമാക്കുമോ;

(എഫ്) ഇത്തരം ക്യാമറകളുടെ തകരാർ തീർക്കുന്നതിന് നടപടിയെടുക്കാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഏറനാട് മണ്ഡലത്തിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്

255. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംവിധാനം ഉള്ളത്; വിശദമാക്കുമോ;

(ബി) പുതുതായി പ്രസ്തുത സംവിധാനം ആരംഭിക്കുന്നതിലേക്കായി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ നിന്നാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കുമോ?

സൈബർ കുറ്റകൃത്യങ്ങളും കുട്ടികളും

256. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷം കുട്ടികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളുടെ എണ്ണമെത്രയാണ്; മുൻവർഷത്തിലേതുമായുള്ള താരതമ്യം ലഭ്യമാക്കാമോ;

(ബി) പ്രായപൂർത്തിയാവാത്ത കുട്ടികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളുടെ നിരക്ക് വർദ്ധിച്ച് വരുന്ന സാഹചര്യമാണോ നിലവിലുള്ളത്; എങ്കിൽ കാരണം എന്താണെന്നുള്ളത് വിലയിരുത്തിയിട്ടുണ്ടോ;

(സി) കുറ്റകൃത്യങ്ങൾ തടയുന്നതിനും കുട്ടികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളുടെ വർദ്ധനവ് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സൈബർ കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ തടയുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്?

സൈബർ കുറ്റകൃത്യങ്ങൾ

257. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് ഏതെല്ലാം ആധുനികമായ സംവിധാനങ്ങളാണ് ഉപയോഗപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിലുള്ള എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്നും അതിൽ എത്ര കേസുകൾ കണ്ടെത്തിയെന്നും വ്യക്തമാക്കുമോ ?

പോലീസ് കോൺസ്റ്റബിൾമാരുടെ സേവന കാലാവധി

258. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ അടക്കമുള്ള ഉദ്യോഗസ്ഥന്മാർ ഇത്ര വർഷമേ തുടർച്ചയായി ഒരു പോലീസ് സ്റ്റേഷനിൽ ജോലി ചെയ്യാൻ പാടുള്ളു എന്ന് നിയമം ഉണ്ടോ; എങ്കിൽ പ്രസ്തുത കാലാവധി എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ചില സ്ഥലങ്ങളിൽ ഒന്നോ രണ്ടോ കിലോമീറ്ററിനുള്ളിൽ രണ്ടു പോലീസ് സ്റ്റേഷനുകൾ ഉണ്ടാകാം , ഇത്തരം പോലീസ് സ്റ്റേഷനുകളിൽ ജോലി ചെയ്യുന്നവരെ വർഷങ്ങൾക്ക് ശേഷം പരസ്പരം മാറ്റിയാൽ

ഒരാൾ തുടർച്ചയായി ഒരേ സ്ഥലത്ത് ജോലി ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥ നിറവേറ്റപെടുമോ;

(സി) കാസർകോട് ജില്ലയിലെ കാസർകോട് ടൗൺ വിദ്യാനഗറിൽ ബദിയടുക്ക, ആദൂർ, കാസർകോട് ട്രാഫിക് എന്നീ പോലീസ് സ്റ്റേഷനുകളിൽ ഇപ്പോൾ ജോലി ചെയ്ത് വരുന്ന സബ് ഇൻസ്പെക്ടർമാർ അടക്കമുളളവരുടെ പേരു വിവരങ്ങളും അവർ അതാത് പോലീസ് സ്റ്റേഷനുകളിൽ ഇപ്പോൾ തുടർച്ചയായി സേവനം ചെയ്തുവരുന്നതും മുമ്പ് സേവനം ചെയ്തതുമായ കാലാവധി എത്രയാണ് എന്ന് വ്യക്തമാക്കാമോ?

<u>ജേക്കബ് തോമസ് ഐ.പി.എസിനെതിരെയുള്ള പരാതികൾ</u>

259. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ജി.പി. ജേക്കബ് തോമസ് ഐ.പി.എസിനെ ഫയർഫോഴ്സ് മേധാവി സ്ഥാനത്ത് നിന്ന് മാറ്റിയത് സർക്കാരിന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലാണോ; വിശദാംശം വെളിപ്പെടുത്താമോ; ഇക്കാര്യത്തിൽ മുഖ്യമന്ത്രി പ്രസ്താവന നടത്തുകയുണ്ടായോ;വിശദമാക്കുമോ;

(ബി) പരാതികളുടെ അടിസ്ഥാനത്തിലാണെങ്കിൽ പരാതിക്കാർ ആരൊക്കെയായിരുന്നുവെന്നും വാക്കാൽ ലഭിച്ച പരാതികൾ ആരുടെയൊക്കെയായിരുന്നുവെന്നും പരാതികൾ എന്തായിരുന്നുവെന്നും വിശദമാക്കുമോ;

(സി) മാധ്യമങ്ങളോട് സംസാരിച്ചതിന് ശ്രീ. ജേക്കബ് തോമസിനോട് വിശദീകരണം ആവശ്യപ്പെടാൻ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് മന്ത്രിസഭായോഗത്തിൽ; തീരുമാനം വിശദമാക്കാമോ;

(ഡി) സംസ്ഥാന പോലീസ് ആക്ട് 97-ാം വകുപ്പിലെ വ്യവസ്ഥ പ്രകാരം, ഉയർന്ന റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥന് ഏറ്റവും കുറഞ്ഞത് എത്ര വർഷത്തെ ഔദ്യോഗിക കാലാവധി സർക്കാർ ഉറപ്പ് നൽകേണ്ടതുണ്ട്;

(ഇ) ശ്രീ. ജേക്കബ് തോമസിൻമേൽ ആരോപിക്കപ്പെട്ട കുറ്റം എന്താണെന്ന് വിശദമാക്കാമോ?

<u>നിർഭയ കേരളം സുരക്ഷിത കേരളം</u>

260. ശ്രീ.പി.സി വിഷ്ണുനാഥ്

,, എ.പി.അബ്ദുള്ളക്കുട്ടി

,, ലൂഡി ലൂയിസ്

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676 ൽ ഉൾപ്പെടുത്തി നിർഭയ കേരളം സുരക്ഷിത കേരളം എന്ന പദ്ധതിപ്രഖ്യാപിച്ചിട്ടുണ്ടോ ;എന്തെല്ലാം കാര്യങ്ങളാണ് ഇത് വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>സർക്കാർ നയങ്ങൾ-പോലീസ് മേധാവിയുടെ പരസ്യ പ്രസ്താവന</u>

261. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നയങ്ങളെ വിമർശിച്ച് പോലീസ് മേധാവി പരസ്യപ്രസ്താവന നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അദ്ദേഹത്തോട് വിശദീകരണം തേടിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജനമൈത്രി പോലീസിന്റെ പ്രവർത്തനങ്ങളെ പോലീസ് മേധാവി വിമർശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അദ്ദേഹത്തോട് വിശദീകരണം തേടിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പോലീസ് മേധാവി തന്റെ ഔദ്യോഗിക ഫേസ് ബുക്ക് പേജിലൂടെ നടത്തുന്ന പ്രസ്താവനകളും, കമന്റുകളും, അഭിപ്രായങ്ങളും സഹപ്രവർത്തകർക്ക് നേരെയുള്ള വിമർശനങ്ങളും സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ, ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സോഷ്യൽ മീഡിയാ വഴിയുള്ള അഭിപ്രായ പ്രകടനത്തിന്റെ പേരിൽ ഏതെങ്കിലും ഐ.പി.എസ്. ഓഫീസർമാർക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## പോലീസ് സേനയിലെ ക്രിമിനൽ കേസ്സുകളിൽ പ്രതിയായ ഉദ്യോഗസ്ഥന്മാർ

262. ശ്രീ.വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ വിവിധ ക്രിമിനൽ കേസ്സുകളിൽ പ്രതിയായ എത്ര ഉദ്യോഗസ്ഥന്മാർ ഉണ്ട് ; കേഡർ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) വകുപ്പുതലത്തിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകാമോ ;

(സി) ഇത്തരത്തിൽ ക്രിമിനൽ കേസ്സിൽ പ്രതികളായവരെ കോടതി ശിക്ഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

## തൊടുപുഴ ന്യൂമാൻസ് കോളേജ് പ്രിൻസിപ്പലിനെ ആക്രമിച്ച സംഭവം

263. ശ്രീ.കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ന്യൂമാൻസ് കോളേജിൽ പ്രിൻസിപ്പലിനെയും പോലീസിനെയും ആക്രമിച്ചവർക്കെതിരെ പോലീസ് ഏതെല്ലാം വകുപ്പുകൾ പ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയുണ്ടായി; വിശദമാക്കാമോ;

(ബി) സ്ഥലം എസ്.ഐ. യുടെ നെഞ്ചിൽ കുത്തിപ്പിടിച്ച് തള്ളുകയും തൊപ്പി തട്ടിത്തെറിപ്പിക്കുകയും ചെയ്തവർക്കെതിരെ ഏതെല്ലാം കുറ്റത്തിന് ഏതെല്ലാം വകുപ്പുകൾ പ്രകാരം കേസ് എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേസുകളുടെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ആരെയെല്ലാം അറസ്റ്റ് ചെയ്തു റിമാന്റ് ചെയ്യുകയുണ്ടായി; എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ട്?

## ഓൺലൈൻ പെൺവാണിഭം

264. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ പെൺവാണിഭം നടത്തുന്ന സംഘങ്ങൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത്തരം എത്ര സംഘങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത്; ഇവരിൽ എത്ര പേരെയാണ് ഇതുവരെ അറസ്റ്റ് ചെയ്തിട്ടുള്ളത്;

(ബി) ഇത്തരത്തിലുള്ള സംഘങ്ങളുടെ പ്രവർത്തനം കണ്ടെത്തുന്നതിനായി പ്രത്യേക പോലീസ് സംഘങ്ങളെ നിയോഗിച്ചിട്ടുണ്ടോ;എങ്കിൽ അതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ബാർകോഴ

265. ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, കെ.രാധാകൃഷ്ണൻ
,, കെ.കെ.ജയചന്ദ്രൻ
,, പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ആരോപണ വിധേയരായിട്ടുള്ള മന്ത്രിമാർ ആരൊക്കെയാണ് ; ആരോപണം ഉന്നയിച്ചവർ മജിസ്ട്രേറ്റ് മുമ്പാകെ നല്കിയ മൊഴികളിലും, പരാതികളിലും വെളിപ്പെടുത്തലുകളിലുമായി ഏതെല്ലാം മന്ത്രിമാരാണ് കൈക്കൂലി ആവശ്യപ്പെട്ടതായും വാങ്ങിയിട്ടുള്ളതായും പ്രസ്താവിച്ചിട്ടുള്ളത് ; ബാർ ലൈസൻസ് ഫീ കുറക്കാൻ മന്ത്രി ശ്രീ കെ.ബാബു എത്ര കോടി കൈക്കൂലി വാങ്ങി എന്നായിരുന്നു ആക്ഷേപം ;

(ബി) എക്സൈസ് മന്ത്രി യ്ക്കെതിരെ, ലഭിച്ച എല്ലാ മൊഴികളും രേഖപ്പെടുത്തുകയും പ്രസ്താവനകളും ശബ്ദരേഖകളും ഉൾപ്പെടെ എല്ലാം കസ്റ്റഡിയിൽ എടുത്ത് അന്വേഷണ സംഘം പരിശോധിക്കുകയും ചെയ്തിട്ടുണ്ടോ ; ആരിൽ നിന്നെല്ലാം മൊഴികൾ എടുക്കുകയുണ്ടായി ; എന്തെല്ലാം രേഖകൾ പിടിച്ചെടുത്തു ; ശേഖരിച്ച തെളിവുകൾ എന്തെല്ലാം ; മൊഴികൾ പൂർണ്ണമായി രേഖപ്പെടുത്തുകയുണ്ടായില്ലെന്ന ആക്ഷേപത്തിൽ നിലപാട് വെളിപ്പെടുത്താമോ ?

(സി) പ്രാഥമികാന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തായിരുന്നു; അതേ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; റിപ്പോർട്ടിന്മേൽ ഡയറക്ടറുടെ അന്തിമ നിഗമനം എന്തായിരുന്നു ; ഇതിനു മുമ്പ് നിയമോപദേശം തേടുകയുണ്ടായോ ; എങ്കിൽ ആരിൽ നിന്ന് ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

(ഡി) ബാർ കോഴക്കേസ് അന്വേഷണവുമായി ബന്ധപ്പെട്ട് വിജിലൻസിൽ ഇതിനകം ലഭിച്ച എല്ലാ തെളിവുകളുടെയും പുതിയ വെളിപ്പെടുത്തലുകളുടെയും അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ തയ്യാറാകാതിരുന്നത് എന്തുകൊണ്ടാണ് ;

(ഇ) അന്വേഷണ ഘട്ടത്തിൽ ആരോപണ വിധേയരായ എല്ലാ മന്ത്രിമാരെയും തൽസ്ഥാനങ്ങളിൽ നിന്ന് മാറ്റി നിർത്തിയിട്ടുണ്ടോ ; അന്വേഷണം നേരിടുന്ന ഏതെല്ലാം മന്ത്രിമാരാണിപ്പോൾ മന്ത്രിസഭയിൽ തുടരുന്നത് ?

## നാദാപുരം ബോംബ് സ്ഫോടനം

266. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരത്ത് അഞ്ച് യൂത്ത് ലീഗ് പ്രവർത്തകർ ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട കേസിന്റെ ഗൂഢാലോചന ദുബായിലാണ് നടന്നതെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ തുടരന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ബോംബ് നിർമ്മിച്ചവരുടെ ഉദ്ദേശം എന്താണെന്ന് വ്യക്തമായിട്ടുണ്ടോ;വിശദമാക്കുമോ;

(സി) ഇതുസംബന്ധിച്ച് ദുബായിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) മരിച്ചവരെക്കൂടാതെ കേസിൽ പ്രതി ചേർക്കപ്പെട്ടവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## ജനമൈത്രി പോലീസ് പദ്ധതി

267. ശ്രീ.എ.റ്റി.ജോർജ്
,, പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ട്രാഫിക് പോലീസ് സ്റ്റേഷനുകൾ സംബന്ധിച്ച ഉദ്യോഗസ്ഥഭരണ പരിഷ്കാരണ വകുപ്പിന്റെ റിപ്പോർട്ട്</u>

268. ശ്രീ.ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിലെ ജോലി ഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥഭരണ പരിഷ്കരണ വകുപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്കമാലി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഉദ്യോഗസ്ഥഭരണ പരിഷ്കാരണ വകുപ്പ് റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

<u>ക്രിമിനൽ കേസ്സുകൾ</u>

269. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊലപാതകം, കൂട്ടക്കവർച്ച, മാലപൊട്ടിക്കൽ, ആരാധനാലയങ്ങളിലെ കവർച്ച, മദ്യം-മയക്കുമരുന്ന് കേസ്സുകൾ എന്നിവ സംസ്ഥാനത്ത് അനുദിനം വൻതോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര കൊലപാതക കേസ്സുകൾ, കൂട്ടക്കവർച്ച കേസ്സുകൾ, മാലപൊട്ടിക്കൽ കേസ്സുകൾ, ആരാധനാലയങ്ങളിലെ കേസ്സുകൾ എന്നിവ രജിസ്റ്റർ ചെയ്യുകയുണ്ടായി; തരംതിരിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ നാളിതുവരെ ഇത്തരം കേസ്സുകളിൽ ഉൾപ്പെട്ട സിവിൽ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാം എന്നും ഇവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

<u>നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനം</u>

270. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ നിരീക്ഷണ ക്യാമറകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ

(ബി) പ്രസ്തുത ക്യാമറകൾ കാര്യക്ഷമമായി പ്രവർത്തിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആഭ്യന്തര സുരക്ഷയെ ബാധിക്കുന്ന ഇത്തരം പോരായ്മകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ട്രാഫിക് യൂണിറ്റിന്റെ സ്റ്റാഫ് പാറ്റേൺ</u>

271. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് അനുവദിച്ച ട്രാഫിക് യൂണിറ്റിന്റെ നിലവിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ട്രാഫിക് യൂണിറ്റിലേക്കുള്ള സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ട്രാഫിക് യൂണിറ്റിനായി വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വാഹനങ്ങളാണെന്ന് അറിയിക്കുമോ?

<u>ബാറുകൾ അടച്ചുപൂട്ടപ്പെട്ടപ്പോൾ അനധികൃത മദ്യവും മയക്കുമരുന്നും വ്യാപകമായി എന്ന ആരോപണം</u>

272. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾ അടച്ചുപൂട്ടപ്പെട്ടപ്പോൾ വളരെക്കുറച്ച വിലയ്ക്ക് ലഭിക്കുന്ന അനധികൃത മദ്യവും മയക്കുമരുന്നുകളും വ്യാപകമായി എന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ആയത് തടയുന്നതിന് പോലീസ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ

(ബി) ഈ ഇനത്തിൽ എത്ര പോലീസ് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ

(സി) മയക്കുമരുന്നുകളുടെയും മുറുക്കാൻ പോലുള്ളവയുടെയും ഉപയോഗത്തി ന്റെ ലഹരിയിൽ ഇരുചക്രവാഹനമടക്കം നിയന്ത്രണമില്ലാതെ ഓടിക്കുകയും യാത്രക്കാരുടെ മേലും മറ്റ് വാഹനങ്ങളുടെ മേലും തട്ടി അപകടമുണ്ടാക്കുകയും ചെയ്യുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ;ആയത് തടയുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ

(ഡി) ലഹരി ഉപയോഗിച്ച് വാഹനമോടിക്കുന്നവരെയും മയക്കുമരുന്നുപയോഗിച്ച് പരസ്യമായി പ്രശ്നങ്ങളുണ്ടാക്കുന്നവരെയും മയക്കുമരുന്നുകൾ വിൽക്കുന്നവരെയും നിയന്ത്രിക്കുവാൻ എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളതെന്നു പറയാമോ; അക്രമവാസനകൾ പ്രകടിപ്പിക്കുന്ന ഇത്തരം ആളുകളെ ഏതു പരിശോധനാ സംവിധാനമുപയോഗിച്ചാണ് കണ്ടെത്തുന്നതെന്നു വ്യക്തമാക്കാമോ

(ഇ) മദ്യപിച്ചോ, മയക്കുമരുന്നുപയോഗിച്ചോ വാഹനമോടിക്കുന്നു എന്ന് സംശയം തോന്നിയാൽ പൊതുജനങ്ങൾക്ക് ഒരു ടോൾ ഫ്രീ നമ്പരിലേയ്ക്ക് വിളിച്ചറിയിക്കുവാൻ എന്തെങ്കിലും സംവിധാനമുണ്ടോ എന്നു വ്യക്തമാക്കാമോ; ഇതിൻറെ പ്രവർത്തനം വിശദമാക്കുമോ ; ഇപ്രകാരം പരാതി അറിയിക്കുന്നവരുടെ വിവരം രഹസ്യമായി സൂക്ഷിക്കുമോ ; ഇപ്രകാരം സംവിധാനമില്ലെങ്കിൽ അടിയന്തിരമായി ഇത്തരമൊരു സംവിധാനം ഉണ്ടാക്കുമോ?

<u>ലോക്കപ്പ് മർദ്ദനം</u>

273. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം, ലെക്കിടി പേരൂർ, മംഗലം ദേശത്ത് താഴത്തേതിൽ നാരായണൻ മകൻ മനോജിനെ 7.11.2015 തീയതിയിൽ ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ ലോക്കപ്പിൽ വച്ച് അതി ക്രൂരമായി മർദ്ദിച്ച് പരിക്കേൽപ്പിച്ചു എന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത് ; പ്രസ്തുത പരാതിയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിൻമേൽ റിപ്പോർട്ട് ലഭിച്ചുവോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ലോക്കപ്പ് മർദ്ദനങ്ങൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ലോക്കപ്പ് മർദ്ദനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു; വിശദാംശം ലഭ്യമാക്കാമോ?

<u>കാവിലുംപാറ ഗവ .ഹൈസ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്</u>

274. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗവ. ഹൈസ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അനുവദിക്കുന്നതിന് സ്കൂൾ പി.ടി.എ സമർപ്പിച്ച അപേക്ഷയിൽമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

<u>ഓപ്പറേഷൻ കുബേര</u>

275. ശ്രീ.റോഷി അഗസ്റ്റിൻ
,, എം.വി.ശ്രേയാംസ് കുമാർ
ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര മുഖേന എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും നിലവിൽ പ്രസ്തുത പദ്ധതി തുടരുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വിപുലമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഓപ്പറേഷൻ സുരക്ഷ പദ്ധതി</u>

276. ശ്രീ.റോഷി അഗസ്റ്റിൻ
ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ സുരക്ഷ പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര കേസുകൾ ഈ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട തുടർ നടപടികൾ വിശദമാക്കുമോ?

<u>ഓപ്പറേഷൻ സുരക്ഷ പദ്ധതി</u>

277. ശ്രീ.കെ.അച്ചുതൻ
,, വർക്കല കഹാർ
,, കെ.ശിവദാസൻ നായർ
,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ സുരക്ഷ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വിശദമാക്കുമോ ?

<u>ചന്ദ്രബോസ് വധക്കേസ്</u>

278. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദ്രബോസ് വധക്കേസിലെ പ്രതി മുഹമ്മദ് നിഷാമിന് ജയിലിൽ നിന്നും കോടതിയിൽ പോകുന്നതിനിടയിൽ തൃശ്ശൂർ അയ്യന്തോളിലെ ആഡംബര ഹോട്ടലിൽ ബന്ധുക്കൾക്കൊപ്പം കഴിയുന്നതിന് സൗകര്യം ഒരുക്കപ്പെട്ടുകയുണ്ടായോ;

(ബി) ഹോട്ടലിലെ സി.സി.ടി.വി. ക്യാമറകൾ ഓഫാക്കിക്കൊണ്ട്, പ്രതിയുടെ വിലങ്ങുകൾ അഴിച്ചുമാറ്റിയാണ് കുടുംബാംഗങ്ങളോടൊപ്പം ഭക്ഷണം കഴിക്കാനുൾപ്പെടെ സൗകര്യങ്ങൾ ഒരുക്കിയെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടുകയുണ്ടായോ;

(സി) എങ്കിൽ അന്വേഷിക്കുകയുണ്ടായോ; ഉന്നതങ്ങളിൽ നിന്നുള്ള ആരുടെയെങ്കിലുംനിർദ്ദേശത്തെ തുടർന്ന് പോലീസ് പ്രതിയ്ക്ക് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയുണ്ടായോ;വിശദമാക്കുമോ ?

## പട്ടികജാതി പട്ടികവർഗ്ഗ പീഡനം

279. ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.സി.കെ.നാണു
,, ജോസ് തെറ്റയിൽ
,, മാത്യു റ്റി.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ നേർക്ക് നടന്നിട്ടുള്ള അതിക്രമങ്ങളുടെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈയിടെ ക്ഷേത്രദർശനം നടത്തിയതിന്റെ പേരിൽ മാവേലിക്കര താലൂക്കിൽ ഒരു പട്ടികജാതിക്കാരനെ ആക്രമിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണെന്ന് വ്യക്തമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമം തടയൽ

280. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് എതിരെയുള്ള അതിക്രമം തടയൽ നിയമം അനുസരിച്ച് ഓരോ വർഷവും രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം എത്ര;

(ബി) രജിസ്റ്റർ ചെയ്ത കേസുകളിൽ വിചാരണയ്ക്കായി കോടതിയിൽ എത്തിയ കേസുകൾ എത്ര; ശിക്ഷിക്കപ്പെട്ട കേസുകൾ എത്ര?

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ

281. ശ്രീ.കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഓരോ വർഷവും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെ നടന്ന അതിക്രമങ്ങളുടെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഇവയിൽ എല്ലാ കേസ്സുകളും നടപടികൾ പൂർത്തിയാക്കി കോടതികളിൽ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിൻെറ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളിൽ നിലവിലുള്ള എസ്.സി/എസ്.ടി

(അതിക്രമം തടയൽ) നിയമം അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യുന്നതിലും കുറ്റവാളികളുടെ മേൽ നിയമനടപടികൾ സ്വീകരിക്കുന്നതിലും പോലീസിൻെറ ഭാഗത്തു ഗുരുതരമായ അലംഭാവവും കാലതാമസവും ഉണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുവാനും നിയന്ത്രിക്കുവാനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദാമാക്കാമോ ?

<u>ജീവപര്യന്തം തടവിൽ കഴിയുന്നവരുടെ മോചനം</u>

282. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവപര്യന്തം ശിക്ഷ ലഭിച്ച് സംസ്ഥാനത്തെ ജയിലുകളിൽ തടവിൽ കഴിയുന്നവർ എത്ര; സുപ്രീംകോടതി വിധിയുടെ പശ്ചാലത്തിൽ എത്ര പേരെ ജയിലുകളിൽ നിന്നും മോചിപ്പിക്കാൻ ഉദ്ദേശിക്കുന്നു;

(ബി) എത്ര കാലം തടവുശിക്ഷ അനുഭവിച്ചവരെയാണ് മോചിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ച മാനദണ്ഡം വിശദമാക്കാമോ;

(സി) മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ മോചനത്തിനർഹരായവർ എത്ര; വിശദമാക്കാമോ?

<u>ഹർത്താൽ ദിനത്തിൽ ചാലക്കുടി മണ്ഡലത്തിലെ ആക്രമണം</u>

283. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂർക്കനാട് സംഭവത്തെ തുടർന്ന്, ഹിന്ദു ഐക്യവേദി ആഹ്വാനം ചെയ്ത ഹർത്താൽ ദിനത്തിൽ, ചാലക്കുടി മണ്ഡലത്തിലെ 4 കപ്പേളകളും ഒരു പള്ളിയും കല്ലെറിഞ്ഞ് ആക്രമണം നടത്തിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്നും, ഈ കേസ്സിൽ ഏതെങ്കിലും പ്രതികളെ പിടികൂടിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) ഇരിങ്ങാലക്കുട എസ്.ഐ യുടേയും, സഹോദരന്റേയും വെറ്റിലപ്പാറയിലെ വസതിക്കു നേരെയുള്ള ആക്രമണം ,ബൈക്ക് കത്തിക്കൽ എന്നിവയെത്തുടർന്ന് എസ്.ഐ യ്ക്ക് പുതുതായി ബൈക്ക് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

<u>അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ</u>

284. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾക്കിടയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) അന്യസംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനും, അവർക്കിടയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>അയ്യന്തോളിലെ കൊലപാതകം</u>

285. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യന്തോളിലെ കോൺഗ്രസ്സ് ഗ്രൂപ്പ് വഴക്കിനെ തുടർന്നുള്ള കൊലപാതകങ്ങളിൽ, മന്ത്രിയും എം.എൽ.എയും അടക്കമുള്ള ഉന്നത കോൺഗ്രസ്സ് നേതാക്കൾക്ക് പങ്കുള്ളതായി കൊലചെയ്യപ്പെട്ട ലാൽജി കൊള്ളന്നൂരിന്റെ അമ്മ ഓമന ജോർജ് വെളിപ്പെടുത്തിയിരുന്നത് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന് പരാതി ഉന്നയിച്ചിട്ടും തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന വിവരം ലഭ്യമാക്കുമോ ;

(സി) കൊലപാതകം സംബന്ധിച്ച അന്വേഷണം സത്യസന്ധമായി നടത്തണമെന്ന് ഓമനാ ജോർജിന്റെ ഹർജിയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കേസിൽ ഇതിനകം അറസ്റ്റ് ചെയ്യപ്പെട്ടവരിൽ കോൺഗ്രസ്സ് പ്രവർത്തകർ ആരൊക്കെയാണ്; വ്യക്തമാക്കുമോ ?

## ചാത്തന്നൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കീഴിലെ ജീവനക്കാർ

286. ശ്രീ.ജി.എസ്.ജയലാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ ഓഫീസ് കെട്ടിടം പുതുതായി നിർമ്മിച്ചത് എത്ര രൂപ അടങ്കലിലാണെന്ന് അറിയിക്കുമോ ; പ്രസ്തുത തുക ഏത് ഫണ്ടിൽ നിന്നുമാണ് വിനിയോഗിച്ചിട്ടുള്ളത് ;

(ബി) ചാത്തന്നൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ അധികാര പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിലും , സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസുകളിലും അനുവദിച്ച തസ്തികകളിൽ ജീവനക്കാർ നിലവിലുണ്ടോ ; എങ്കിൽ ഏതൊക്കെ ഓഫീസുകളിൽ എത്ര ജീവനക്കാർ കുറവുണ്ടെന്ന് ഓഫീസ് തിരിച്ച് അറിയിക്കുമോ ; പ്രസ്തുത ഓഫീസുകളിൽ ജീവനക്കാരെ നിയമിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

## കോൺഗ്രസ്സ് പ്രവർത്തകൻ കൊല ചെയ്യപ്പെട്ട സംഭവം

287. ശ്രീ.കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട്ട് കോൺഗ്രസ്സ് പ്രവർത്തകനായ എ. സി. ഹനീഫ കൊല ചെയ്യപ്പെട്ട സംഭവം സംബന്ധിച്ച പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഏതെല്ലാം കോൺഗ്രസ്സ് പ്രവർത്തകരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; കൊലപാതകം നടത്തിയവരും അതിന് ഗൂഡാലോചന നടത്തിയവരും ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെന്കിൽ അവർ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) കോൺഗ്രസ്സ് പ്രവർത്തകൻ ഹനീഫയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ഗുരുവായൂർ ബ്ലോക്ക് കോൺഗ്രസ്സ് കമ്മിറ്റി പിരിച്ച് വിടപ്പെട്ട സംഭവം കേസ് അന്വേഷിക്കുന്ന പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംഭവത്തെ തുടർന്ന് കോൺഗ്രസിന്റെ പ്രാഥമിക അംഗത്വത്തിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട ബ്ലോക്ക് പ്രസിഡന്റ് ഗോപപ്രതാപനെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ?

## ജഡ്ജിക്കെതിരെ ഫേസ് ബുക്ക് പോസ്റ്റ്

288. ശ്രീ.എളമരം കരീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഫേസ് ബുക്കിൽ പോസ്റ്റ് ഇട്ടതിൻെറ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇപ്രകാരം സംസ്ഥാനത്തെ ഒരു ഹൈക്കോടതി ജഡ്ജിയെക്കുറിച്ച് 'ജഡ്ജിയുടെ ചരിത്രം പരിശോധിച്ചാൽ നീലച്ചായത്തിൽ വീണ കുറുക്കെൻറ കഥപോലെയാകുമെന്നുള്ള' പ്രസ്താവന നടത്തിയ മന്ത്രിക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ജഡ്ജിക്കെതിരെ ഇത്തരം പ്രസ്താവന നടത്താൻ മന്ത്രിമാർക്ക് അവകാശമുണ്ടോ;

(ഡി) ജഡ്ജിക്കെതിരെ ഇപ്രകാരം പരാമർശം നടത്തിയതിന് സംസ്ഥാന പോലീസ് സ്വീകരിക്കേണ്ടിയിരുന്ന നടപടികൾ എന്തായിരുന്നു; വിശദമാക്കാമോ?

## മൈക്രോഫിനാൻസ് തട്ടിപ്പും അന്വേഷണവും

289. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോ ഫിനാൻസ് സംബന്ധിച്ച തട്ടിപ്പുമായി ബന്ധപ്പെട്ട് സർക്കാരിന് ലഭിച്ച പരാതികൾ എന്തെല്ലാമാണ്;ലഭിച്ച പരാതികൾ എല്ലാം അന്വേഷണ ഏജൻസിയ്ക്ക് കൈമാറിയിട്ടുണ്ടോ;

(ബി) ആർക്കെല്ലാം എതിരായിട്ടാണ് പരാതി ലഭിച്ചിരിക്കുന്നത്; സി ആന്റ് എ.ജി.യുടെ കണ്ടെത്തലുകൾ എന്തായിരുന്നു; അതും അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ;

(സി) അന്വേഷണ സംഘം വിശ്വാസ വഞ്ചനയും കൊള്ളയും നടത്തിയ ആരെയെല്ലാം അറസ്റ്റുചെയ്ത് തെളിവെടുപ്പ് നടത്തുകയുണ്ടായി;

(ഡി) അധിക പലിശ ഈടാക്കി വഞ്ചിക്കപ്പെട്ട എത്ര പേരുടെ പരാതികൾ ലഭിച്ചു; എത്ര കേസുകൾ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

## അട്ടപ്പാടിയിൽ മാവോയിസ്റ്റുകളും പോലീസും തമ്മിലുണ്ടായ ഏറ്റുമുട്ടൽ

290. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അട്ടപ്പാടിയിൽ മാവോയിസ്റ്റുകളും തണ്ടർബോൾട്ടും തമ്മിൽ ഏറ്റുമുട്ടി പരസ്പരം വെടിവയ്പുണ്ടായി ട്ടുണ്ടോ;

(ബി) ഏറ്റുമുട്ടലിൽ പങ്കെടുത്ത മാവോയിസ്റ്റുകളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യുവാൻ പോലീസിന് കഴിഞ്ഞിട്ടുണ്ടോ;

(സി) ഏറ്റുമുട്ടലിന് ശേഷവും മാവോയിസ്റ്റ് സാന്നിദ്ധ്യം അറിയിക്കുന്ന എന്തെല്ലാം സംഭവങ്ങളാണ് അട്ടപ്പാടിയിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സംഭവങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരെ ആരെയും പിടികൂടുവാൻ സാധിക്കാത്തത് ജനങ്ങളിൽ ഭീതി ഉണ്ടാക്കിയിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എന്തുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ തടയുവാൻ കഴിയുന്നില്ല ; വ്യക്തമാക്കാമോ?

## സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ

291. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളുടെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരം കേസുകളിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലും കോടതിയിലേക്ക് നടപടികൾ എത്തിക്കുന്നതിലും പോലീസിന്റെ ഭാഗത്ത് കാലതാമസവും അനാസ്ഥയും ഉണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) സ്ത്രീകൾക്കു നേരെയുള്ള അതിക്രമകേസുകൾ രജിസ്റ്റർ ചെയ്യുന്നതിലും കുറ്റവാളികളെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിലും സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുമോ?

<u>കൊലചെയ്യപ്പെട്ട കോൺഗ്രസ്സ് പ്രവർത്തകരുടെ വിവരങ്ങൾ</u>

292. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ കോൺഗ്രസ്സ് പ്രവർത്തകരാൽ കൊലചെയ്യപ്പെട്ട കോൺഗ്രസ്സ് പ്രവർത്തകർ ആരൊക്കെയാണ് ;അവരുടെ പേര് വെളിപ്പെടുത്താമോ;

(ബി) ഈ കൊലപാതക കേസുകളിൽ പ്രതി ചേർക്കപ്പെട്ട കോൺഗ്രസ്സ് പ്രവർത്തകർ ആരൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഇതിൽ ഏതെങ്കിലും കേസ് അന്വേഷണം സി. ബി. ഐ.യ്ക്കു വിട്ടിട്ടുണ്ടോ;

(ഡി) ഏതെല്ലാം കൊലപാതകം സംബന്ധിച്ച് ഗൂഢാലോചന കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തുന്നുയെന്ന് വിശദമാക്കുമോ ?

<u>മാട്ടിറച്ചിയുമായി ബന്ധപ്പെട്ട് നടക്കുന്ന പ്രചരണങ്ങൾ</u>

293. ശ്രീ.എ.കെ.ബാലൻ

,, പുരുഷൻ കടലുണ്ടി

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാട്ടിറച്ചിയുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പശുക്കളെ കൊല്ലുന്നതും ഭക്ഷിക്കുന്നതും നിരോധിച്ചിട്ടുണ്ടോ ; മാട്ടിറച്ചി കൊണ്ടുവന്ന് ഭക്ഷിച്ചതിന് തൃശ്ശൂർ കേരള വർമ്മ കോളേജിൽ വിദ്യാർത്ഥികൾ ശിക്ഷിക്കപ്പെട്ടത് സർക്കാരിനറിയാമോ ;

(സി) മാട്ടിറച്ചിയുടെ മറവിൽ, അത് ഭക്ഷിക്കുന്നവരെ കുറിച്ച് നടത്തുന്ന പ്രചരണങ്ങളും പ്രവർത്തനങ്ങളും നടപടികളും നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മൗലികാവകാശ ധ്വംസനങ്ങളെയും മത-ജാതി വർഗീയ ഭീഷണിയേയും ചെറുക്കാനും സാമുദായിക സൗഹാർദ്ദാന്തരീക്ഷം ഉറപ്പാക്കാനും തയ്യാറാകുമോ ;

(ഇ) എങ്കിൽ പരിഗണനയിലുള്ള കർമ്മ പദ്ധതികൾ വിശദമാക്കുമോ ?

<u>വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ</u>

294. ശ്രീ.സാജു പോൾ

,, ബാബു എം. പാലിശ്ശേരി

,, വി.ചെന്താമരാക്ഷൻ

,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ക്രമസമാധാനത്തിനു വെല്ലുവിളിയായി ഉയർന്നുവന്ന ഘടകങ്ങൾ എന്തെല്ലാമാണ് ;

(സി) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള ആക്രമണങ്ങളും വർഗ്ഗീയ സംഘട്ടനങ്ങളും വർദ്ധിച്ചിട്ടുള്ളതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഇന്ത്യൻ പീനൽ കോഡ് പ്രകാരം സംസ്ഥാനത്ത് 2010-ൽ രജിസ്റ്റർ ചെയ്യപ്പെട്ട മൊത്തം കേസുകളും 2014-15 ലും 2015-16 ലും രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളും തമ്മിൽ താരതമ്യം ചെയ്ത് വിശദമാക്കാമോ ?

ശ്രീനാരാണഗുരുവിന്റെ പ്രതിമ തകർത്ത സംഭവം

295. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടിയേരി നങ്ങാരത്ത് പീടികയിൽ ശ്രീനാരാണഗുരുവിന്റെ പ്രതിമ തകർത്ത സംഭവത്തിൽ കുറ്റവാളികളായവരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) സംഭവത്തിൽ എന്തെല്ലാം കുറ്റങ്ങൾക്ക് ആർക്കെല്ലാം എതിരെ കേസെടുക്കുകയുണ്ടായി;

(സി) സംഭവത്തിൽ സ്റ്റേഷൻ ജാമ്യം നൽകപ്പെട്ടവർ എത്ര; റിമാന്റ് ചെയ്യപ്പെട്ടവർ എത്ര;

(ഡി) കുറ്റവാളികൾക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത് എന്നാണ്?

എൻ.ഒ.സി നൽകുന്നത് സംബന്ധിച്ച്

296. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ ഫ്ലാറ്റ് നിർമ്മാണത്തിൽ അഗ്നിശമന സേനയുടെ എൻ.ഒ.സി നൽകുന്നത് സംബന്ധിച്ച നിലവിലുള്ള നിയമവ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) എത്ര മീറ്ററിന് മുകളിലുള്ള, എത്ര സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള ഫ്ലാറ്റുകൾക്കും കെട്ടിടങ്ങൾക്കുമാണ് അഗ്നിശമനസേനയുടെ എൻ.ഒ.സി നിർബന്ധമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) കേരള ബിൽഡിംഗ് റൂൾസിലെ വ്യവസ്ഥകൾ പ്രകാരം പതിനാറ് മീറ്ററിൽ കുറവുള്ള നാല് നില ഫ്ലാറ്റുകൾക്ക് അഗ്നിശമന സേനയുടെ എൻ.ഒ.സി ആവശ്യമാണോ; ഇപ്രകാരമുള്ള എത്ര അപേക്ഷകൾ അഗ്നിശമന സേനയുടെ കമാന്റണ്ട് ജനറൽ ഓഫീസിൽ തീരുമാനം എടുക്കാതെ കെട്ടിക്കിടക്കുന്നുണ്ട്; വിശദമാക്കാമോ;

(ഡി) 16 മീറ്ററിന് മുകളിൽ ഉയരമുള്ള എത്ര ഫ്ലാറ്റ് പദ്ധതികളുടെ ഫയൽ എൻ.ഓ.സി ക്ക വേണ്ടിയുള്ള അപേക്ഷകൾ ഇപ്പോൾ തീരുമാനം എടുക്കാതെ ബാക്കി നില്പുണ്ട്; വിശദമാക്കാമോ?

ഡി.ജി.പി. ജേക്കബ് തോമസിനെതിരെയുള്ള നടപടികൾ

297. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർഫോഴ്സ് മേധാവിയായിരിക്കെ ഡി.ജി.പി. ജേക്കബ് തോമസ് എന്തെങ്കിലും കാര്യത്തിൽ വഴിവിട്ട് കാര്യങ്ങൾ ചെയ്തതായി സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ വഴിവിട്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) സർക്കാരിന്റെ ഏതെങ്കിലും നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിൽ അദ്ദേഹം വീഴ്ച വരുത്തുകയുണ്ടായോ; നിയമാനുസൃതമായ ഏതെല്ലാം നിർദ്ദേശങ്ങളാണ് അദ്ദേഹം നടപ്പാക്കാതിരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) അദ്ദേഹത്തെ ഫയർഫോഴ്സ് മേധാവി സ്ഥാനത്തുനിന്ന് മാറ്റിയതിന് കാരണമായി ബഹു. മുഖ്യമന്ത്രി മാധ്യമങ്ങളിലൂടെ വെളിപ്പെടുത്തിയ സംഗതികൾ ആഭ്യന്തര , ഫയർ ഫോഴ്സ് വകുപ്പുകളുടെ അറിവോട് കൂടിയുള്ളതാണോ; വസ്തുതകൾ വിശദമാക്കാമോ?

നാട്ടിക ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ

298. ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനുകൾ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) നാട്ടിക നിയോജക മണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് അറിയിക്കുമോ?

<u>പരവൂർ ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കൽ</u>

299. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും നിശ്ചിത ഭൂമി ബന്ധപ്പെട്ട വകുപ്പിന് കൈമാറുന്നതിലേക്കായി ബഹു. ആഭ്യന്തര വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടതെന്നും, നാളിതുവരെ പ്രസ്തുത കാര്യത്തിൽ ആഭ്യന്തര വകുപ്പ് സ്വീകരിച്ച നടപടികളും ,പുരോഗതിയും വ്യക്തമാക്കുമോ ;

(ബി) ഫയർ സ്റ്റേഷന് കെട്ടിട നിർമ്മാണത്തിന് എന്നത്തേക്ക് ഭൂമി കൈമാറ്റം നടത്തുവാൻ കഴിയുമെന്ന് അറിയിക്കുമോ ; പ്രസ്തുത കാര്യത്തിൽ തടസ്സങ്ങൾ ഇനിയും നിലവിലുണ്ടോ ; എങ്കിൽ ആയത് പരിഹരിച്ച് ഭൂമി ലഭ്യമാക്കുവാൻ സർക്കാർ സന്നദ്ധമാകുമോ ?

<u>അനധികൃത ഫ്ലാറ്റ് സമുച്ചയങ്ങൾ</u>

300. ശ്രീ.എ.എം. ആരിഫ്
,, ബി.ഡി. ദേവസ്സി
,, കെ. ദാസൻ
,, കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷാ മാനദണ്ഡങ്ങളും കെട്ടിട നിർമ്മാണ ചട്ടങ്ങളും പാലിക്കാതെ സംസ്ഥാനത്ത് അനധികൃത ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കപ്പെടുന്നത് ഫയർഫോഴ്സിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃത കെട്ടിട നിർമ്മാണങ്ങൾ നിയന്ത്രിക്കാതെ അത്തരം നിർമ്മാണങ്ങൾ റഗുലറൈസ് ചെയ്തു കൊടുക്കുന്നത് പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാനദണ്ഡങ്ങളോ ചട്ടങ്ങളോ പാലിക്കാതെ സംസ്ഥാനത്ത് എത്ര ഫ്ലാറ്റുകൾ നിർമ്മിച്ചിട്ടുള്ളതായി ഫയർഫോഴ്സിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇതിനെതിരെ ഫയർഫോഴ്സ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) അനധികൃത ഫ്ലാറ്റ് നിർമ്മാണങ്ങളുടെ സാഹചര്യത്തിൽ സർക്കാർ ഫ്ലാറ്റ് ഉടമകളുടെ യോഗം വിളിച്ചു ചേർക്കുകയുണ്ടായോ; അതിന്റെ വിശദാംശം അറിയിക്കുമോ;

(ഇ) സുരക്ഷാ മാനദണ്ഡങ്ങളുടെ കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശമുണ്ടോ; ഇക്കാര്യത്തിൽ ഫയർഫോഴ്സ് മേധാവിയായിരുന്ന ജേക്കബ് തോമസുമായി സർക്കാരിനുണ്ടായിരുന്ന വിയോജിപ്പുകൾ വിശദമാക്കാമോ; പ്രശ്നത്തിൽ സർക്കാർ കൈക്കൊണ്ട അന്തിമ തീരുമാനം വിശദമാക്കാമോ?

ഫയർഫോഴ്സ് ആക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

301. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്നിശമന സേനയെ പോലീസ് സേനയിൽ നിന്നും വേർപെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) 1962-ലെ ഫയർഫോഴ്സ് ആക്ടിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) പ്രസ്തുത ആക്ടിനെ അടിസ്ഥാനമാക്കി ചട്ടങ്ങൾ പുറപ്പെടുവിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) ചട്ടങ്ങൾ നിലവിൽ വരാത്തത് കാരണം അഗ്നിശമന സേന ആഭ്യന്തര വകുപ്പിൽ ഒരു രണ്ടാം സേനയായി കണക്കാക്കപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ചട്ടങ്ങൾ അടിയന്തരമായി പുറപ്പെടുവിപ്പിച്ച് അഗ്നിശമനസേനയുടെനിലവിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

അഗ്നിശമനസേനയുടെ പ്രവർത്തനങ്ങൾ

302. ശ്രീ.പി.ശ്രീരാമകൃഷ്ണൻ
,, കെ.കുഞ്ഞിരാമൻ **(ഉദുമ)**
ശ്രീമതി.കെ.എസ്.സലീഖ
ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമനസേനയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;ഏറ്റവും ഒടുവിൽ സർക്കാർ നടത്തിയ അവലോകനം സംബന്ധിച്ച് വിശദമാക്കുമോ;

(ബി) സർക്കാർ വിരുദ്ധ നടപടികൾ കൈക്കൊണ്ടു എന്ന പേരിൽ ഫയർഫോഴ്സ് മേധാവി സ്ഥാനത്തു നിന്ന് ഡി.ജി.പി. ജേക്കബ് തോമസിനെ മാറ്റുകയുണ്ടായോ;

(സി) ഫയർഫോഴ്സ് മേധാവിയായിരിക്കെ ഡി.ജി.പി. ജേക്കബ് തോമസ് സർക്കാർ വിരുദ്ധ പ്രവർത്തനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) ബഹുനില ഫ്ളാറ്റ് നിർമ്മാണങ്ങൾക്ക് ഫയർ പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഫ്ലാറ്റ് നിർമ്മാണ കമ്പനികൾ സർക്കാരിന് നൽകിയ പരാതി എന്തായിരുന്നു; ഇക്കാര്യത്തിൽ ഡയറക്ടറുടെ നിലപാട് എന്തായിരുന്നു; സർക്കാർ തീരുമാനം വിശദമാക്കുമോ ?

വിജിലൻസ് കേസുകൾ

303. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്വേഷണത്തിലിരിക്കുന്ന വിജിലൻസ് കേസുകൾ എത്ര;

(ബി) അവയിൽ മന്ത്രിമാർക്കെതിരായുള്ള ആക്ഷേപങ്ങൾ സംബന്ധിച്ചവ എത്രയാണ്; ഏതെല്ലാം മന്ത്രിമാർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട്;

(സി) അന്വേഷണം നേരിടുന്ന ഐ.എ.എസ്./ഐ.പി.എസ് ഉദ്യോഗസ്ഥർ എത്ര; മറ്റ് ഉദ്യോഗസ്ഥർ എത്ര;

(ഡി) ഈ സർക്കാർ ഏതെങ്കിലും വിജിലൻസ് കേസ് അന്വേഷണത്തിനിടയിൽ പിൻവലിക്കുകയുണ്ടായിട്ടുണ്ടോ; കോടതിയിൽ കുറ്റപത്രം സമർപ്പിച്ച എത്ര കേസ്സുകൾ പിൻവലിക്കുന്നതിനായി ഉത്തരവ് നൽകി;

(ഇ) ഈ സർക്കാറിന്റെ കാലത്ത് വിജിലൻസ് അന്വേഷണത്തെ തുടർന്ന് സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ എത്ര; കേസ് അന്വേഷണം പൂർത്തിയാക്കുന്നതിന് മുൻപായി ഇവരിൽ എത്രപേരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു?

<u>ബാർ കോഴ കേസ്</u>

304. ശ്രീ.വി.എസ്.സുനിൽ കുമാർ
,, കെ.അജിത്
,, ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നയിക്കപ്പെട്ട ബാർ കോഴ കേസ്സിൽ ഉൾപ്പെട്ടിട്ടുള്ളവർ എത്ര പേർ; അവർ ആരെല്ലാം;

(ബി) ഇതിൽ ആരുടെയെല്ലാം പേരിൽ വിജിലൻസ് ദ്രുതപരിശോധനയിലൂടെ പ്രാഥമികാന്വേഷണം നടത്തി; ആരുടെയെല്ലാം പേരിൽ പ്രാഥമികാന്വേഷണം മാത്രം നടത്തി;

(സി) ദ്രുത പരിശോധനാ റിപ്പോർട്ടിന്മേലും, പ്രാഥമികാന്വേഷണ റിപ്പോർട്ടിന്മേലും നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമോപദേശം തേടിയിട്ടുള്ളതും അല്ലാത്തതുമായ റിപ്പോർട്ടുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) നിയമോപദേശം തേടിയ റിപ്പോർട്ടുകളിന്മേലും അല്ലാത്തവയിലും വിജിലൻസ് സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം; എത്ര കേസ്സുകൾ അവസാനിപ്പിച്ചു; അവ ഏതെല്ലാം?

<u>ബാർ കോഴ കേസിലെ വിധി</u>

305. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട തിരുവനന്തപുരത്തെ വിജിലൻസ് സ്പെഷ്യൽ കോടതി വിധി പ്രസ്താവം എന്തായിരുന്നു; വിശദമാക്കുമോ;

(ബി) വിധിക്കെതിരെ ഹൈക്കോടതിയിൽ ഹർജി നൽകുകയുണ്ടായോ; ഹർജിയിലെ ആവശ്യം എന്തായിരുന്നു എന്ന് വിശദമാക്കുമോ;

(സി) ഹൈക്കോടതിയിൽ വിജിലൻസിനുവേണ്ടി അഡ്വ. കപിൽ സിബൽ ഹാജരാവുകയുണ്ടായോ; അതിനായി എന്തു തുക ചെലവ് വരുമെന്ന് അറിയിക്കുമോ;

(ഡി) ഹൈക്കോടതി ഈ കേസിൽ നടത്തിയ വിധി പ്രസ്താവം എന്തായിരുന്നു; വിശദമാക്കുമോ; ഹൈക്കോടതി വിധിയിലെ ഏതെങ്കിലും പരാമർശത്തിനെതിരെ സുപ്രീംകോടതിയെ സമീപിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ബാർ കോഴ തുടരന്വേഷണം</u>

306. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴയുമായി ബന്ധപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള തുടർ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ;

(ബി) അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) അന്വേഷണ മേൽനോട്ട ചുമതല ആർക്കാണ്; ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്ന സംഘമാണ് അന്വേഷണം നടത്തുന്നത്; ബഹു.മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ മന്ത്രിക്കെതിരെയുള്ള പരാതികൾ ഇതേ സംഘത്തിനെക്കൊണ്ട് അന്വേഷിപ്പിക്കാതിരിക്കുന്നതിന്റെ കാരണം

വെളിപ്പെടുത്തുമോ;

(ഡി) മറ്റ് മന്ത്രിമാരുടെ പങ്കം അന്വേഷണ വിധേയമാക്കുമോ; ബന്ധപ്പെട്ടവരെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്യുകയുണ്ടായോ;

(ഇ) അഴിമതി കേസിൽ കോഴ വാങ്ങിയതിന്റെ തെളിവ് ലഭിച്ചാൽ, തുടർന്ന് സ്വീകരിക്കേണ്ടുന്ന നടപടികൾ വിശദമാക്കാമോ?

<u>ബാർ ലൈസൻസ് ഫീ സംബന്ധമായ ആരോപണങ്ങൾ</u>

307. ശ്രീ.എളമരം കരീം
ഡോ.ടി.എം.തോമസ് ഐസക്
ശ്രീ.കെ.കെ.ജയചന്ദ്രൻ
,, കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ ലൈസൻസ് ഫീ കുറക്കാനായി മന്ത്രിമാരെ സ്വാധീനിച്ചതായും ഇതിനായി ബാറുടമകളിൽ നിന്ന് പണം പിരിച്ചെടുത്തതായും ബാർ ഹോട്ടൽ ഓണേഴ്സ് അസോസിയേഷൻ ഭാരവാഹികളുടേതായി പുറത്തുവന്ന വെളിപ്പെടുത്തലുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഭാരവാഹികൾ നല്കിയിരുന്നതായ മൊഴികൾ അവഗണിച്ചുകൊണ്ടാണ് വിജിലൻസ് അധികൃതർ നിലപാട് സ്വീകരിച്ചിട്ടുള്ളതെന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷിക്കാമോ;

(സി) മന്ത്രിമാർക്ക് പണം കൊടുക്കാൻ ബാറുകാരിൽ നിന്ന് പിരിച്ചെടുത്തതിന്റെയും കൊടുത്തതിന്റെയും തെളിവുകൾ തങ്ങളുടെ കയ്യിലുണ്ടെന്ന മൊഴികളിലൂടെ വെളിപ്പെട്ടിട്ടും അവ ശേഖരിക്കാൻ വിജിലൻസ് തയ്യാറാകാതിരുന്നത് എന്തുകൊണ്ടായിരുന്നുവെന്ന് അന്വേഷണവിധേയമാക്കാമോ;

(ഡി) കൈക്കൂലി നൽകാൻ പണം ശേഖരിച്ചതും നൽകിയതും സംബന്ധിച്ച വ്യക്തവും വിശ്വസനീയവുമായ തെളിവുകളും മൊഴികളും ഉണ്ടായിട്ടും ഇതൊന്നും തന്റെ പരിഗണനാ വിഷയമല്ലെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ നിലപാട് പ്രതികളെ രക്ഷിക്കുവാനുള്ള ഉദ്ദേശത്തോടു കൂടിയായിരുന്നുവെന്നറിയാമോ;

(ഇ) അന്വേഷണഘട്ടത്തിൽ വിജിലൻസ് ഉദ്യോഗസ്ഥർ മന്ത്രിമാർക്കെതിരെ തെളിവുകൾ ശേഖരിക്കാൻ വിസമ്മതിച്ച സാഹചര്യം ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുന്ന നിർണ്ണായകമായ വസ്തുക്കളും പരിഗണിച്ച് പരാതിയിൽ ക്വിക് വെരിഫിക്കേഷൻ നടത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കാമോ?

<u>ബാർ ലൈസൻസ് കോഴ</u>

308. ശ്രീ.ഇ.പി.ജയരാജൻ
,, എം.ചന്ദ്രൻ
ഡോ.കെ.ടി.ജലീൽ
ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർലൈസൻസ് കോഴയുമായി ബന്ധപ്പെട്ട ഏതെല്ലാം ഉന്നതർക്ക് പണം നല്കിയതായുള്ള പരാതിയിന്മേലാണ് അന്വേഷണം നടക്കുന്നത് ; വിശദമാക്കാമോ ;

(ബി) ഏതെല്ലാം മന്ത്രിമാരെ ഇക്കാര്യത്തിൽ കണ്ടു എന്നാണ് ആരോപണം ഉന്നയിച്ചവർ മൊഴി നൽകിയിരിക്കുന്നത് ;

(സി) വിജിലൻസ് അന്വേഷണസംഘം ഏതെല്ലാം ഉന്നതരെ ചോദ്യം ചെയ്യുകയുണ്ടായി ; ആർക്കെല്ലാം എതിരെ തെളിവുകൾ ശേഖരിക്കുകയുണ്ടായി ;

(ഡി) കൊച്ചിയിൽ നടന്ന ബാറുടമ സംഘടനയുടെ യോഗത്തിന്റെ ശബ്ദരേഖ വിജിലൻസ് പിടിച്ചെടുക്കുകയുണ്ടായോ ; എത്ര കോടി രൂപ ആർക്കെല്ലാം നൽകി എന്നാണ് ശബ്ദരേഖയിൽ നിന്നും

വിജിലൻസ് മനസ്സിലാക്കിയിരിക്കുന്നത് ;

(ഇ) എക്സൈസ് വകുപ്പ് മന്ത്രി യ്ക്കെതിരെ വിജിലൻസിനു ലഭിച്ച പരാതികളും മൊഴികളും വെളിപ്പെടുത്തലുകളും എന്തെല്ലാമായിരുന്നു ; മജിസ്ട്രേറ്റ് മുമ്പാകെ മൊഴി നൽകപ്പെട്ടിട്ടുണ്ടോ;

(എഫ്) ബാറുടമകളിൽ നിന്ന് പിരിച്ചെടുത്തതായി പറയപ്പെടുന്ന തുക എത്രയാണെന്ന് കണ്ടെത്തുകയുണ്ടായോ ; ഇതുമായി ബന്ധപ്പെട്ട് പുറത്തുവന്നതും അല്ലാത്തതുമായ രേഖകൾ എല്ലാം അന്വേഷണത്തിന്റെ ഭാഗമായി പിടിച്ചെടുത്തിട്ടുണ്ടോ ;

(ജി) എക്സൈസ് മന്ത്രി യ്ക്കെതിരായ പരാതികളിൽ ഇതിനകം ആരെയെല്ലാം ചോദ്യം ചെയ്യുകയുണ്ടായി ; ഏതെല്ലാം കേന്ദ്രങ്ങളിൽ റെയ്ഡ് നടത്തി ; എന്തെല്ലാം തെളിവുകൾ കൈവശപ്പെടുത്താൻ ശ്രമിക്കുകയുണ്ടായി ; അന്വേഷണത്തെ തുടർന്ന് ആരോപണ വിധേയരായവരിൽ ആരെല്ലാം തൽസ്ഥാനങ്ങളിൽ നിന്ന് രാജിവെയ്ക്കുകയുണ്ടായി ; ആരോപണ വിധേയരായവരിൽ ഇപ്പോഴും തൽസ്ഥാനങ്ങളിൽ തുടരുന്നവർ ആരൊക്കെ ; വിജിലൻസിന്റെ ഏതെല്ലാം യൂണിറ്റുകളാണിപ്പോൾ അന്വേഷണം നടത്തുന്നത് ; തിരുവനന്തപുരത്ത് പരാതികളുണ്ടായ ഒരേ കേസിൽ, രണ്ടുതരം സംഘങ്ങളെ കൊണ്ട് അന്വേഷിപ്പിക്കുന്നത് എന്തുകൊണ്ടാണ് ; ഇപ്പോഴത്തെ അന്വേഷണങ്ങളുടെ ചുമതല ആർക്കെല്ലാം, ആരുടെ നേതൃത്വത്തിലാണെന്ന് വെളിപ്പെടുത്താമോ ?

## ബാർ കോഴക്കേസ്

309. ശ്രീ.ഇ.പി.ജയരാജൻ
,, എസ്.ശർമ്മ
,, വി.ശിവൻകുട്ടി
,, എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്വ. ജനറലിനേയും നിയമവകുപ്പിനേയും മറികടന്നുകൊണ്ട് സ്വകാര്യ അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടി പ്രതിയെ കുറ്റവിമുക്തനാക്കാൻ, വിജിലൻസ് ഡയറക്ടർ നടത്തിയ ശ്രമങ്ങൾ കേസ് അട്ടിമറിക്കാനായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

## മുൻ കയർഫെഡ് എം.ഡി. ക്കെതിരെയുള്ള വിജിലൻസ് കേസ്

310. ശ്രീ.കെ.ശിവദാസൻ നായർ
,, പി.സി വിഷ്ണുനാഥ്
,, എം.എ. വാഹീദ്
,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കയർഫെഡ് എം.ഡി. ശ്രീ. വി. കെ. അരുൺ കുമാറിനെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ക്രമക്കേടുകളാണ് വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച പരാതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ടോ;

(ഡി) കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

## മുൻ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം

311. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ

,, സണ്ണി ജോസഫ്

,, വി.ഡി.സതീശൻ

,, അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കമോ;

(ബി) പ്രസ്തുത കേസിൽ ആർക്കെല്ലാമെതിരെയാണ് കുറ്റപത്രം സമർപ്പിക്കാനുദ്ദേശിക്കുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കേസിൻമേലുളള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുളള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>എക്സൈസ് വകുപ്പ് മന്ത്രിക്കെതിരെയുള്ള ആരോപണങ്ങൾ</u>

312. ശ്രീ.സി.കെ സദാശിവൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് മന്ത്രിക്കെതിരെ ബാർക്കോഴയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആരോപണങ്ങൾ എന്തെല്ലാമായിരുന്നു.;

(ബി) ഏതെല്ലാം പരാതികളിന്മേലും, സ്റ്റേറ്റ്മെന്റുകളിന്മേലുമാണ് വിജിലൻസ് പ്രാഥമിക പരിശോധന നടത്തിയിരുന്നത്; വിശദമാക്കാമോ;

(സി) അഴിമതി നിരോധന നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകൾ പ്രകാരമാണ് പരാതികളിന്മേൽ അന്വേഷണം നടത്താറുള്ളത്;

(ഡി) എക്സൈസ് വകുപ്പ് മന്ത്രിക്കെതിരായ പരാതികളിൽ അന്വേഷണം നടത്തിയത് ഇതിൽ ഏത് വ്യവസ്ഥ പ്രകാരമാണ്; ഏതെങ്കിലും പരാതിയെ സംബന്ധിച്ച് ക്വിക്ക് വെരിഫിക്കേഷൻ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ലളിതകുമാരി കേസിലെ സുപ്രീം കോടതി വിധിയുടെ വെളിച്ചത്തിലുള്ള അന്വേഷണം പ്രസ്തുത കേസിലും ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>സ്കൂൾ പാഠപുസ്തക അച്ചടിയിലുണ്ടായ വീഴ്ച</u>

313. ശ്രീ.എം.ചന്ദ്രൻ

ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.എ.എം. ആരിഫ്

,, ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠപുസ്തകങ്ങളുടെയും ഹാന്റ് ബുക്കുകളുടെയും പ്രിന്റിംഗുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങളേയും കൊടുകാര്യസ്ഥതകളേയും സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അന്വേഷണഫലം വെളിപ്പെടുത്തുമോ ;

(ബി) പാഠപുസ്തകങ്ങളുടെ പ്രിന്റിംഗ് ഓർഡർ നല്കുന്നതിലുണ്ടായ വീഴ്ചകളും ടെണ്ടർ ചെയ്തതിലെ ക്രമക്കേടുകളും നഷ്ടങ്ങളും എല്ലാം സംബന്ധിച്ച് പുറത്തുവന്ന വിവരങ്ങളുടെയടിസ്ഥാനത്തിൽ സ്വമേധയാ വിജിലൻസ് അന്വേഷണം നടത്താതിരുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(സി) ഭരണവകുപ്പിൽ നിന്നും ഇക്കാര്യത്തിൽ ആവശ്യം ഉന്നയിച്ചിട്ടുണ്ടായിരുന്നുവോ ?

ബാർകോഴ

314. ശ്രീ.ജി.സുധാകരൻ

,, എ.കെ.ബാലൻ

,, എ. പ്രദീപ്കുമാർ

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴയുമായി ബന്ധപ്പെട്ട്, എക്സൈസ് മന്ത്രിക്കെതിരായി തിരുവനന്തപുരത്തുണ്ടായ പരാതിയെക്കുറിച്ച് എറണാകുളം വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി. യെ ക്കൊണ്ട് അന്വേഷിപ്പിക്കാനിടയായ സാഹചര്യം എന്തായിരുന്നു ; ബാർ കോഴയെക്കുറിച്ച് അന്വേഷിക്കുന്ന വിജിലൻസിന്റെ തിരുവനന്തപുരത്തെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിനെ കൊണ്ട് തന്നെ അന്വേഷിക്കാൻ ചുമതലപ്പെടുത്താതിരുന്നത് എന്തുകൊണ്ടായിരുന്നു ;

(ബി) ബാർകോഴ കേസ് അന്വേഷണങ്ങളിൽ മുഖ്യമന്ത്രി നിരന്തരം ഇടപെട്ടതായി വിജിലൻസ് അധികൃതർ വെളിപ്പെടുത്തിയിട്ടുണ്ടോ ; അന്വേഷണ സംഘത്തിന് മൊഴിയിലൂടെ ലഭിച്ച വിവരങ്ങൾ യഥാസമയം എക്സൈസ് മന്ത്രി അറിയാനിടയായിട്ടുണ്ടോ ;ഇതിന്റെ സാഹചര്യം എന്തായിരുന്നു ;

(സി) എക്സൈസ് മന്ത്രിക്കെതിരായ പരാതി നിയമാനുസരണമുളള ക്വിക് വെരിഫിക്കേഷൻ നടത്താതെ അവസാനിപ്പിച്ചത് അസ്വാഭാവികമായിട്ടായിരുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) നിലവിൽ പുറത്തുവന്നിട്ടുളള എല്ലാ വെളിപ്പെടുത്തലുകളുടെയും പരാതികളുടെയും വിജിലൻസ് ഡയറക്ടറെ സംബന്ധിച്ച ഹൈക്കോടതി വിധിയുടെയും പശ്ചാത്തലത്തിൽ തിരുവനനന്തപുരം യൂണിറ്റിലെ സത്യസന്ധരായ ഉദ്യോഗസ്ഥരാൽ ക്വിക് വെരിഫിക്കേഷൻ നടത്തി എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാൻ നിർദ്ദേശം നൽകാമോ ?

ബാർകോഴ കേസ്

315. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ആർ. രാജേഷ്

,, ബാബു എം. പാലിശ്ശേരി

,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴകേസിൽ തിരുവനന്തപുരത്തെ വിജിലൻസ് കോടതിയിൽ നിന്നുണ്ടായ വിധി എന്തായിരുന്നു; വിധി പ്രസ്താവം വിശദമാക്കാമോ;

(ബി) വിജിലൻസ് സമർപ്പിച്ച അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതി അംഗീകരിക്കുകയുണ്ടായോ;

(സി) മുൻ ധനമന്ത്രി രണ്ട് തവണകളായി കോഴ വാങ്ങിയ ആക്ഷേപത്തിൽ, വിജിലൻസ് അന്വേഷണ സംഘത്തിന് തെളിവുകൾ ലഭിച്ചിട്ടുണ്ടായിരുന്നോ; പ്രസ്തുത കേസിന്റെ ക്വിക് വെരിഫിക്കേഷനിൽ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്ന് കണ്ട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നോ;

(ഡി) വിധിയിൽ വിജിലൻസ് ഡയറക്ടറുടെ എന്തെല്ലാം നടപടികളെയാണ് കോടതി വിമർശിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ഇ) അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് മറികടന്ന് ധനമന്ത്രി ശ്രീ. കുറ്റവിമുക്തനാക്കികൊണ്ട് വിജിലൻസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടോ;എങ്കിൽ പ്രസ്തുത നിർദ്ദേശം കോടതിയുടെ വിമർശനം ഏറ്റുവാങ്ങുകയുണ്ടായോ;

(എഫ്) വിധിയെ തുടർന്ന് വിജിലൻസിന് സ്വീകരിക്കേണ്ടി വന്ന തുടർ നടപടികൾ വിശദമാക്കാമോ;

(ജി) ധനമന്ത്രി രാജിവെച്ച് ഒഴിഞ്ഞുപോകേണ്ടതായി വന്ന കാര്യം വിജിലൻസ് പരിഗണിച്ചിട്ടുണ്ടോ; ആരോപിതർ മന്ത്രിമാരാകുമ്പോൾ വിജിലൻസ് സത്യസന്ധമായ അന്വേഷണത്തിന് തയ്യാറാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:പരിശോധിക്കുമോ?

ബാർകോഴ കേസ്

316. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴ കേസിൽ ഹൈക്കോടതിയിൽ കേസ് വാദിച്ച അഡ്വക്കേറ്റ് കപിൽ സിബലിനുള്ള ഫീസ് എത്രയാണ് ; അത് നൽകുന്നത് ആരാണ് ;

(ബി) കോഴ വാങ്ങിയ ആളിൽ നിന്നും ഫീസ് തുക ഈടാക്കാൻ സാധ്യമാണോ ; നിയമവശങ്ങൾ വെളിപ്പെടുത്താമോ ;

(സി) കോഴ തുക പിടിച്ചെടുക്കാൻ ശ്രമം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പിടിച്ചെടുത്ത തുക എത്ര ; ഏത് നിലയിലുള്ള നടപടികളിലൂടെയാണ് കോഴ തുക പിടിച്ചെടുക്കാൻ ശ്രമിച്ചതെന്നു വിശദമക്കാമോ ?

ബാർകോഴ കേസിലെ വിധിയിന്മേലുള്ള പെറ്റീഷൻ

317. ശ്രീ.ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർകോഴ കേസിൽ തിരുവനന്തപുരത്തെ വിജിലൻസ് കോടതിയുടെ 29.10.2015 ലെ വിധിന്യായത്തിനെതിരെ ഹൈക്കോടതിയിൽ വിജിലൻസ് ഡയറക്ടറേറ്റ് നൽകിയ ഒറിജിനൽ പെറ്റീഷന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഹർജിയിലെ പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; അവയിൽ ഹൈക്കോടതി അനുവദിക്കാതിരുന്നവ ഏതൊക്കെ ആവശ്യങ്ങളായിരുന്നു;

(സി) ബാർകോഴ കേസിന്റെ തുടർ അന്വേഷണം സംബന്ധിച്ച കാര്യത്തിൽ ഹർജിയിലെ ആവശ്യം എന്തായിരുന്നു; ആവശ്യം ഹൈക്കോടതി അംഗീകരിക്കുകയുണ്ടായോ;

(ഡി) പ്രസ്തുത കേസിൽ തുടരന്വേഷണം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ എന്ന് വിശദമാക്കുമോ?

സ്വകാര്യ അഭിഭാഷകരിൽ നിന്നും നിയമോപദേശം

318. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം വിജിലൻസ് വകുപ്പ് ഇതുവരെ ഏതെല്ലാം കേസ്സുകളിൽ സ്വകാര്യ അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം അഭിഭാഷകരാണ് നിയമോപദേശം നൽകിയത്;

(ബി) പ്രസ്തുത കേസ്സുകളിൽ സർക്കാർ അഭിഭാഷകരെ ഒഴിവാക്കി മറ്റു അഭിഭാഷകരിൽ നിന്നും നിയമോപദേശം തേടിയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) നിയമ വകുപ്പിന്റെ മുൻകൂർ അനുമതിയോടെയാണോ പ്രസ്തുത അഭിഭാഷകരുടെ നിയമോപദേശം തേടിയത്;

(ഡി) ഇപ്രകാരം നിയമോപദേശം തേടിയ എല്ലാ കേസ്സുകളിലും സർക്കാർ/വിജിലൻസ് ഭാഗം വിജയിച്ചിട്ടുണ്ടോ; ഏതെല്ലാം കേസ്സുകൾ വിജയിച്ചു എന്നും ഏതെല്ലാം കേസ്സുകൾ പരാജയപ്പെട്ടുവെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത അഭിഭാഷകർക്ക് നൽകിയ പ്രതിഫലത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(എഫ്) ഏതെല്ലാം അഭിഭാഷകർക്ക് ഇനിയും പ്രതിഫലം നൽകാനുണ്ട്; അവരുടെ വിശദാംശങ്ങളും കേസ്സും,

കാലതാമസത്തിന്റെ കാരണങ്ങളും വ്യക്തമാക്കുമോ?

<u>പാമൊലിൻ ഇറക്കുമതി കേസിൻെറ വിചാരണ</u>

319. ശ്രീ.എം.എ.ബേബി
,, എം. ഹംസ
,, സാജു പോൾ
,, വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമൊലിൻ ഇറക്കുമതി നടത്തിയത് സംബന്ധിച്ച കേസിൻെറ വിചാരണ ഇപ്പോൾ നടക്കുന്നുണ്ടോ ;

(ബി) കേസ് വിചാരണ ചെയ്യുന്നതിനെതിരെ കേരള ഹൈക്കോടതിയിലും വിജിലൻസ് കോടതിയിലും ഉയർത്തിയ തടസ്സ വാദങ്ങൾ കോടതികൾ അംഗീകരിച്ചിട്ടുണ്ടോ ; കീഴ്ക്കോടതിയുടെ വിധി എന്തായിരുന്നു ; ഇത് ഹൈക്കോടതി അംഗീകരിച്ചിട്ടുണ്ടോ ;

(സി) പാമൊലിൻ ഇടപാടിൽ ഖജനാവിനു നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് സി & എ.ജി. കണ്ടെത്തിയത് എപ്പോഴായിരുന്നു ; പ്രസ്തുത റിപ്പോർട്ടിന്മേലുള്ള പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിഗമനങ്ങൾ എന്തെല്ലാമായിരുന്നു ;

(ഡി) കേസ് പിൻവലിക്കുവാനുള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് പബ്ലിക് പ്രോസിക്യൂട്ടർ ഹർജി നൽകുകയുണ്ടായോ ;ഇത് അനുവദിക്കുകയുണ്ടായോ; ഇതിനെതിരെ ഹൈക്കോടതിയിൽ റിവ്യൂ ഹർജി നൽകിയിട്ടുണ്ടോ ; ഏങ്കിൽ കാരണം വെളിപ്പെടുത്തുമോ ?

<u>ബാർക്കോഴ</u>

320. ശ്രീ.പി.ശ്രീരാമകൃഷ്ണൻ
,, എസ്.രാജേന്ദ്രൻ
,, സി.കൃഷ്ണൻ
,, പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ വിഷയത്തിൽ ആരോപണ വിധേയനായ ബഹു. എക്സൈസ് വകുപ്പുമന്ത്രിക്കെതിരെ ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ബിജു രമേശിന്റെ ആക്ഷേപത്തിന്മേൽ വിജിലൻസ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) തിരുവനന്തപുരം മജിസ്ട്രേറ്റ് കോടതിയിൽ സി.ആർ.പി.സി. 164 പ്രകാരം ബിജു നൽകിയ മൊഴി വിജിലൻസ് പരിശോധിക്കുകയുണ്ടായോ ; വിജിലൻസിനു ബഹു. എക്സൈസ് വകുപ്പുമന്ത്രിയെ കുറിച്ച് അന്വേഷണം ആവശ്യപ്പെട്ട് ഇതിനകം ലഭിച്ച പരാതികൾ അന്വേഷണ സംഘം പരിശോധിക്കുകയുണ്ടായോ ;

(സി) പരാതികളിൽ ക്വിക് വെരിഫിക്കേഷൻ നടത്താതെ പ്രാഥമികാന്വേഷണം മാത്രം നടത്തുകയുണ്ടായോ ; ഇതിനായി ഉത്തരവ് നൽകിയത് ഹൈക്കോടതിയുടെ പരാമർശങ്ങൾക്കിരയായ വിജിലൻസ് ഡയറക്ടർ ആയിരുന്നോ ; മുൻ ധനകാര്യ മന്ത്രിയുടെ പരാതിയിൽ ക്വിക് വെരിഫിക്കേഷന് ഉത്തരവിട്ടത് ആരായിരുന്നു ;

(ഡി) പ്രാഥമികാന്വേഷണം നടത്തിയ വിജിലൻസ് ഉദ്യോഗസ്ഥർ ആരായിരുന്നു; ; അവരുടെ അധികാര പരിധിയിലായിരുന്നോ പരാതി ഉണ്ടായിരുന്നത് ; എന്തെല്ലാം പരാതികളിൽ ആരിൽ നിന്നെല്ലാം തെളിവെടുക്കുകയുണ്ടായി ;

(ഇ) വിജിലൻസ് മാന്വലിലും സുപ്രീംകോടതി നിർദ്ദേശങ്ങളിലും വ്യവസ്ഥ ചെയ്തിരുന്ന ഏത് രീതിയിലുള്ള അന്വേഷണമാണ് ബഹു.എക്സൈസ് മന്ത്രിക്കെതിരെയുണ്ടായ പരാതികളിന്മേൽ നടത്തിയത് ;

വിശദമാക്കുമോ ?

<u>വിജിലൻസ് അന്വേഷണം</u>

321. ശ്രീ.എം.എ.ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി, അന്വേഷണ ഉദ്യോഗസ്ഥൻ, അന്വേഷണ വിഷയവുമായി ബന്ധപ്പെട്ട മന്ത്രിസഭാ യോഗത്തിൽ നടന്ന ചർച്ചയും നടപടിക്രമങ്ങളും സംബന്ധിച്ച് യോഗത്തിൽ ഹാജരായിരുന്ന മന്ത്രിയോടോ , ചീഫ് സെക്രട്ടറിയോടോ ചോദ്യങ്ങൾ ചോദിക്കുന്നതിനും വസ്തുത മനസ്സിലാക്കുന്നതിനും, എന്തെങ്കിലും നിയമതടസ്സം ഉണ്ടോ ; എങ്കിൽ ഏത് നിയമവ്യവസ്ഥയാണ് തടസ്സമായി നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ വിഷയവുമായി ബന്ധപ്പെട്ട് ചോദിക്കുന്ന ചോദ്യങ്ങൾക്ക് തങ്ങൾക്കറിയാവുന്ന കാര്യങ്ങൾ വെളിപ്പെടുത്താൻ മന്ത്രിമാർക്കും, ചീഫ് സെക്രട്ടറിയ്ക്കും നിയമപരമായ ബാദ്ധ്യതയുണ്ടോ ;

(സി) ബാർ കോഴ കേസിൽ അന്വേഷണ ഉദ്യേഗസ്ഥൻ ആവശ്യപ്പെട്ടതും ഔദ്യോഗിക പദവിയിലിരുന്നുകൊണ്ട് ഞങ്ങൾക്ക് അറിയാവുന്നതുമായ വിവരങ്ങൾ പറയുവാൻ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ.കെ. ബാബുവും ചീഫ് സെക്രട്ടറിയും വിസമ്മതിച്ചതായി അന്വേഷണ ഉദ്യോഗസ്ഥനായ എസ്.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) ഔദ്യോഗിക പദവിയിലിരിക്കുന്നവർ വ്യവസ്ഥാപിതമായ അന്വേഷണവുമായി സഹകരിക്കുന്നതു സംബന്ധിച്ച നയം വ്യക്തമാക്കുമോ ?

<u>പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിലെ അഴിമതി</u>

322. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി കണ്ടെത്തിയതിനെ തുടർന്ന് വിജിലൻസ് ഡയറക്ടറുടെ ശുപാർശയുടെയടിസ്ഥാനത്തിൽ പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിലെ രണ്ട് ചീഫ് എഞ്ചിനിയർമാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സസ്പെന്റ് ചെയ്തുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പ് സെക്രട്ടറിയ്ക്കും, വിജിലൻസ് ഡയറക്ടർക്കും മുഖ്യമന്ത്രി നൽകിയ നിർദ്ദേശം എന്തായിരുന്നു ; ഇതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) വിജിലൻസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഇ) പൊതുമരാമത്ത് വകുപ്പ്മന്ത്രിയും, ജലവിഭവ വകുപ്പ് മന്ത്രിയും ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പ് മന്ത്രിയ്ക്ക് നേരിട്ടോ, അല്ലാതെയോ പരാതി നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ?

<u>മന്ത്രിമാർക്കെതിരെയുള്ള കേസുകൾ</u>

323. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മന്ത്രിസഭയിലെ മുഖ്യമന്ത്രിയുൾപ്പെടെ ഏതെല്ലാം മന്ത്രിമാർക്കെതിരെ എന്തെല്ലാം ആരോപണങ്ങളാണ് വിവിധ ഘട്ടങ്ങളിലായി വെളിപ്പെട്ട് ഉയർന്നുവന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) നിലവിൽ മുഖ്യമന്ത്രിയുൾപ്പെടെ ഏതെല്ലാം മന്ത്രിമാർക്കെതിരെ ഏതെല്ലാം വിഷയങ്ങളിൽ എത്ര വീതം

വിജിലൻസ്, ക്രൈംബ്രാഞ്ച്, പോലീസ്, സി.ബി.ഐ. കേസുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(സി) മന്ത്രിസഭയിലെ ഏതെല്ലാം അംഗങ്ങൾക്കെതിരായി അഴിമതി നടത്തിയതിന് വിജിലൻസ് കേസെടുത്തിട്ടുണ്ട് എന്നും ഇതിന്റെ ഭാഗമായി എത്ര മന്ത്രിമാർ രാജിവെച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ഡി) ഓരോ മന്ത്രിസഭാംഗത്തിനുമെതിരെ എന്നാണ് കേസെടുത്തതെന്നും, എന്നാണ് രാജിവെച്ചതെന്നും വിശദമാക്കാമോ?

വനം വകുപ്പിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ

324. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ മുതൽ അസിസ്റ്റന്റ് കൺസർവേറ്റർ വരെയുള്ള തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) ജില്ലാതല റിക്രൂട്ട്മെന്റ് നടത്തുന്ന തസ്തികകളിലെ ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) മേൽ തസ്തികകളിലെ ഒഴിവുകൾ എന്ന് മുതൽ നിലവിലുള്ളതാണെന്നും പ്രസ്തുത തസ്തികകളിൽ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ എന്നും വ്യക്തമാക്കുമോ?

വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടി

325. ശ്രീ.വി.എസ്.സുനിൽ കുമാർ
,, ഇ.കെ.വിജയൻ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.കെ.രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമി കയ്യേറ്റങ്ങൾ തിരിച്ചുപിടിച്ച് കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ; ഇത്തരം ഭൂമി എത്ര കാലത്തിനകം ഒഴിച്ചിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 1977-നു ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങൾ തിരിച്ചു പിടിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശമുണ്ടോ;

(സി) ഹൈക്കോടതി നിർദ്ദേശമനുസരിച്ച് ഇതിനകം എത്രപേർക്ക് ഒഴിപ്പിക്കൽ നോട്ടീസ് നൽകി; ഇതിനകം എത്ര പേരെ ഒഴിപ്പിച്ചു;

(ഡി) വനഭൂമി കയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിക്കുന്നതിന് എത്രകാലം വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

ഹരിതശ്രീ പദ്ധതി

326. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
,, വി.റ്റി.ബൽറാം
,, ആർ . സെൽവരാജ്
,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിതശ്രീ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി

327. ശ്രീ.കെ.അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ.മുരളീധരൻ
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാ മെന്ന് വ്യക്തമാക്കുമോ ?

വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ ഭൂനികുതി സ്വീകരിക്കാത്തത് സംബന്ധിച്ച്

328. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വനവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ ഫോറസ്റ്റ് റവന്യൂ അധികൃതർ സംയുക്ത വെരിഫിക്കേഷൻ നടത്തി അതിർത്തി നിർണ്ണയിക്കാത്തതിനാൽ ഭൂനികുതി സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വർഷങ്ങളായി കൈവശം വെച്ച് നികുതി അടച്ചുകൊണ്ടിരുന്ന ഇത്തരം പ്രദേശങ്ങളിലെ ഭൂനികുതി , വെരിഫിക്കേഷന്റെ പേരിൽ തടസ്സപ്പെടുത്തിയത് പരിഹരിക്കാൻ വനം-റവന്യൂ വകുപ്പുകൾ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) സംയുക്ത വെരിഫിക്കേഷൻ അടിയന്തിരമായി പൂർത്തിയാക്കി ടി പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശം

329. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ വന്യജീവികളുടെ വ്യാപകമായ ആക്രമണങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) 2011 ന് ശേഷം സംഭവിച്ച കൃഷിനാശം, മനുഷ്യജീവന് ഉണ്ടായ അപകടം, പരിക്ക്, വളർത്തുമൃഗങ്ങൾക്കുണ്ടായ അപകടങ്ങളും പരിക്കുകളും സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) കൃഷിനാശത്തിന്റേയും, അപകടങ്ങളുടെയും തോത് അനുസരിച്ച് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

**2014-**ലെ ഫോറസ്റ്റ് സർവ്വീസ് റൂൾ

330. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ലെ ഫോറസ്റ്റ് സർവ്വീസ് റൂളിൻെറ ഭേദഗതിയിൽ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും ഭരണഘടനാനുസൃതം ലഭിക്കേണ്ട ഇളവുകൾ കൂട്ടിച്ചേർക്കാൻ വിട്ടുപോയത് പരിഹരിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഫോറസ്റ്റ് റേഞ്ച് ഓഫീസർ തസ്തികയ്ക്ക് പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥിയുടെ ഉയരത്തിൽ 5 സെ.മീ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷനുമായി നടത്തിയ കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകിയ വിശദീകരണത്തിൻെറ പകർപ്പ് ലഭ്യമാക്കാമോ?

<u>കടുവാ സങ്കേതങ്ങൾ</u>

331. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളാണ് കടുവാസങ്കേതങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) വയനാട് ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളാണ് കടുവാ സങ്കേതങ്ങളായി പ്രഖ്യാപിച്ചിരിക്കുന്നതെന്നും ആയതിന്റെ അതിർത്തികൾ എവിടെവരെയാണെന്നും വിശദമാക്കാമോ ;

(സി) വയനാട് ജില്ലയിൽ പുതിയ കടുവാസങ്കേതങ്ങൾ പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ ആയത് സംബന്ധിച്ച സർവ്വെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

<u>ആന വേട്ട</u>

332. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് വന പ്രദേശങ്ങളിൽ ചരിഞ്ഞ കാട്ടാനകൾ എത്രയാണ്; ഇതിൽ കൊമ്പനാനകൾ എത്ര; ആന വേട്ടയിൽ ചരിഞ്ഞ ആനകൾ എത്ര; സംസ്ഥാനത്ത് അവശേഷിക്കുന്ന ആനകൾ എത്രയാണെന്നതിന്റെ കണക്കുകൾ വിശദമാക്കാമോ;

(ബി) ആനകളുടെ മരണം സംബന്ധിച്ച കേന്ദ്ര വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ആയതിൻെ പകർപ്പ് ലഭ്യമാക്കാമോ?

<u>മാവൂരിൽ വെറ്റ് ലാന്റ് കമ്മ്യൂണിറ്റി റിസർവ്</u>

333. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിൽ വെറ്റ് ലാന്റായി മാറിയ പ്രദേശം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുവരുന്ന പക്ഷികളുടെ ഒരു സങ്കേതമായി മാറുകയും ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുകയും ചെയ്യുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥലം ഒരു കമ്മ്യൂണിറ്റി റിസർവ്വാക്കി മാറ്റുന്നത് സംബന്ധിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>സുസ്ഥിര കേരളം പദ്ധതി</u>

334. ശ്രീ.എം.എ. വാഹീദ്

,, കെ.എസ്.ശബരീനാഥൻ

,, പി.സി വിഷ്ണുനാഥ്

,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുസ്ഥിര കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ?

<u>കസ്തൂരി രംഗൻ റിപ്പോർട്ട്</u>

335. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരി രംഗൻ റിപ്പോർട്ട് പ്രകാരം പരിസ്ഥിതിലോല മേഖലയിൽ ഉൾപ്പെട്ടുപോയ ജനവാസകേന്ദ്രങ്ങളും കൃഷി സ്ഥലങ്ങളും കൈവശ ഭൂമിയും ഒഴിവാക്കിക്കിട്ടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധമായി സർക്കാരും കേന്ദ്ര സർക്കാരും നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഇ. എസ്.എ. പരിധിയിൽ ഉൾപ്പെടുത്തേണ്ടതായി കണ്ടെത്തിയ മേഖലകൾ മാത്രം ഉൾപ്പെടുത്തി പുതിയ വില്ലേജുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ജലസമൃദ്ധ കേരളം പദ്ധതി</u>

336. ശ്രീ.വി.റ്റി.ബൽറാം

,, സി.പി.മുഹമ്മദ്

,, ടി.എൻ. പ്രതാപൻ

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ജലസമൃദ്ധ കേരളം പദ്ധതി' നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ?

<u>പൈക പദ്ധതി</u>

337. ശ്രീ.പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈക പദ്ധതിയിൻ കീഴിൽ എന്തെല്ലാം പദ്ധതികളാണ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കി വരുന്നത് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏറനാട് മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) മലപ്പുറം ജില്ലയിൽ പൈക പദ്ധതിയിൻകീഴിൽ നടപ്പിലാക്കിയ പദ്ധതികൾ നിയോജകമണ്ഡലം തിരിച്ച് വിശദാംശം നൽകുമോ ?

ദേശീയ ഗെയിംസ്

338. ശ്രീ.ജോസഫ് വാഴയ്ക്കൻ

,, വി.റ്റി.ബൽറാം

,, അൻവർ സാദത്ത്

,, ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ദേശീയ ഗെയിംസ് നടത്തുകയുണ്ടായോ; വിശദമാക്കുമോ;

(ബി) സ്പോർട്സ് രംഗത്ത് എന്തെല്ലാം നേട്ടങ്ങളാണ് ഇതുമൂലം കൈവരിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സ്പോർട്സ് രംഗത്ത് ഇതുമൂലം ഉണ്ടായത്?

പുതിയ സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

339. ശ്രീ.റോഷി അഗസ്റ്റിൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സ്പോർട്സ് സ്കൂളുകളാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ സ്പോർട്സ് സ്കൂളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ അതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

നാഷണൽ ഗെയിംസ്

340. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടന്ന നാഷണൽ ഗെയിംസിനായി ആകെ എത്ര തുകയാണ് ചെലവഴിച്ചതെന്നും ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്ര വീതമെന്നും വ്യക്തമാക്കുമോ;

(ബി) നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചോ ; ഇല്ലെങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നാഷണൽ ഗെയിംസിനായി തയ്യാറാക്കിയ സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനത്തിനായി സംസ്ഥാന കായിക വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) നാഷണൽ ഗെയിംസിനായി അനുവദിച്ച തുക ഇതിന്റെ തുടർപരിപാലനത്തിനായി വക കൊള്ളിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

യുവശക്തി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്

341. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ യുവശക്തി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് സമർപ്പിച്ചിരിക്കുന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ ഏതെല്ലാം വകുപ്പുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്ലബ്ബിന് ഡേ ബോർഡിംഗ് സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ചാലക്കുടി ഗവൺമെന്റ് കോളേജ് -ഗ്യാലറി നിർമ്മാണം</u>

342. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഗ്യാലറിയും, സിന്തറ്റിക് ഫ്ലോറിംഗും നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ b ആയതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

<u>കാസർകോട് ജില്ലയിൽ ഇൻഡോർ സ്റ്റേഡിയം</u>

343. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ മൂന്നാമത്തെ ജനസമ്പർക്ക പരിപാടിയിൽ കാസർകോട് ജില്ലയ്ക്കായി പ്രഖ്യാപിച്ച പദ്ധതികളിൽ ഒന്നായ ഇൻഡോർ സ്റ്റേഡിയം എവിടെ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി നീക്കിവച്ച സ്ഥലവും അനുവദിച്ച തുകയും എത്രയാണ്; വ്യക്തമാക്കാമോ;

(സി) നിർമ്മാണം എപ്പോൾ തുടങ്ങാൻ ആണ് ഉദ്ദേശിക്കുന്നത്?

<u>കുട്ടനാട്ടിലെ നീന്തൽകുളം നിർമ്മാണം</u>

344. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള നീന്തൽ പരിശീലനം ലഭ്യമാക്കുന്നതിനായി സ്പൈസൽ പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തി നീന്തൽകുളം നിർമ്മിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൻമേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

<u>കെ.എസ്.ആർ.ടി.സി ബസുകളിലെ മിനിമം ചാർജ്</u>

345. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ കെ.എസ്.ആർ.ടി.സി ബസ്ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട് ;

(ബി) 2005 മേയ് മാസത്തിൽ കെ.എസ്.ആർ.ടി.സിയുടെ മിനിമം ചാർജ് എത്രയായിരുന്നു ; ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി, സൂപ്പർഫാസ്റ്റ്, എക്സ്പ്രസ്സ്, ഡീലക്സ് എന്നിവയുടെ മിനിമം ചാർജ് പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ ;

(സി) 2011 മേയ് മാസത്തിലെ മേൽ വിഭാഗം ബസുകളുടെ മിനിമം ചാർജ് എത്രയായിരുന്നു; ഇപ്പോഴത്തെ മിനിമം ചാർജ് എത്ര വീതമാണ് വ്യക്തമാക്കാമോ?

<u>കെ.എസ്.ആർ.ടി.സി ഷെഡ്യൂളുകൾ</u>

346. **ശ്രീമതി.ജമീലാ പ്രകാശം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ വിഴിഞ്ഞം, പൂവ്വാർ ഡിപ്പോകളിൽ നിന്ന് എത്ര ഷെഡ്യൂളുകൾ വീതമാണ് ഓപ്പറേറ്റ് ചെയ്യേണ്ടത്;

(ബി) ഇപ്പോൾ എത്ര ഷെഡ്യൂളുകൾ വീതമാണ് ഓപ്പറേറ്റ് ചെയ്യുന്നത്;

(സി) പ്രസ്തുത ഡിപ്പോകളിൽ പ്രവർത്തനക്ഷമമായ എത്ര ബസുകൾ വീതം ഉണ്ട്;

(ഡി) പ്രസ്തുത രണ്ടു ഡിപ്പോകളുടെയും ബസുകൾ ഓപ്പറേറ്റ് ചെയ്യുന്നത് ദേശസാൽകൃത മേഖലയിൽ മാത്രമാണെന്നുള്ള വസ്തുത കണക്കിലെടുത്ത് ഈ ഡിപ്പോകളിലേക്ക് കൂടുതൽ ബസുകൾ അനുവദിക്കാൻ തയ്യാറാകുമോ?

കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക സ്ഥിതി

347. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യ്ക്ക് ഇപ്പോൾ പ്രവർത്തനക്ഷമമായതും, സർവ്വീസ് നടത്തുന്നതുമായ എത്ര ബസ്സുകൾ ഉണ്ടെന്നും ആകെ ജീവനക്കാർ എത്രയെന്നും വ്യക്തമാക്കുമോ;

(ബി) 2010-11 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യുടെ മൊത്ത വരുമാനം എത്ര കോടി രൂപയായിരുന്നു; 2014-15 വർഷത്തെ മൊത്ത വരുമാനം എത്ര കോടിയാണ്; 2015-16 വർഷത്തെ ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന മൊത്ത വരുമാനം എത്ര കോടിയാണ്;

(സി) കെ.എസ്.ആർ.ടി.സി. 2010-11 -ന് ശേഷം നാളിത് വരെ എത്ര തവണ ബസ് ചാർജ് വർദ്ധിപ്പിക്കുകയുണ്ടായി; ഓരോ തവണയും വർദ്ധിപ്പിച്ചത് എത്ര ശതമാനം വീതമായിരുന്നു;

(ഡി) 2010-11 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം മൊത്തം എത്ര കോടി രൂപയായിരുന്നു. 2014-15 വർഷത്തിൽ ഇത് എത്ര കോടിയായി വർദ്ധിച്ചു; കെ.എസ്.ആർ.ടി.സി യുടെ ഇപ്പോഴത്തെ കട ബാധ്യതകൾ മൊത്തം എത്ര കോടി രൂപയാണ്?

കെ.എസ്.ആർ.ടി.സി. കണ്ടക്ടർ ആയ ശ്രീ .എ സുലൈമാന്റെ പേർസണൽ സ്റ്റാഫ് നിയമനം

348. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ കണ്ടക്ടറായ ശ്രീ. സുലൈമാൻ എ. എന്ന് മുതൽക്കാണ് പേഴ്സണൽ സ്റ്റാഫിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടത് ;

(ബി) ടിയാന്റെ ഡെപ്യൂട്ടേഷൻ കാലത്തേക്കുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പൂർണ്ണമായി കെ.എസ്.ആർ.ടി.സി. യിൽ ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതൊക്കെ കാലയളവിലുള്ളതാണ് ഇനി ലഭിക്കാനുള്ളത് ; വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് ടിയാളുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് നിർദ്ദേശം നൽകുമോ ?

കെ.എസ്.ആർ.ടി.സി. റിസർവ് കണ്ടക്ടർ, ഡ്രൈവർ നിയമനം

349. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റികളിൽ നിന്നും കെ.എസ്.ആർ.ടി.സി റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ തസ്തികയിലേക്ക് എത്രപേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിരുന്നു;

(ബി) പി.എസ്.സി. ശിപാർശ നൽകിയ എത്രപേർക്ക് പ്രസ്തുത തസ്തികയിൽ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) നിയമന ശിപാർശ ലഭിച്ച എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇപ്പോൾ റിസർവ് കണ്ടക്ടർ, റിസർവ് ഡ്രൈവർ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്?

കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്

350. ശ്രീ.പാലോട് രവി
,, പി.സി വിഷ്ണുനാഥ്
,, എം.എ. വാഹീദ്
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പാക്കേജ് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ

351. ശ്രീമതി.ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ കേരളത്തിലാകെ എത്ര ബസ് ഷെഡ്യൂളുകൾ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്തിരുന്നു എന്ന് അറിയിക്കുമോ;

(ബി) പിന്നീട് എത്ര ഷെഡ്യൂളുകൾ നിർത്തലാക്കി എന്നും നിലവിൽ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്നും വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.യുടെ ബാധ്യതകൾ

352. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ശമ്പളം, പെൻഷൻ തുടങ്ങിയ ഇനത്തിൽ 2015 നവംബർ 30 ന് കൊടുക്കേണ്ടതായ തുക എത്ര; നിലവിൽ ഈ ഇനത്തിൽ നല്കാനുള്ള തുക എത്ര;

(ബി) ഡീസൽ, ആട്ടോമൊബൈൽ സ്പെയർ പാർട്ടുകൾ തുടങ്ങി ഏതെല്ലാം ഇനത്തിൽ എന്തു തുക വീതം ബാധ്യതയായുണ്ട്;

(സി) സർക്കാർ പ്രഖ്യാപിച്ച സഹായങ്ങൾ എല്ലാം കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഇനി അവശേഷിക്കുന്നത് എത്ര;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി വാങ്ങിയ ബസ്സുകൾ എത്രയാണ്; ശേഷിക്കുന്ന കാലയളവിൽ പുതുതായി വാങ്ങുന്നതിന് അനുമതി നല്കിയ ബസ്സുകൾ എത്രയാണ്;

(ഇ) നിലവിൽ ഗതാഗതയോഗ്യമായ ബസ്സുകൾ എത്ര; അല്ലാത്തവ എത്ര; വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളുകളെ സംബന്ധിക്കുന്ന വിവരം

353. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം കെ.എസ്.ആർ.ടി.സി അതിന്റെ എത്ര ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടുണ്ട്; ഏതെല്ലാം ഡിപ്പോകളിലെ എത്രവീതം ഷെഡ്യൂളുകളാണ് വെട്ടിക്കുറച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി ക്ക് ഇപ്പോൾ എത്ര ബസ്സുകൾ ഉണ്ട്; വിവിധ ഗ്യാരേജുകളിൽ കട്ടപ്പുറത്തായ ബസ്സുകൾ മൊത്തം എത്ര?

കെ.എസ്.ആർ.റ്റി.സി. ജീവനക്കാരുടെ ഐ.ഡി കാർഡ് പരിഷ്ക്കരണം

354. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.റ്റി.സിയിൽ ജീവനക്കാർക്ക് നിലവിലുണ്ടായിരുന്ന ഐ.ഡി കാർഡ് പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതുപ്രകാരം ഏതെല്ലാം തലത്തിലുള്ള എത്ര ജീവനക്കാർക്ക് പരിഷ്ക്കരിച്ച് നൽകി;

(സി) ഈ പരിഷ്ക്കരണത്തിന് ചെലവായ തുക എത്ര; ഇതിന്റെ ഉറവിടം വ്യക്തമാക്കുമോ?

എടത്വ കെ.എസ്.ആർ.ടി.സി. ഓഫീസ് കെട്ടിട നിർമ്മാണം

355. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള എടത്വ കെ.എസ്.ആർ.ടി.സി. ഓഫീസ് കെട്ടിട നിർമ്മാണം എത്രത്തോളം പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഓഫീസ് കെട്ടിടത്തിന്റെ മുൻവശത്ത് കൂട്ടിയിട്ടിരിക്കുന്ന സ്ക്രാപ്പും വേസ്റ്റും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) കെട്ടിടം അടിയന്തരമായി തുറന്ന് കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ബസ്സ് ചാർജിന് സെസ്സ്

356. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്സ് ചാർജിന് സെസ്സ് ഏർപ്പെടുത്തിയതു വഴി ഇതുവരെ എത്ര തുകയാണ് സമാഹരിക്കാൻ കഴിഞ്ഞതെന്നും ഈ തുക എന്തിനാണ് ചെലവഴിച്ചതെന്നും അറിയിക്കുമോ?

അന്തർ സംസ്ഥാന ബസ് സർവ്വീസ്

357. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഏതെല്ലാം സംസ്ഥാനങ്ങളിലേയ്ക്ക് ബസ് സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ടി സംസ്ഥാനങ്ങളിൽ ഓരോന്നിലേയ്ക്കും എത്ര സർവ്വീസുകൾ വീതം ഓപ്പറേറ്റ് ചെയ്യുന്നുണ്ടെന്ന് ഡിപ്പോ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് കേരളത്തിലേയ്ക്ക് ബസ് സർവ്വീസ് അനുവദിച്ചിട്ടുള്ളത് എന്നും എത്ര ബസുകൾ ഇത്തരത്തിൽ സർവ്വീസ് നടത്തുന്നുണ്ടെന്ന് സംസ്ഥാനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി നടത്തുന്ന അന്തർ സംസ്ഥാന സർവ്വീസുകളിൽ നഷ്ടം വരുത്തിവെക്കുന്നവ

ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>അങ്കമാലി ബസ്സ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടലേലം</u>

358. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.റ്റി.ഡി.എഫ്.സി - കെ.എസ്.ആർ.ടി.സി സംയുക്ത സംരംഭവും കേരളത്തിലെ പൈലറ്റ് പ്രോജക്ടുമായി പ്രവർത്തനമാരംഭിച്ച അങ്കമാലി ബസ്സ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലെ എത്ര സ്ഥലം ഇനിയും ലേലത്തിൽ പോകേണ്ടതായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലം ലേലത്തിൽ പോകുവാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) സ്ഥലങ്ങൾ ലേലത്തിൽ പോയ ഇനത്തിൽ ലഭ്യമായിട്ടുള്ള വരുമാനത്തിന്റെ കണക്ക് വെളിപ്പെടുത്തുമോ;

(ഇ) അങ്കമാലി ടൗണിലെ സമീപപ്രദേശങ്ങളിൽ ഇത്രയും സൗകര്യം ഇല്ലാത്തതും ജനബാഹുല്യവുമില്ലാത്തതുമായ പ്രദേശങ്ങളിൽ പണിത ഷോപ്പിംഗ് കോംപ്ലക്സുകൾ വരെ വാടകയ്ക്കും വിൽപനയ്ക്കും സുഗമമായി പോയിട്ടുംപ്രസ്തുത കോംപ്ലക്സിലെ സ്ഥലം ലേലത്തിന് പോകാത്തതിനെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(എഫ്) പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഡ്രൈവിംഗ് ലൈസൻസ്</u>

359. **ശ്രീ.എം.പി.വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസ് ആധാറുമായി ലിങ്ക് ചെയ്യുമോ;

(ബി) ലൈസൻസ് നൽകുന്ന സംവിധാനങ്ങൾ കാലോചിതമായി പരിഷ്കരിക്കുമോ?

<u>വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങൾ</u>

360. **ശ്രീ.എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വാഹനാപകട തോത് കുറയ്ക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

<u>വാഹനത്തിരക്കും റോഡിന്റ ശോചനീയാവസ്ഥയും</u>

361. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ.എസ്.ആർ.റ്റി.സി ബസുകളുടെയും സ്വകാര്യ ബസുകളുടെയും സമയക്രമവും റണ്ണിംഗ് ടൈമും നിശ്ചയിച്ച് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) റോഡുകളുടെ ശോചനീയാവസ്ഥ പരിഗണിച്ച് റണ്ണിംഗ് ടൈമിൽ പുനക്രമീകരണം നടത്തി നൽകാറുണ്ടോ ;

(സി) റോഡുകളുടെ ശോചനീയാവസ്ഥയും വാഹനത്തിരക്കും മറ്റും കാരണം സമയ നഷ്ടമുണ്ടാകുന്ന

സാഹചര്യത്തിൽ സമയകൃത്യത പാലിക്കുന്നതിനായി ഡ്രൈവർമാർ നടത്തുന്ന മത്സരയോട്ടം അപകടങ്ങൾ ഉണ്ടാക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ കെ.എസ്.ആർ.റ്റി.സി, സ്വകാര്യ ബസുകളുടെ സമയക്രമം, റണ്ണിംഗ് ടൈം എന്നിവ റോഡുകളുടെ ശോചനീയാവസ്ഥ കൂടി കണക്കിലെടുത്ത് പുനക്രമീകരണം നടത്തി നൽകുന്ന കാര്യം പരിഗണിക്കുമോ ?

വള്ളിക്കാപ്പറ്റയിൽ ബസ് സ്റ്റോപ്പ്

362. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ - മഞ്ചേരി റൂട്ടിലെ വള്ളിക്കാപ്പറ്റയിൽ കെ.എസ്.ആർ.ടി.സിയുടെ ദീർഘദൂര ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടും ഇത് വരെ സ്റ്റോപ്പ് അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സിയുടെ ദീർഘദൂര ബസ്സുകൾക്ക് വള്ളിക്കാപ്പറ്റയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

അമിത വേഗം നിയന്ത്രിക്കുന്നതിന് നിരീക്ഷണ ക്യാമറകൾ

363. ശ്രീ.സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ടൗണിൽ ചങ്ങനാശ്ശേരി ബൈപാസ്സിൽ വാഹനങ്ങളുടെ അമിത വേഗം നിയന്ത്രിക്കുന്നതിന് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അപകടങ്ങൾ സാധാരണമായ പ്രസ്തുത റോഡിൽ ക്യാമറകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

മോട്ടോർ വാഹന നികുതി വർദ്ധന

364. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മോട്ടോർ വാഹന നികുതി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പ്രാവശ്യം; എത്രമാത്രം വർദ്ധനവാണ് നടത്തിയിട്ടുള്ളത്; ഈയിനത്തിൽ എത്ര രൂപയുടെ അധിക വരുമാനമാണ് നേടാൻ കഴിഞ്ഞത്?

മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച്

365. ശ്രീ.ബെന്നി ബെഹനാൻ

,, ഐ.സി.ബാലകൃഷ്ണൻ

,, സണ്ണി ജോസഫ്

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

<u>അമിതവേഗത്തിൽ വാഹനം ഓടിച്ചതിന്റെ ശിക്ഷ</u>

366. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതവേഗത്തിൽ വാഹനം ഓടിച്ചതിന്റെ പേരിൽ സംസ്ഥാനത്ത് എത്ര പേരുടെ ഡ്രൈവിംഗ് ലൈസൻസ് മൂന്ന് മാസ കാലയളവിലേക്ക് സസ്പെന്റ് ചെയ്യുകയുണ്ടായി;

(ബി) മദ്യപിച്ച് വാഹനം ഓടിച്ച എത്ര പേർക്ക് തടവ് ശിക്ഷ ഉറപ്പാക്കുകയുണ്ടായി;

(സി) റോഡ് സുരക്ഷാ നടപടികൾക്കായി സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് കെ.എസ്.രാധാകൃഷ്ണൻ സമിതി സംസ്ഥാനത്തിന് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; അവയിൽ നടപ്പിലാക്കിയത് ഏതൊക്കെ; നിർദ്ദേശം ലഭിച്ചത് ഏത് തിയതിയിലായിരുന്നു; എന്നുമുതൽ നടപ്പിലാക്കുകയുണ്ടായി?

<u>ജല ഗതാഗത വകുപ്പ്</u>

367. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ഗതാഗത വകുപ്പിന്റേത് ഉൾപ്പടെ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിലായി സർവ്വീസ് നടത്തി വരുന്ന ബോട്ടുകൾ എത്രയാണ്;

(ബി) സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സർവ്വീസ് നടത്തി വരുന്ന ബോട്ടുകളുടെയെല്ലാം ഓഡിറ്റ് നടത്തിയിട്ടുണ്ടോ; തന്നാണ്ടിൽ അവശേഷിക്കുന്ന ആഡിറ്റ് എത്ര;

(സി) സർവേ സർട്ടിഫിക്കറ്റ് ഇല്ലാതെ എത്ര ബോട്ടുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട് നിലവിലുള്ള ബോട്ടുകളിൽ മരം കൊണ്ട് നിർമ്മിച്ചിട്ടുള്ളത് എത്ര; സ്റ്റീൽ കൊണ്ട് നിർമ്മിച്ചിട്ടുള്ളവ എത്ര;

(ഡി) ബോട്ടുകളുടെ ചുമതലയുള്ള വകുപ്പിനാവശ്യമായ സർവേയർമാർ എത്ര ; നിലവിലുള്ളവർ എത്ര?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി.ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
21-11-2015

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].